# *വാതിലിന്റെ താക്കോൽ*

ടെബർണക്കിളിൽ ആയിരിക്കാനുള്ള ഒരു പദവി! ഞാനും കൂടെ, ഇത് പ്രതീക്ഷിച്ചിരുന്നതല്ല. എനിക്ക്, ഈ രാത്രി തിരുവത്താഴ രാത്രിയാണെന്ന് അറിയാം, ഞാൻ ചുറ്റിനും എവിടെയെങ്കിലും ഉണ്ടെങ്കിൽ, തിരുവത്താഴത്തിനായി വരാൻ ഞാൻ എപ്പോഴും ഇഷ്ടപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഇത്...എല്ലാ ക്രിസ്ത്യാനികളും തിരുവത്താഴം എടുത്തിരിക്കണം എന്നു പ്രതീക്ഷിക്കുന്നു എന്നു ഞാൻ കരുതുന്നു, കാരണം യേശു പറഞ്ഞു, "നിങ്ങൾ ഇത് ഭക്ഷിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് എന്നോടു കൂടെ പങ്കില്ല." അതിനാൽ, അതൊരു...ടെബർണക്കിളിലേക്ക് വരുന്നത്—എപ്പോഴും ഒരു വലിയ പദവിയാണ്. പിന്നെ, ഇന്ന് രാത്രി, നെവിൽ സഹോദരന് ഒരു ചെറിയ തൊണ്ടയടപ്പുണ്ടെന്നു അദ്ദേഹം പറഞ്ഞിരുന്നു, കൂടാതെ— കൂടാതെ ഞാൻ സഭയോട് സംസാരിക്കാനും ഇഷ്ടപ്പെട്ടിരുന്നു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു അങ്ങനെ ചെയ്യുന്നതിൽ എനിക്കും സന്തോഷമുണ്ട്. കൂടാതെ ഇതും കൂടെ പ്രഖ്യാപിക്കാൻ ഞാൻ ആഗ്രഹിക്കുന്നു...

2 നാളെ രാത്രി പുരുഷന്മാരുടെ യോഗമാണ്, ട്രസ്റ്റികളുടെ, നാളെ രാത്രിയിൽ, ഇവിടെ ആലയത്തിലുള്ള വാണിജ്യക്കാരുടെ, അവരുടെ പതിവായിട്ടുള്ള തിങ്കളാഴ്ച രാത്രി യോഗത്തിൽ അവരുടെ... കരാറുകാരനുമായി ഒരു തീരുമാനം എടുക്കാനുണ്ട്. നമ്മുടെ— നമ്മുടെ—നമ്മുടെ പേപ്പറുകൾ കടന്നു പോയത് നിങ്ങൾക്ക് എല്ലാവർക്കും അത് മനസ്സിലായെന്നും, ആലയം പണിയാൻ സാധിക്കുന്നതിലേക്ക് നാം പൊയിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഇത് കടന്നു പോയിരിക്കുകയും, മിക്കവാറും ഈ ആഴ്ചയിൽ ആരംഭിക്കുകയും ചെയ്യും. എന്റെ അറിവു പ്രകാരം, ഈ ആഴ്ച ആലയത്തിന്റെ പണി ആരംഭിക്കും. ഇവിടെ ജെഫേഴ്സൺവില്ലെയിൽ, അതിനെ അവർ നിരസിച്ചിരുന്നു. പക്ഷേ ഞങ്ങൾ സംസ്ഥാനമായ, ഇൻഡ്യാനപൊലിസിലേക്ക് പോയി, അവർ ഞങ്ങൾക്ക് അനുമതി നൽകുന്നു, അതിനാൽ ഞങ്ങൾ അത് നിർമ്മിക്കാൻ പോകുകയാണ്. അങ്ങനെ ഇത്, മിക്കവാറും, ഈ ആഴ്ച ആരംഭിക്കുകയാണ്. നാളെ രാത്രിയിലെ യോഗത്തിനു ശേഷം ഇത് അറിയിക്കുന്നതാണ്. നാളെ രാത്രിയിലെ യോഗത്തിനു ശേഷം, അവർക്ക് ഈ ആഴ്ച ആരംഭിക്കാൻ സാധിച്ചില്ലെങ്കിൽ, എന്തെങ്കിലും സംഭവിച്ചിട്ട്, കരാറുകാരന് ഈ ആഴ്ച ആരംഭിക്കാൻ കഴിഞ്ഞില്ലെങ്കിൽ, അദ്ദേഹം അടുത്തയാഴ്ച ആരംഭിക്കും.

3 ഈ വരുന്ന വാരാന്ത്യത്തിൽ, ശനിയാഴ്ച രാത്രി, ഞായറാഴ്ച രാവിലെയും ഞായറാഴ്ച രാത്രിയും, അടുത്ത ആഴ്ച, ഈ അടുത്തു വരുന്ന ശനിയാഴ്ചയും ഞായറാഴ്ചയും, കർത്താവിന്റെ ഇഷ്ടമെങ്കിൽ, വീണ്ടും, എനിക്ക് ഒരു—ഒരു—ഒരു ത്രികോണ യോഗം നടത്തേണം, കുറെ ആഴ്ചകൾക്ക് മുമ്പ് നമ്മൾ ചെയ്തതു പോലെയാണ്. അതിനുശേഷം ഞങ്ങൾ...അത് ശനിയാഴ്ച രാത്രി ആയിരിക്കും, തുടർന്ന് ഞായറാഴ്ച രാവിലെയും, പിന്നെ ഞായറാഴ്ച രാത്രിയും. ഈ അടുത്തത്, അത് ഈ മാസത്തിന്റെ പതിമൂന്നിനും പതിനാലിനും ആയിരിക്കും.

4 പിന്നെ ആ സമയത്തിനു ശേഷം ഞാനും ചില സഹോദരന്മാരും ചേർന്ന്, കൊളറാഡോയിലേക്ക് പോകുന്നു, ഒരു വേട്ടയാടൽ യാത്രയ്ക്കാണ്, അതുകഴിഞ്ഞ് തിരികെ വരും. ടെബർണക്കിൾ, അത് പൂർത്തിയാകുമ്പോൾ, അത് കർത്താവിന്റെ ഇഷ്ടമെങ്കിലാണ്, ഒരുപക്ഷേ, യോഗത്തിനായി വീണ്ടും പുറപ്പെടുന്നതിന് മുമ്പ് ഒരാഴ്ച മുഴുവൻ, വെളിപ്പാടിലെ *ഏഴ് മുദ്രകൾ,* എടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അല്പം മുമ്പ്...നമുക്ക് *ഏഴ് സഭാ കാലങ്ങൾ* ഉണ്ടായിരുന്നതുപോലെ, ഇപ്പോൾ അതിനെ പിന്തുടർന്ന് *ഏഴ് മുദ്രകൾ*.

5 മിക്കവാറും അടുത്ത രണ്ടോ മൂന്നോ ആഴ്ചയ്ക്കുള്ളിൽ ആയിരിക്കും, കാരണം അവർ അത് ആവശ്യപ്പെട്ടിട്ട്, അതിനുള്ള ആളുകളെ അവർ അവിടെ നിയമിക്കാൻ പോകുന്നു, അവർക്ക് കഴിയും, നമുക്ക് ടെബർണക്കിൾ പണിയാനും ഏകദേശം പത്തു ദിവസത്തിനുള്ളിൽ, അല്ലെങ്കിൽ പതിനഞ്ച്, അങ്ങനെ എന്തെങ്കിലുമായിട്ട് അതു കിട്ടുന്നതാണ്. അപ്പോൾ നമുക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്നതിൽ ഇരട്ടി ജനങ്ങൾക്കോ, അല്ലെങ്കിൽ മൂന്ന് ഇരട്ടിയോ അതിൽ കൂടുതലോ, ജനങ്ങൾക്ക് ഇരിക്കാനുള്ള മുറി ഇവിടെയുണ്ടാകും. ആ സമയം വരെ ആ രീതിയിൽ തന്നെ ഞാൻ ആയിരിക്കാൻ പോകുന്നു.

6 കാരണം, കഴിഞ്ഞ ശനിയാഴ്ചയും ഞായറാഴ്ചയും, അത് ഭയങ്കരമായിരുന്നു എന്നു, നിങ്ങൾക്കറിയാം. ടെബർണക്കിൾ നിറഞ്ഞിട്ട്, ഉച്ച കഴിഞ്ഞ രണ്ട് മണി സമയം ജനങ്ങൾ ഇവിടെ പുറത്തു നിൽക്കുന്നുണ്ടായിരുന്നു, അതോ ആലയം തുറക്കുന്നതിനും മുമ്പായിരുന്നു. പിറ്റേന്ന് രാവിലെ, അഞ്ച് മണിക്ക്, എന്റെ അടുത്തായി താമസിക്കുന്ന ഒരു നഴ്സ്, അവിടെ നിന്ന് മുകളിലേക്ക് വന്നിട്ട്, പറഞ്ഞു, "ഏകദേശം രാവിലെ അഞ്ച് മണിക്ക് അവിടെ ടെബർണക്കിളിനു ചുറ്റും ആളുകൾ തിങ്ങി നിറഞ്ഞിരുന്നു." അതിനാൽ, ആളുകൾ, അവർ കടന്നു വരുമ്പോൾ, അവിടെ സ്ഥലമില്ലാതാകുന്നു, അവർ നിരുത്സാഹിതരായി അവർ തിരികെ പോകുകയും ചെയ്യുന്നു.

കൂടാതെ—കൂടാതെ പിന്നെ നിൽക്കുന്നവരോ, കൂടി വന്നിട്ട് അവർ ഇടനാഴികളിൽ ഞെരുങ്ങി ഇരിക്കുന്നു, എല്ലാം ഇടുങ്ങിയതും, മറ്റുമായി അവർക്ക് തോന്നുന്നു. കൂടാതെ സ്ത്രീകൾ അവിടെ നിൽക്കുന്നത് ഞാൻ കാണുന്നു, വിയർക്കുന്നു, നിങ്ങൾക്കറിയാം, അതുപോലെ, വിയർപ്പ് അവരിൽ നിന്ന് ഒഴുകുന്നു. ചില പുരുഷന്മാർ അവന്റേതിനെ ഉപേക്ഷിച്ച്, ഏതെങ്കിലും സ്ത്രീയ്ക്ക് ഒരു കസേര കൊടുക്കുന്നു; പിന്നെ അവൻ തന്റെ കാലുകൾ വേദനിക്കുന്നതു വരെ നിൽക്കും, അപ്പോൾ മറ്റാരെങ്കിലും അവനു കൊടുക്കുന്നു. നിങ്ങൾക്കറിയാം, അതുപോലെ ആയിട്ട്, ഇത് ദയനീയമാണ്, രോഗികളായ കുട്ടികളുള്ള അമ്മമാരും മറ്റുമായി, ഇത് മോശമാണ്.

7 അതിനാൽ, ഒരു വലിയ ടെബർണക്കിൾ പണിയുന്നതിലൂടെ ഞങ്ങൾ ഇപ്പോൾ അത് ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. കൊച്ചു കുട്ടികൾ കരയുമ്പോൾ, പലപ്പോഴും...തടസ്സപ്പെടുന്നു, അതിനാൽ നമുക്ക് നല്ലൊരു സ്ഥലം നമുക്കുണ്ടാകും; ശരി, നമുക്ക് അതിനായി ഒരു മുറി ഉണ്ടാകും, അതിനാൽ അമ്മമാർക്ക് അകത്തേക്ക് പോകാനും, അപ്പോഴും ശുശ്രൂഷ കാണാനും കഴിയും, മുറിയിലേക്ക് തന്നെ പ്രക്ഷേപണം ചെയ്യുന്നതാണ്. കൂടാതെ സണ്ടേ സ്കൂൾ മുറികളും മറ്റും അതെല്ലാം എങ്ങനെ ആയിരിക്കണമോ അങ്ങനെ തന്നെ ആയിരിക്കണം. അത്, കർത്താവിന്റെ ഇഷ്ടമെങ്കിൽ, ഈ വരുന്ന ആഴ്ചയിൽ, ഉണ്ടാകാൻ പോകുന്നു.

8 നിങ്ങൾ എല്ലാവരും അതിൽ നൂറു ശതമാനം വോട്ട് ചെയ്തു, അതിനാൽ ഞങ്ങൾ അതിനോട് യോജിക്കുന്നു, നോക്കൂ. സഭയ്ക്കാണ് പരമാധികാരം ഉള്ളത്. സഭ എന്താണ് പറയുന്നത്, അതാണ് അത്. ട്രസ്റ്റികളോ മറ്റാരുമല്ല...ട്രസ്റ്റികൾക്കും ഒരേ ഒരു വോട്ടേ ഉള്ളൂ. പാസ്റ്റർക്കും ഒരു വോട്ട് മാത്രമാണുള്ളത്. ഇത് സഭയാണ്, അത് ഇതാണ്—ഇതാണ് സഭയുടെ ജനാധിപത്യം, സഭയുടെ പരമാധികാരം. സഭ, മൊത്തത്തിൽ, സംസാരിക്കുന്നു. അത്രയേയുള്ളൂ. നമ്മൾ അത് ഇഷ്ടപ്പെടുന്നു, കാരണം നമുക്ക് ബിഷപ്പുമാരോ അതോ അധികാരികളോ അതുമല്ല മേൽവിചാരകരോ അതുമല്ലെങ്കിൽ അങ്ങനെയോ മറ്റോ ആയി *ഇതോ, അതോ,* അതല്ല *മറ്റേതോ* നമ്മോട് പറയാൻ ഇല്ല. അത് സഭയിലെ പരിശുദ്ധാത്മാവാണ്, സംസാരിക്കുന്നത്. എനിക്ക് ആ നിയമം ഇഷ്ടമാണ്, ഇത് വളരെ മികച്ചതാണ്.

9 ഞാൻ ചോദിച്ചു, "ടെബർണക്കിളിനെ നീക്കിയിട്ട് ഒരു വലിയ ആലയം പണിയുന്നതു വരെ നിങ്ങൾ എല്ലാവരും കാത്തിരിക്കാൻ ആഗ്രഹിക്കുന്നോ?" അത് ട്രസ്റ്റി ബോർഡിലായിരുന്നു, അത്

ട്രസ്റ്റികൾക്ക് പരിഹരിക്കാനായില്ല. പിന്നെ അവർ എന്നോട് പറഞ്ഞു, പൊതുവായ മേൽവിചാരകൻ എന്ന നിലയിൽ, ആലയത്തിൽ വന്ന് ചോദിക്കണം. അങ്ങനെ ഞാൻ പറഞ്ഞു, "ഇപ്പോൾ സഭയുടെ വലിപ്പം വർദ്ധിപ്പിക്കാനും വ്യത്യസ്തമായ എല്ലാം ശരിയാക്കാനും നമുക്ക് മതിയായ പണമുണ്ട്, എല്ലാം ഉണ്ടെങ്കിൽ, പിന്നെ നമുക്ക് വേണ്ടത് എന്താണ്." ഞാൻ പറഞ്ഞു, "ഇപ്പോൾ നമുക്ക് അത് ഉടനടി ചെയ്യാൻ കഴിയും, ആലയം പൂർത്തീകരിക്കുയോ അതോ, പുതിയത്, മറ്റ് എവിടെയെങ്കിലും സ്ഥാപിക്കാൻ നമുക്ക് മതിയാകുന്നതു വരെ പണം സൂക്ഷിക്കുകയോ ചെയ്യുക."

10 ആലയത്തിൽ ഞങ്ങൾ അതിന്മേൽ വോട്ടിട്ടു, ഇപ്രകാരം ഏകകണ്ഠമായി വോട്ട് ചെയ്തു "സഭ ഇപ്പോൾ തന്നെ ഉയർത്തുക, അതിനാൽ ഇപ്പോൾ ഒരു വലിയ ആലയം പണിയുകയാണ്." നമ്മൾ അതുമായി ശരിയായി നിൽക്കുന്നു.

11 ഇവിടെ ജെഫേഴ്സൺവില്ലിലെ ബോർഡ് ഞങ്ങളെ നിരസിച്ചിട്ട്, ഞങ്ങൾക്ക് ഇത് ചെയ്യാൻ കഴിയില്ലെന്ന് പറഞ്ഞു. ഞങ്ങൾ അത് മറികടന്ന്, ഇൻഡ്യാനപൊലിസിലേക്ക് പോയി സംസ്ഥാനത്തിൽ അത് എത്തിച്ചു. പിന്നെ അവർ, അത്, "മുന്നോട്ട് പോകൂ," എന്ന വാക്കോടെ മടക്കി അയച്ചു, അത് പണിയാനുള്ള അവകാശം നമുക്ക് കിട്ടിയിരിക്കുന്നു. അതിനാൽ നഗരത്തിന് ഇപ്പോൾ ഇതുമായി യാതൊന്നും ചെയ്യാനില്ല, ഇത് സംസ്ഥാനം ചെയ്യേണ്ടതാണ്. അങ്ങനെ നമുക്ക് അനുമതിയുണ്ട്, കരാറുകാരൻ തന്റെ കയ്യിൽ ഇപ്പോൾ ആ—ആ ഉത്തരവ് വെച്ചിരിക്കുന്നു, അവർ എപ്പോൾ വേണമെങ്കിലും ആരംഭിക്കാൻ തയ്യാറാണെന്ന് ഞാൻ ഊഹിക്കുന്നു.

12 ഇത് നാളെ രാത്രി, എങ്കിൽ—ആ അടുത്തയാഴ്ച ആരംഭിക്കാൻ ആഗ്രഹിക്കുന്നു എന്ന് കരാറുകാരൻ പറഞ്ഞാൽ, ഞങ്ങൾ *ഏഴ് മുദ്രകകൾക്കായി* വരുന്നതു വരെ...ഞാൻ യോഗങ്ങൾ ഒഴിവാക്കും. അടുത്ത ആഴ്ച കരാറുകാരന് തുടങ്ങാൻ കഴിയുന്നില്ലെങ്കിൽ, പിന്നെ അതിന്റെ അടുത്ത ഞായർ, ശനിയും ഞായറും, പോകുന്നതിനു മുമ്പ് എനിക്ക് യോഗം ഉണ്ടായിരിക്കും.

13 പിന്നെ ഈ ഞായറാഴ്ച ഞാൻ ഇത് എടുക്കാൻ പോവുകയായിരുന്നു, അപ്പോൾ ഇന്ന് രാത്രി തിരുവത്താഴ രാത്രിയാണെന്ന് കണ്ടു, അതിനാൽ ഈ ഞായറാഴ്ച ഞാൻ ഇത് ഒഴിവാക്കി. എന്തുകൊണ്ടെന്നാൽ, അത്തരമൊരു ആൾക്കൂട്ടത്തിൽ, നിങ്ങൾക്ക് തിരുവത്താഴം സുഖകരമായി എടുക്കാൻ കഴിയില്ല, അതു നമുക്ക് പിന്നെ ആലയം വലുതാക്കി കഴിയുമ്പോഴാകാം.

14 ഇപ്പോൾ, നമുക്ക് ഒരു അദ്ധ്യക്ഷനാകാൻ പോകുന്നയാളെ ലഭിച്ചിരിക്കുന്നു. ആ...ഓ, ഞാൻ എന്താണ് ഉദ്ദേശിച്ചതെന്ന് നിങ്ങൾക്കറിയാം, ഇത് വളരെക്കാലം മുമ്പല്ലാതെ ഹിക്കേഴ്സൺ കുടുംബത്തിന് കൈമാറിയതായിരുന്നു. പിയാനോ വായിക്കുന്ന നമ്മുടെ സഹോദരി, അവൾ വന്ന് ഞങ്ങൾക്ക് പിയാനോയിൽ ഒരു ചെറിയ രാഗം നൽകിയാൽ, നിങ്ങൾക്ക് കഴിയുമെങ്കിൽ, “അവരെ കൊണ്ടുവരിക,” അല്ലെങ്കിൽ അത്തരത്തിലെ ഒരു ചില ചെറിയ ഗാനം. ഹിക്കേഴ്സൺ കുടുംബത്തിലെ ഈ കൊച്ചു മാന്യ വ്യക്തി, വളരെക്കാലമായി നോക്കി കൊണ്ടിരുന്നവൻ, വന്നെത്തിയിരിക്കുന്നു. വളരെ നല്ല ഒരു കൊച്ചു ആൺകുട്ടി, അവൻ തീർച്ചയായും ഹിക്കേഴ്സണിന്റെ ഒരു രത്നമാണെന്ന് ഉറപ്പാണ്. അവരെല്ലാം നമുക്ക് മുത്തുകളാണ്, നമ്മൾ അവരെ സ്നേഹിക്കുന്നു അവർ ശരിക്കും നമ്മുടെ സഹോദരനും സഹോദരിയുമാണ്. ഈ കുഞ്ഞ് അവരുടെ കുടുംബത്തിൽ ജനിച്ചതിൽ ഞങ്ങൾക്ക് നന്ദിയുണ്ട്, അത് കുടുംബത്തിൽ തികച്ചും വിപ്ലവം സൃഷ്ടിച്ചിരിക്കുന്നു. അവർ, അപ്പനും അമ്മയും ഈ കൊച്ചു മകനെ ഇപ്പോൾ സമർപ്പണത്തിനു കൊണ്ടുവരാൻ പോകുന്നു. ഇപ്പോൾ, തിരുവെഴുത്തു പറയുന്നു, “അവർ ശിശുക്കളെ, കുഞ്ഞുങ്ങളെ അവന്റെ അടുക്കൽ കൊണ്ടുവന്നു, അവൻ അവരുടെ മേൽ കൈകളെ വെച്ച് അവരെ അനുഗ്രഹിക്കുന്നതിന് ആയിരുന്നു.”

15 ഇപ്പോൾ, “ശിശു സ്നാനം” എന്ന് വിളിക്കുന്നതിൽ വിശ്വസിക്കുന്ന ജനങ്ങൾ ലോകത്തിലുണ്ട്. കൂടാതെ, അതായത്, അവർ ഈ ചെറിയ കുട്ടികളെ എടുത്ത് അവരെ സ്നാനപ്പെടുത്തുന്നില്ല, കാരണം, അവർ അവരുടെ മേൽ വെള്ളം തളിക്കുന്നതേയുള്ളു. ഇപ്പോൾ, ബൈബിളിൽ എവിടെയും നമുക്ക് കണ്ടെത്താനായില്ല, അവർ ആരെയും, മുതിർന്നവരെ മാത്രമല്ല, കുട്ടികളെയും കൂടെ തളിക്കുന്നു.

16 അതിനാൽ സ്നാനം എന്നത് ഒരു ഏറ്റുപറച്ചിലാണ് കൃപയുടെ ഒരു ആന്തരിക പ്രവൃത്തി ചെയ്തിരിക്കുന്നു. ചെറിയ ശിശുക്കൾക്ക് പാപത്തെക്കുറിച്ച് ഒരു അറിവില്ല. ആയതിനാൽ, യേശു ക്രൂശിൽ മരിച്ചപ്പോൾ, ലോകത്തിന്റെ പാപത്തെ നീക്കാൻ അവൻ മരിച്ചു. ആ കുഞ്ഞ് ഒരു മനുഷ്യനായി തീർന്ന്, ഈ ലോകത്തിലേക്ക് ജനിച്ചപ്പോൾ, അവർക്ക് അവരുടെ ഒരു സ്വന്ത പാപവുമില്ല, അതിനാൽ അവർക്ക് മാനസാന്തരപ്പെടേണ്ട ഒരു ആവശ്യവുമില്ല. പക്ഷേ, അങ്ങനെയായിട്ട്, യേശു ക്രിസ്തുവിന്റെ രക്തം ആ പാപത്തെ നീക്കിക്കളയുന്നു. മുന്നോട്ടുള്ള പോകുമ്പോൾ, കുഞ്ഞ് പാപത്തിൽ ജനിച്ച്, അകൃത്യത്ത്യത്തിൽ ഉരുവായി, കള്ളം പറഞ്ഞുകൊണ്ട് ലോകത്തിലേക്ക് വന്നു, അവർ

സ്വഭാവത്താൽ പാപികളാണ്, എന്നാൽ യേശു ക്രിസ്തുവിന്റെ രക്തം അതിനായി പ്രായശ്ചിത്തം ചെയ്യുന്നു. എന്നാൽ ആ കുഞ്ഞ് ഉത്തരവാദിത്വത്തിന്റെ പ്രായത്തിലേക്ക് വരുമ്പോൾ, ശരിയും തെറ്റും എന്താണെന്ന് അറിയാറാകുമ്പോൾ, അപ്പോൾ അത് എന്തെല്ലാം ചെയ്തോ അതിനെല്ലാം പശ്ചാത്തപിക്കണം. അത് പാപത്തിൽ ജനിച്ചതുപോലെ തന്നെ അതു ഇപ്പോൾ പാപത്തിലാണ്, അത് മനുഷ്യ പാപമാണ്, ഇപ്പോൾ ആദവും ഹവ്വയും ചെയ്ത പാപമായി അത്; അതാണ് യേശു ക്രിസ്തുവിന്റെ രക്തത്താൽ, ദൈവം ഒഴിവാക്കിയിരിക്കുന്നത്. ഇപ്പോൾ കുഞ്ഞ് പാപം ചെയ്യുന്നതു വരെ അനുതപിക്കാൻ അതിനു പാപങ്ങളൊന്നുമില്ല, പിന്നീട് അവനു പശ്ചാത്തപിക്കേണ്ടി വരും. കണ്ടോ? അവൻ മാനസാന്തപ്പെടുമ്പോൾ, പിന്നെ അത് സ്നാനമേല്ക്കാനുള്ള സമയമാണ്, അതെ തുടർന്ന് അവൻ വെള്ളത്തിൽ സ്നാനമേല്ക്കുന്നു.

17 ആ സമയം വരെ, നാം ബൈബിളിന്റെ നിർദ്ദേശങ്ങളെ പിന്പറ്റുന്നു, അതായത്, “അവർ കൊച്ചു കുട്ടികളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു, അതിനാൽ അവന് അവരുടെ മേൽ കൈകളെ വെച്ച് അവരെ അനുഗ്രഹിക്കാൻ കഴിഞ്ഞു.” ഈ മനോഹരമായ രക്ഷകർത്താക്കൾ ഈ രാത്രിയിൽ ഈ കൊച്ചു കുട്ടിയെ ഞാനും പാസ്റ്ററും ചേർന്ന്, സമർപ്പിക്കാൻ കൊണ്ടുവന്നിരിക്കുന്നു. അവർ അത് ക്രിസ്തുവിന്റെ പ്രതിനിധികളുടെ കൈകളിൽ വയ്ക്കുമ്പോൾ, അത് ക്രിസ്തുവിന്റെ കൈകളിൽ വയ്ക്കുന്നു എന്ന് അവർക്ക് അനുഭവപ്പെടുന്നു. അപ്പോൾ, വിശ്വാസത്താൽ, ഞങ്ങൾ കുഞ്ഞിനെ ദൈവത്തിന്റെ അടുത്തേക്ക് കൊണ്ടുപോയിട്ട്, അതിനെ ഇവിടെ കൊണ്ടു വന്നതിന് നന്ദി പറയുകയും, അതിനെ അനുഗ്രഹിക്കാൻ ദൈവത്തോട് ചോദിക്കുകയും ചെയ്യുന്നു, അതിനെ ഞങ്ങൾ “ശിശു സമർപ്പണം” എന്ന് വിളിക്കുന്നു.

18 ഇപ്പോൾ, എന്റെ സ്വന്തം കുഞ്ഞിനെക്കുറിച്ച് ഞാൻ എങ്ങനെ ചെയ്തെന്ന് നിങ്ങൾക്കറിയാം. ഇന്ന് രാത്രിയിൽ മഹത്വത്തിൽ എനിക്ക് ഒരു കൊച്ചു പെൺകുട്ടിയുണ്ട്, ഇവിടെ അൾത്താരയിൽ വെച്ച്, ഞാൻ അവളെ കർത്താവിനായി സമർപ്പിച്ചു. ഇന്നു രാത്രിയിൽ, ഇതുവരെ സ്നാനമേല്ക്കാത്ത എന്റെ ഒരു കൊച്ചു മകനും മകളും അവിടെ പുറകിൽ ഇരിക്കുന്നു. ഒന്നിനു, പതിനൊന്നായി, സാറ, സ്നാനത്തിനായി ഞാൻ ഇന്ന് അവളോട് സംസാരിച്ചിരുന്നു. ജോസഫിന് ഏഴ് വയസ്സ് മാത്രമേ ഉള്ളൂ, അതിനാൽ അവൻ ഇപ്പോഴും അതിന് വളരെ ചെറുപ്പമാണ്, ഇതുവരെ...അവൻ അതിന് ആഗ്രഹിക്കുന്നെങ്കിൽ, ദൈവം അത് അവന്റെ ഹൃദയത്തിൽ ഇടുന്നു എന്നു പറഞ്ഞാൽ,

അപ്പോൾ ഞാൻ അത് ചെയ്യുന്നതാണ്. പക്ഷേ, ശിശുക്കളെന്ന നിലയിൽ, ഞാൻ അവരെ കർത്താവിനായി സമർപ്പിച്ചു, കാരണം അതിന്റെ തിരുവെഴുത്തു ഉപദേശം അതാണ്.

19 സഹോദരൻ നെവിൽ, നിങ്ങൾ ഇപ്പോൾ എന്നോടൊപ്പം ഈ നല്ല ബാലന്റെ അടുത്തേക്ക് നടന്നു വരികയാണെങ്കിൽ. [ബ്രദർ ബ്രൺഹാം സഹോദരനും സഹോദരി ഹിക്കേഴ്സന്റെയും അടുത്തു പോകുന്നു—Ed.] ഞാൻ ഭയപ്പെട്ടു...അത് ആ ഹോളിനാണോ? ഹോളിൻ? അതെ, ഹോളിൻ, ജൂനിയർ. സ്റ്റീഫൻ ഹോളിൻ. അതെ, അത് കൊള്ളാം. ഓ, അവൻ ഉറങ്ങുകയാണെന്ന് ഞാൻ കരുതി. അതാണ് ഹിക്കേഴ്സന്റെ സ്വഭാവം, എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കും. കഴിഞ്ഞ ദിവസം ഞാൻ അവനെ കണ്ടിരുന്നു, ഞാൻ പറഞ്ഞു "അദ്ധ്യക്ഷനും," മറ്റുമായി. പിന്നെ, തീർച്ചയായും, അത് അവന് വളരെ ചെറുതാണ്, നോക്കൂ, അവനെ "അദ്ധ്യക്ഷൻ" എന്ന് പറയൂ. നിങ്ങൾക്ക് എങ്ങനെയുണ്ട്? അതെ, അത് ഏതൊരു ദൈവ ഭക്തയായ അമ്മയുടെയും നിധിയാണെന്നു എനിക്കറിയാം. നിങ്ങളും അങ്ങനെ വിചാരിക്കുന്നില്ലേ? വളരെ മനോഹരം. ഇപ്പോൾ, സഹോദരൻ ഹിക്കേഴ്സണും സഹോദരി ഹിക്കേഴ്സണും, ക്രിസ്തുവിന്റെ ദാസനെന്ന നിലയിൽ, നിങ്ങളുടെ പാസ്റ്ററായി, ഞാൻ ഈ കുഞ്ഞിനെ, വിശ്വാസത്താൽ എടുത്ത്, യേശു ക്രിസ്തുവിന്റെ കൈകളിലേക്ക് വെയ്ക്കുന്നു, അവന്റെ കൈകളിലേക്ക് വയ്ക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു.

20 പാസ്റ്ററും ഞാനും കുഞ്ഞിന്മേൽ കൈകളെ വെച്ചുകൊണ്ട് ഇവിടെ നിൽക്കുമ്പോൾ നമുക്ക് തലകളെ കുമ്പിടാം.

21 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ബൈബിളിൽ കൊച്ചു കുട്ടികളെ അവർ നിന്റെ അടുക്കൽ കൊണ്ടുവന്നിരുന്നു, നീ അവരുടെ മേൽ കൈകളെ വെച്ച് അവരെ അനുഗ്രഹിക്കാൻ ആയിരുന്നു. വാസ്തവമായും, കർത്താവെ, അവർ അനുഗ്രഹിക്കപ്പെട്ടവരാണ്. ഇപ്പോൾ നിന്റെ മാതൃക പിന്തുടരാൻ, നീ ചെയ്ത കാര്യങ്ങൾ ചെയ്യുവാൻ, കർത്താവേ, ഞങ്ങൾ അടുത്ത് ശ്രമിച്ചിരിക്കുന്നു, ബൈബിൾ വായിക്കുകയും നീ മാതൃകയായി ചെയ്തതു പോലെ പിന്തുടരുകയും ചെയ്യുന്നു. ഈ ടെബർണക്കിളിലെ ഞങ്ങളുടെ പ്രിയപ്പെട്ട ശിഷ്യന്മാരായ, ഈ അപ്പനും അമ്മയും, സഹോദരനും സഹോദരി ഹിക്കേഴ്സണും, നീ അവരുടെ സംരക്ഷണയിൽ വച്ചിരിക്കുന്ന ഈ ചെറിയ സന്തോഷത്തെ ഞങ്ങളുടെ അടുക്കൽ കൊണ്ടുവന്നിരിക്കുന്നു. കർത്താവേ, ഇത് നിന്നിൽ നിന്നു വന്നിരിക്കുന്നു. നീ അവർക്ക് ഈ കുഞ്ഞിനെ നൽകി. നിനക്ക് ഒരു ശുശ്രൂഷ ആയിരിക്കാൻ ആഗ്രഹിച്ചിട്ട്, ഇപ്പോൾ അതിന്റെ ചെറിയ ജീവൻ

നിനക്ക് നൽകാൻ അവർ ആഗ്രഹിക്കുന്നു. നീ ഈ കുട്ടിക്ക് ദീർഘായുസ്സ് നൽകേണം എന്നും, നീ അനുഗ്രഹിക്കണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു. സാദ്ധ്യമെങ്കിൽ, കർത്താവിന്റെ വരവ് കാണുവോളം, അതു ജീവിച്ചിരിക്കാൻ ഇടയാകട്ടെ. അത് എവിടെ ആയിരുന്നാലും നീ അതിനെ അനുഗ്രഹിക്കേണം എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അവയിൽ ഒന്നായി ജനിച്ചിരുന്നതു പോലെ, അത് ഒരു ക്രിസ്തീയ ഭവനത്തിൽ വളർത്തപ്പെടട്ടെ. ഇത് ഈ വീട്ടിൽ തുടരാൻ ഇടയാകട്ടെ. സാദ്ധ്യമെങ്കിൽ, സുവിശേഷം പ്രസംഗിക്കുന്നവനായി, ഈ കുഞ്ഞ് പ്രസംഗവേദിയിൽ കാണാൻ അപ്പനും അമ്മയും ജീവിച്ചിരിക്കട്ടെ. പിതാവെ, വൈറ്റ് ഹൌസിലോ അതല്ല മറ്റ് എവിടെയെങ്കിലുമോ സിംഹാസനത്തിൽ ആയിരിക്കുന്നതിനെക്കാൾ, ആ—ആ അതിനെക്കാൾ അവർ ഇതു കാണാൻ ഇടയാകട്ടെ, കാരണം അവർ നിന്റെ ദാസന്മാരാണ്, മാത്രമല്ല കുഞ്ഞിന്റെ ജീവിതം ദൈവത്തിന്റെ വേലയ്ക്കുള്ള സമർപ്പണവും ആശീർവാദവും ആയിരിക്കാനും ആഗ്രഹിക്കുന്നു.

22 പിതാവേ, നീ കുട്ടിയെ അനുഗ്രഹിക്കണമേ, എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ കൃപ അതിന്മേൽ വരാൻ ഇടയാകട്ടെ, അതിന്റെ ജീവിതകാലം മുഴുവൻ ആരോഗ്യകരവും സന്തുഷ്ടവും ആയിരിക്കട്ടെ. അത് വളർന്നുവരുന്നത് കാണാൻ അപ്പനും അമ്മയും ജീവിച്ചിരിക്കാൻ ഇടയാകട്ടെ, എന്നു ഞങ്ങൾ വീണ്ടും ചോദിക്കുന്നു. നിന്റെ നാമത്തിൽ ഞങ്ങൾ അനുഗ്രഹിക്കുന്നവരെ അനുഗ്രഹിച്ചാലും.

23 ഇപ്പോൾ, ചെറിയ സ്റ്റീഫൻ ഹോളിൻ ഹിക്കേഴ്സൺ, ഞാൻ നിന്നെ യേശു ക്രിസ്തുവിന് കൊടുക്കുന്നു, ഞങ്ങൾ ചോദിച്ച അനുഗ്രഹങ്ങൾ നിന്റെ മേൽ വരാൻ ഇടയാകട്ടെ. എന്റെ ചെറിയ സഹോദരാ, ആരോഗ്യവാനും ശക്തനുമായിരിക്ക, ദൈവത്തെ മഹത്വപ്പെടുത്തുവാൻ നീ ജീവിക്കാൻ ഇടയാകട്ടെ. യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ഇത് ചോദിക്കുന്നു. ആമേൻ.

ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ. വളരെ മനോഹരത്വമുള്ള കുഞ്ഞ്.

> നാം ഒരിക്കലും വൃദ്ധരാകാത്ത ഇടത്ത്, ഒരിക്കലും വൃദ്ധരാകാത്ത ഇടത്ത്,
> നാം ഒരിക്കലും വൃദ്ധരാകാത്ത ദേശത്ത്;
> ഒരിക്കലും വൃദ്ധരാകാത്ത, ഒരിക്കലും വൃദ്ധരാകാത്ത,
> നാം ഒരിക്കലും വൃദ്ധരാകാത്ത ആ നാട്ടിൽ.

24 അത് അതിശയം ആയിരിക്കല്ലേ? കുഞ്ഞുങ്ങൾ മുതിർന്നവരായിരിക്കും, പ്രായം ചെന്നവർ ചെറുപ്പക്കാരായിരിക്കും.

ഇപ്പോൾ, ഇത് അതിശയകരമല്ലേ? നമ്മൾ ഒരിക്കലും രോഗികളായോ, ദുഃഖിക്കുകയോ, അതല്ല ഒരിക്കലും മരിക്കുകയോ ചെയ്യില്ല.

25 ഇപ്പോൾ, ശുശ്രൂഷകൾ, സഹോദരൻ നെവിൽ പ്രഖ്യാപിച്ചു. അതിനും പുറമെ, ഇപ്പോൾ ഞാനും കൂടെ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുന്നു, ആ യോഗം, അദ്ദേഹം സംസാരിച്ച യോഗങ്ങളും കൂടെ, മറന്നു പോകരുത്. കൂടാതെ, വർഷങ്ങൾക്കു മുമ്പ് ആലയത്തിൽ വരാറുണ്ടായിരുന്ന, ഒരു ശ്രീമതി ഫോർഡിനെ, കുറച്ച് ദിവസങ്ങൾക്ക് മുമ്പ്, ഞാൻ അവളെ മകളുടെ അടുത്തേക്ക് കൊണ്ടുപോയി, അവൾക്ക് എണ്പത് വയസ്സായി, കഴിഞ്ഞ രാത്രി എട്ട് മണിക്ക്, കർത്താവിനെ കാണാൻ പോയെന്നു, ഞാൻ കരുതുന്നു. അവളുടെ ശുശ്രൂഷ, പാസ്റ്ററും ഞാനുമായി കുട്ട്സിലെ ചെറിയ പള്ളിയിൽ നടത്തും ബുധനാഴ്ച, പത്ത്—പത്ത്-മുപ്പതിനു, ഈ വരുന്ന ബുധനാഴ്ച. ശ്രീമതി ഫോർഡ്, ശ്രീമതി...ഞാൻ മറന്നുപോയി അദ്ദേഹത്തിന്റെ... ലെവി, ശ്രീമതി ലെവി ഫോർഡ്. നമ്മുടെ...അത്—അത് എന്റെ പുസ്തകത്തിൽ നിങ്ങൾ കാണുന്ന ലോയ്ഡ് ഫോർഡിന്റെ അമ്മയാണ്, അദ്ദേഹമാണ് എന്റെ സഹായത്തിനായി ആ ആൺകുട്ടികളുടെ സ്കൌട്ടിന്റെ സ്യൂട്ട് എനിക്ക് തന്നത്, അതിന്റെ ഒരു കാൽ മാത്രമേ എനിക്ക് കിട്ടിയിരുന്നുള്ളൂ. ഇപ്പോൾ, അത്—അത് ബാലന്റെ അമ്മയാണ്. അതിനാൽ കഴിഞ്ഞ ദിവസം ഞാൻ അവളെ കൂട്ടിക്കൊണ്ടു പോയിട്ട് അവളോടൊപ്പം പ്രാർത്ഥിച്ചിരുന്നു, വയസ്സായ പാവം വസ്തു. അവൾ കർത്താവായ യേശുവിനെ സന്ധിക്കാൻ പോയി.

26 ഇപ്പോൾ, കർത്താവിന്റെ ഇഷ്ടമെങ്കിൽ, ആ ശുശ്രൂഷകളെ പ്രഖ്യാപിക്കാൻ എനിക്ക് ഇവിടെ ചിലത് ഉണ്ടായിരുന്നു, അവർ ഇതിനായി ഈ അടുത്ത ആഴ്ചയിൽ വന്നാൽ, ഞാൻ അവയെ ഇവിടെ സ്ഥാപിച്ചിട്ടുണ്ടെങ്കിലോ, അതല്ല ഏറ്റവും ചുരുങ്ങിയത് അതിന്റെ ഒരു വിചാരം എങ്കിലും, അടുത്ത ആഴ്ചയിൽ വരാനിരിക്കുന്ന ഈ ശുശ്രൂഷയ്ക്കായി, ഏകദേശം എന്താണ് ഞാൻ സംസാരിക്കാൻ പോകുന്നു എന്ന ആ—ആ—ആ കാര്യത്തെ കുറിച്ചാണ്. ഞാൻ—ഞാൻ ചിന്തിക്കുന്നത്...ഞാൻ ഈ പുസ്തകത്തിൽ ഇട്ടെന്ന് ഞാൻ കരുതി, ഞാൻ ചെയ്തോ ഇല്ലേ എന്ന് എനിക്കറിയില്ല. അതെ, ഇതാ അത് ഇവിടെയുണ്ട്. കർത്താവിന്റെ ഇഷ്ടമെങ്കിൽ, ശനിയാഴ്ച രാത്രി ഞാൻ പ്രസംഗിക്കാൻ ആഗ്രഹിക്കുന്ന വിഷയം, "ഒരു മനുഷ്യൻ മറ്റൊരാളുടെ ജീവിതത്തെ സ്വാധീനിക്കുന്നത് എന്തുകൊണ്ട്." ഞായറാഴ്ച രാവിലെ ഞാൻ പ്രസംഗിക്കാൻ ആഗ്രഹിക്കുന്ന വിഷയം, "പിരമിഡിന്റെ തലക്കല്ല് സ്ഥാപിക്കൽ." ഞായറാഴ്ച രാത്രിയിൽ ഞാൻ പ്രസംഗിക്കാൻ ആഗ്രഹിക്കുന്നത്, *എന്റെ വഴികാട്ടി,* വിഷയം

*എന്റെ വഴികാട്ടി,* ഇതു ഈ വരുന്ന ഞായറാഴ്ച രാത്രിയിലാണ്. ഇപ്പോൾ കർത്താവ് ആ കാര്യങ്ങളെ അനുഗ്രഹിക്കുകയും എന്നെ സഹായിക്കുകയും ചെയ്യട്ടെ, അവ എടുക്കുന്നതിനുള്ള ഒരു ചെറിയ സന്ദർഭത്തിനു വേണ്ടിയാണ്, ഞാൻ പുറത്തു പോയിരുന്നത്.

27 ഇപ്പോൾ ഇന്ന് രാത്രിയിൽ, നമ്മൾ തിടുക്കത്തിൽ കുറച്ച് കാര്യങ്ങൾ എടുക്കാൻ ആഗ്രഹിക്കുന്നു. മാർഗ്ഗമധ്യേ, എനിക്ക് ഇവിടെ ഒരു കത്ത് കിട്ടിയിരുന്നു അത്—അത് തപാലിൽ വന്നിട്ട്, കുറച്ച് മുമ്പ് ബില്ലി അത് എടുത്തുകൊണ്ടു വന്നതാണ്, അത് ചില സഹോദരങ്ങളുടേതായി മിച്ചിഗണിൽ നിന്നും, ഇത് ദൈവ ദാസന്മാരുടെ സംഘടനയിൽ നിന്നും കിട്ടിയിട്ട് അതിൽ അനേകം കാര്യങ്ങൾ ഉണ്ടായിരുന്നു. നിങ്ങൾ നോക്കു, അതാണ് കാര്യങ്ങളെ സന്ദേഹത്തിലാക്കുന്നത്. അതിൽ, അവർ ഇതിൽ അവകാശപ്പെടുന്നു ഇവിടെ നിന്നും ചില സഹോദരന്മാരെ ഞാൻ അവിടെ അയച്ചെന്ന് പറയുന്നു, പുരുഷന്മാർ ഭാര്യമാരെ ഉപേക്ഷിച്ച് ആത്മീയ ഇണയെ കണ്ടുപിടിക്കണമെന്ന് അവർ പ്രസംഗിക്കുന്നു, അതിൽ—അതിൽ എനിക്കു തികച്ചും ഒരിക്കലും തെറ്റു പറ്റിയിട്ടില്ല. അതിൽ അവിടെ ഒന്നുമില്ല...കൂടാതെ, ഓ, നിങ്ങൾ ഇതുവരെ കേട്ടിട്ടില്ലാത്ത തീരെ മോശമായ ചില കാര്യങ്ങളുമുണ്ട്. ദൈവ ദാസന്മാരുടെ സംഘടന അതിന്റെ മേൽ ഒരു പിടിത്തമിട്ടിട്ട്, അവർ അതിനെക്കുറിച്ച് എനിക്ക് ഒരു കത്ത് എഴുതിയിരിക്കുന്നു, അതായത് ഞാൻ അവരെ അവിടേക്ക് അയച്ചിട്ട് അത് വളരെയധികം ആശയക്കുഴപ്പമുണ്ടാക്കുന്നു. അവരിൽ ചിലർ പ്രവചിച്ചു കൊണ്ട് പറയുന്നു ഒരു പുരുഷൻ *ഈ* ഭാര്യയെ ഉപേക്ഷിച്ച് *ഈ* ഒന്നിനെ വിവാഹം കഴിക്കണം. ഇപ്പോൾ, ഈ സഭയ്ക്ക് അറിയാം, അത്തരത്തിലുള്ള വളരെ വൃത്തികെട്ടതും വിഡ്ഢിത്തവുമായ കാര്യങ്ങൾക്ക് നാം നിലകൊള്ളുന്നില്ല.

28 നാം ബൈബിളിൽ വിശ്വസിക്കുന്നു. പുരുഷൻ ഒരു സ്ത്രീയെ എടുക്കുമ്പോൾ, അത് അവന്റെ ഭാര്യയാണ്, മരണത്തിന് മാത്രമേ അവരെ വേർപെടുത്താൻ കഴിയൂ എന്ന് നാം വിശ്വസിക്കുന്നു. അത് മാത്രമാണ്. അതുപോലുള്ള കാര്യങ്ങളിൽ നാം വിശ്വസിക്കുന്നില്ല. അതു മാത്രമല്ല, സ്വതന്ത്ര സ്നേഹത്തിലും നാം വിശ്വസിക്കുന്നില്ല. നാം ആ ചപ്പ ചവറിൽ വിശ്വസിക്കുന്നില്ല. നമ്മൾ ബൈബിളിനെ പൂർണ്ണമായും വിശ്വസിക്കുന്നു, അത്ര മാത്രം. അതിനാൽ ഞാൻ ഇത് ഫോട്ടോസ്റ്റാറ്റ് എടുത്ത്, ഈ കത്തിന്റെ പകർപ്പും കൂടെ, അതിന് എന്റെ ഉത്തരവുമായി മാസികകളിൽ ഇടും, അത്—അത് അതിനെ നോക്കിക്കൊള്ളും. ഞാൻ അതു പ്രതീക്ഷിക്കുന്നു, എങ്ങനെയും, അവർക്ക് ഉത്തരം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

29 ഇപ്പോൾ ഇന്ന് രാത്രിയിൽ, നാം തിരുവെഴുത്ത് തുറക്കുന്നതിന് തൊട്ടു മുമ്പ്, നമുക്ക് നമ്മുടെ കർത്താവിനോട് സംസാരിക്കാം.

30 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, കർത്താവായ യേശുവിന്റെ നാമത്തിൽ, ഞങ്ങൾ നിന്റെ കരുണയുടെ സിംഹാസനത്തെ സമീപിക്കുന്നു, ദൈവത്തിന്റെ നിധികളുടെ ധനം ഞങ്ങൾക്ക് വെളിപ്പെടുത്താൻ മഹത്വത്തിൽ നിന്നു ഇറങ്ങിവന്ന മഹാനായവനെ. ഞങ്ങൾക്കായി വ്യക്തിയായി തീർന്ന, ദൈവത്തിന്റെ പ്രത്യക്ഷമായി തീർന്ന ഈ മഹാൻ യേശുവിനോട് ഞങ്ങൾ എങ്ങനെ നന്ദി പറയണം, അവനിലൂടെ ഞങ്ങളുടെ പാപങ്ങളിൽ നിന്ന് ഞങ്ങൾക്ക് വീണ്ടെടുപ്പുണ്ട്. ഞങ്ങൾ അവനെ വിശ്വസിച്ചതിനാൽ, ഞങ്ങൾ ഇപ്പോൾ മരണത്തിൽ നിന്ന് ജീവിങ്കലേക്ക് കടന്നിരിക്കുന്നു. കാരണം അവനെക്കുറിച്ചു എഴുതിയിരിക്കുന്നു, അതിൽ അവൻ പറയുന്നു, "എന്റെ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന്നു, നിത്യ ജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ ആകാതെ, മരണത്തിൽ നിന്നു ജീവങ്കലേക്ക് കടന്നിരിക്കുന്നു."

31 കർത്താവേ, ഈ രാത്രിയിൽ, അങ്ങയുടെ വചനങ്ങളെ അനുഗ്രഹിച്ചാലും. ഒരു ചുരുങ്ങിയ സമയത്തിനുള്ളിൽ തിരുവത്താഴം എടുക്കാൻ ഞങ്ങൾ ഇവിടെ ആയിരിക്കുന്നു. ക്രിസ്ത്യാനികൾ, രാജ്യത്തിന്റെ സഹ പൌരന്മാർ അൾത്താരകൾക്ക് ചുറ്റും കൂടിവരും, അവിടെ അവർ "തിരുവത്താഴം" എന്ന് ഞങ്ങൾ വിളിക്കുന്നതിനെ എടുക്കുന്നു, അങ്ങ് ഞങ്ങൾക്കായി ശേഷിപ്പിച്ച ആ—ആ ചെറിയ അംശത്തിന്റെ— ആ ദിവ്യ കർമ്മത്തിനായി, ഞങ്ങളുടെ പാപങ്ങൾ നിമിത്തം നീ മരിച്ചെന്നും, മൂന്നാം ദിവസം വീണ്ടും ഉയിർത്തെഴുന്നേറ്റ് എന്നും, എന്നേക്കും ജീവിക്കുന്നു എന്നും ഞങ്ങൾ വിശ്വസിക്കുന്നു എന്നു കാണിക്കുന്നതിന്, നീ മടങ്ങി വരുന്നതു വരെ ഇത് ചെയ്യേണം, എന്ന തിരുവെഴുത്തിനു അനുസരിച്ച് ഞങ്ങളോട് കല്പിച്ചിരിക്കുന്നതു പോലെയാകുന്നു. ദോഷകരമായ ചിന്തകളിൽ നിന്നും നിന്റെ ശ്രേഷ്ഠ ഇച്ഛക്ക് വിരുദ്ധമായി ഞങ്ങൾ ചെയ്തുപോയ സകലത്തിൽ നിന്നും ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചാലും. പിതാവേ, ഞങ്ങളോട് ക്ഷമിച്ച്, ഇന്ന് രാത്രിയിൽ അങ്ങയുടെ കൃപ ഞങ്ങൾക്ക് തരേണമേ. ജീവന്റെ അപ്പം, വചനം, ഇപ്പോൾ ഞങ്ങൾ വായിച്ചിട്ട് അതിൽ നിന്നും സംസാരിക്കുമ്പോൾ ഞങ്ങൾക്ക് മുറിച്ചു തന്നാലും. കർത്താവായ യേശുവിന്റെ നാമത്തിൽ, ഞങ്ങൾ ഇത് ചോദിക്കുന്നു. ആമേൻ.

32 ഇപ്പോൾ വെളിപ്പാടിന്റെ പുസ്തകം, ഒരു വാക്യത്തിൽ മാത്രം ആരംഭിച്ച്, 20-ാം വാക്യം വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു, അതല്ല 20-ാം അദ്ധ്യായത്തിന്റെ 1-ാം വാക്യം.

*അനന്തരം ഒരു ദൂതൻ, അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നത് ഞാൻ കണ്ടു.*

33 ഇപ്പോൾ ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നു, അത് അങ്ങനെയായി, ഞാൻ ഇതിൽ നിന്ന് വിഷയം എന്ന് വിളിക്കുകയോ, അല്ലെങ്കിൽ ഈ വാചകത്തിൽ നിന്ന് ഒരു സന്ദർഭം എടുക്കുകയോ ചെയ്താൽ, അടുത്ത ഇരുപതോ അതല്ല ഇരുപത്തി-അഞ്ച് നിമിഷത്തോളം, ഞാൻ അതിനെ *വാതിലിലേക്കുള്ള താക്കോൽ* എന്ന് വിളിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, ഞാൻ അതിനെ "താക്കോലുകൾ" എന്നു—വിളിക്കാൻ ആഗ്രഹിക്കുന്നില്ല, കാരണം പത്രൊസിന് "രാജ്യത്തിന്റെ താക്കോലുകൾ" നൽകിയിരുന്നു. പക്ഷെ ഞാൻ ഇതിനെ ഇങ്ങനെ വിളിക്കാൻ ആഗ്രഹിക്കുന്നു: *വാതിലിന്റെ താക്കോൽ*. അതുകഴിഞ്ഞയുടൻ തന്നെ ഇതിനു ശേഷം, ഈ രാത്രിയിൽ നാം ഇത് എടുക്കുന്നതിനു മുമ്പ്, തിരുവത്താഴത്തെപ്പറ്റി ചെറിയ വിവരണങ്ങൾ നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

34 ഇപ്പോൾ, ഒരു താക്കോൽ. നാം വായിക്കുമ്പോൾ ഞാൻ ഇവിടെ കാണുന്നത്, അതായത് ഈ ദൂതൻ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുന്നു, അവന്റെ കയ്യിൽ ഒരു താക്കോലും ഉണ്ട്. ഇത് വെളിപ്പാട് 13-ലോ 19-ലോ ആണെന്ന് ഞാൻ വിശ്വസിക്കുന്നു, നമ്മൾ വീണ്ടും കാണുന്നത്, മറ്റൊരു ദൂതൻ ഒരു താക്കോലുമായി വരുന്നതാണ്. ഒരു താക്കോൽ, ഒരു താക്കോലിന്റെ പ്രയോജനം, പൂട്ടിയിരിക്കുന്ന എന്തോ ഒന്നിനെ, എന്തിനെയെങ്കിലും തുറക്കുക എന്നതാണ്, അല്ലെങ്കിൽ അത് പൂട്ടിയിടേണ്ട എന്തോ ഒന്നാണ്. എന്നാൽ ആ ഉദ്ദേശ്യത്തിനു വേണ്ടിയാണ് ഒരു താക്കോൽ നൽകിയിരിക്കുന്നത്.

35 ഇപ്പോൾ, അനേക തരം താക്കോലുകളുണ്ട്, കാരണം നമുക്ക് താക്കോലുകൾ കൊണ്ട് വളരെ ഉപയോഗങ്ങളാണ് ഉള്ളത്. സാധനങ്ങൾ സൂക്ഷിക്കുന്ന വീടിനു താക്കോലുകളുണ്ട്. നിങ്ങളുടെ സ്വന്തം വീടിന്റെ താക്കോലുണ്ട്, നിങ്ങളുടെ വാഹനത്തിന് താക്കോലുണ്ട്. നമ്മൾ അവയെ താക്കോലുകൾ എന്ന് വിളിക്കുകയും, അവ താക്കോലുകളും തന്നെ. അവയെ പല തവണ തനിപ്പകർപ്പാക്കാം. അഥവാ വീട്ടിലേത് ആണെങ്കിൽ, അവിടെ ചിലപ്പോൾ ഉണ്ടാക്കാൻ സാധിച്ചിട്ട്, നമ്മൾ അതിനെ വിളിക്കുന്നത് എന്താണ്, അസ്ഥികൂട താക്കോൽ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അത് ലിവറുകൾ ഉപയോഗിച്ച് നിർമ്മിച്ച ഒരു താക്കോലാണ്, അതിൽ പ്രവർത്തിക്കുന്നു, അത്—അത് ഒരു പ്രത്യേക രീതിയിൽ പൂട്ടിനെ വളച്ചൊടിക്കുകയും, "അസ്ഥികൂട താക്കോൽ" എന്ന് വിളിക്കുന്നതിനാൽ ഏത് വാതിൽ

തുറക്കാനും കഴിയുന്നു. ഇത് നിരവധി താക്കോലുകളുടെ ഒരു അസ്ഥികൂട ഫ്രെയിമാണ്, അതിന് ആ വിധത്തിൽ തുറക്കാൻ കഴിയും, നമ്മുടെ വീടുകളിലേതോ അതല്ല നമ്മുടെ വാഹനങ്ങളിൽ ഉള്ളതിനെയോ, തനിപ്പകർപ്പാക്കാൻ സാധിക്കും. പിന്നെ അവിടെ ഉണ്ട്...

36 ഏതൊരു താക്കാലായാലും ഒരു കൈ ഉപയോഗിക്കാതെ അതു ഉപയോഗിച്ച് വാതിൽ തുറക്കാൻ കഴിയില്ല. ആ താക്കോലിനെ ഉപയോഗിക്കാൻ എന്തെങ്കിലും അവിടെ ഉണ്ടായിരിക്കണം. താക്കോലിനു തന്നെത്താൻ അതിനെ ഉപയോഗിക്കാൻ കഴിയില്ല. ആ താക്കോലിനു വഴക്കം നൽകുന്നതിന് എന്തെങ്കിലും ഉണ്ടായിരിക്കണം.

37 അത് ഈ മൈക്രോഫോൺ പോലെയാണ് ഞാൻ—അതിലൂടെ സംസാരിക്കുന്നത് ഞാനാണ്. ആ മൈക്രോഫോൺ ശബ്ദിക്കാത്ത ഒന്നാണ്. അതിലൂടെ സംസാരിക്കാൻ എന്തെങ്കിലും ഇല്ലെങ്കിൽ, അതിന് സ്വയം അതിലൂടെ സംസാരിക്കാൻ കഴിയില്ല. അതിലൂടെ സംസാരിക്കേണ്ടതിനു എന്തെങ്കിലും ഉണ്ടായിരിക്കേണം. അതിനാൽ, ഇത് മൈക്രോഫോൺ അല്ല, അത് ശബ്ദം അഥവാ ആ—(പിന്നിലുള്ളതാണ്) ആ ശബ്ദം അതായത് മൈക്രോഫോൺ—വായു തരംഗത്തെ പകരുകയും, നിങ്ങളുടെ ചെവിയിലേക്ക് കൈമാറുകയും ചെയ്യുന്നു.

38 ഇപ്പോൾ, ആ രീതിയിലാണ് സുവിശേഷം പ്രസംഗിക്കുന്നതും. അത് സ്വയം ഞങ്ങളായി, ദൈവ ദാസന്മാരായി, ആ സുവിശേഷം ഞങ്ങളല്ല. എന്നാൽ കേൾക്കുന്നവർക്ക്, മനുഷ്യർക്ക്, ഞങ്ങൾ നിർവഹണം ചെയ്യുന്ന പ്രക്ഷേപണ സാമഗ്രിയായി ദൈവ ശബ്ദം കൈമാറി പ്രക്ഷേപണം ചെയ്യുന്നവർ മാത്രമാണ്.

39 ഒരു ദർശനവും അതേ വിധമാണ്. ഒരു ദർശനത്തെ സംബന്ധിച്ച് ഇപ്പോൾ സഭയോട് പറയാൻ എനിക്ക് ഒന്നും അറിയില്ല. എന്നാൽ പരിശുദ്ധാത്മാവ്, ആദ്യം, എനിക്ക് ഒരു ദർശനം കാണിച്ചു തരുമെങ്കിൽ, ആ ദർശനത്തെ അത് ആർക്കു വേണ്ടിയാണോ വന്നത് അതിലേക്ക് ഞാൻ കൈമാറുന്നു. അതിനാൽ അത് എന്റേതല്ല, എനിക്ക്, ആ ദർശനം ഞാനല്ല, ഞാൻ. ആ ദർശനം നൽകിയത് ദൈവമായിരുന്നു, ദർശനത്തിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിന്, ഞാൻ ഒരു പ്രക്ഷേപണ സാമഗ്രിയായി പ്രവർത്തിച്ചു.

40 ഇപ്പോൾ, ഒരു താക്കോലും സമാനമാണ്. എന്നോട് ക്ഷമിക്കു. വാതിൽ തുറക്കുന്നതിനു ഒരു കൈ കൊണ്ടു മാത്രമേ താക്കോൽ പിടിക്കാനാകു. നോക്കു, അതിനു കൈ ആവശ്യമുണ്ട്. ഇപ്പോൾ, ഇന്ന്

രാത്രിയിൽ ഞാൻ സംസാരിക്കാൻ പോകുന്ന താക്കോലിൽ, ഈ താക്കോൽ പിടിക്കാൻ ഒരു കൈയ്യ് മാത്രമേ കഴിയൂ, അതാണ് വിശ്വാസത്തിന്റെ കൈ. ആ ഒരു കാര്യത്തിനു മാത്രമേ ഈ താക്കോലിനെ—പിടിക്കാൻ കഴിയൂ. മറ്റുള്ള താക്കോലുകളെ കൈകൾ പിടിക്കുന്നു, ഇതിന് വിശ്വാസത്തിന്റെ ഒരു കൈ ആവശ്യമുണ്ട്.

41 ഇപ്പോൾ, ജ്ഞാനത്തിന്റെ താക്കോൽ നാം എടുക്കുന്നതു പോലെയാണ്. ഇപ്പോൾ, ഒരു മനുഷ്യൻ, അവൻ ജ്ഞാനം സമ്പാദിക്കാൻ ശ്രമിച്ചാൽ, നോക്കൂ, ഇപ്പോൾ, അതിന് ഒരു താക്കോലുണ്ട്. ഈ മനുഷ്യന് അതിനെ തുറക്കാൻ അവിടെ ഒരു വഴിയുണ്ട്. അവൻ ആയിരിക്കണം...അവന്റെ പഠനത്തിനായി അവന്റെ പുസ്തകങ്ങൾ എടുക്കണം, അവന് കഴിയില്ല...ആർക്കും തന്നെ പഠിപ്പിക്കാൻ കഴിയില്ല. അവർ അവനെ പഠിപ്പിച്ചേക്കാം, പക്ഷേ അവന് പഠിക്കേണ്ടതുണ്ട്. അത് ചെയ്യാൻ കഴിയുന്ന ഒരേയൊരു മാർഗ്ഗം, അവൻ ആ താക്കോൽ പിടിക്കണം എന്നതാണ്, അവിടെ എന്തെങ്കിലുമൊക്കെ തുറക്കാനായിട്ട് ഉണ്ടായിരിക്കുകയോ അതല്ല വെളി-...അവൻ അന്വേഷിക്കുന്ന അറിവ് അവന് വെളിപ്പെടുത്താനായിട്ട് ഉണ്ടായിരിക്കണം.

42 ഒരു പിയാനോ വായിക്കാൻ ശ്രമിക്കുന്ന ജനങ്ങളുണ്ട്, അവർ... അഥവാ സംഗീതം. അവർക്ക് അത് എങ്ങനെ ചെയ്യണമെന്ന് അവർക്കറിയില്ല, പക്ഷേ അവർ അവിടെ പോയാൽ അദ്ധ്യാപകന് ഒരു പാഠത്തിനു ശേഷം മറ്റൊരു പാഠം പഠിപ്പിക്കാൻ കഴിയും, അവർ ഒരിക്കലും അത് പഠിക്കുകയില്ല. ആ രഹസ്യത്തിന്റെ താക്കോൽ അവർക്ക് പിടിക്കാൻ കഴിയില്ല, ശ്രുതി ചേർക്കല്ലിന്റെ താളവും ശബ്ദവും മറ്റും മുഴങ്ങുന്നത് എങ്ങനെ. അതിനു ആ താക്കോലെടുക്കുന്നു.

43 ഗണിത ശാസ്ത്രത്തിൽ, ഗണിത ശാസ്ത്രത്തിന് ഒരു താക്കോലുണ്ട്, അതിനെ നിങ്ങൾക്ക് പിടിച്ചുകൊണ്ട് തൂങ്ങി കിടക്കേണ്ടതുണ്ട്. നാല് വരികളുള്ള കണക്കുകൾ എടുക്കാൻ കഴിയുന്ന മനുഷ്യരെ ഞാൻ കണ്ടിട്ടുണ്ട്, അവരുടെ വിരലുകളാൽ, അവരുടെ ഓരോ വിരലുകളും ഓരോ നിരയിൽ വയ്ക്കുകയും, *അങ്ങനെ* താഴേക്ക് വന്ന് അഞ്ചോ ആറോ അക്കങ്ങൾ ആഴത്തിൽ വന്നിട്ട്, ഉത്തരം ചുവടെ ഇടുകയും ചെയ്യുന്നു. ഒന്ന് മുതൽ ഒമ്പത് വരെ ഏതും, ഒരു സമയം നാല് വരികൾ കണക്കാക്കുന്നു. അതെ, എനിക്ക് എണ്ണാൻ കൈയ്യിലും കാലിലും ആവശ്യത്തിനുള്ള വിരലുകൾ ലഭിച്ചിട്ടും, ഒരു വരി നിർണ്ണയിക്കാൻ എനിക്ക് ബുദ്ധിമുട്ടുള്ള സമയം ഉണ്ടായിട്ടുണ്ട്, ഒരു വരി—കണ്ടുപിടിക്കാൻ ബുദ്ധിമുട്ടായിട്ടുണ്ട്. എനിക്ക് ആ താക്കോൽ ഒരിക്കലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പക്ഷേ, നിങ്ങൾ നോക്കൂ,

അവരിൽ ചിലർക്ക് ആ താക്കോൽ ഉണ്ടായിരുന്നിട്ട്, അത് എങ്ങനെ ചെയ്യണമെന്ന് അവർക്കറിയാം.

44 ഒരു മനുഷ്യൻ ജ്ഞാനത്തിനു പിന്നാലെയാണെങ്കിൽ, ജ്ഞാനത്തിന് ഒരു താക്കോലുണ്ട്. ശാസ്ത്രീയ ഗവേഷണങ്ങൾക്ക്, ശാസ്ത്രത്തിന് ഒരു താക്കോലുണ്ട്. ഇപ്പോൾ, അവിടെ, അതൊരു മികച്ച താക്കോലാണ്. ജനങ്ങൾ ആ താക്കോലിനായി അന്വേഷിക്കുന്നു.

45 ഇങ്ങനെ കുറച്ചു മുമ്പ് ഇവിടെ അവർ ഒരു അണു കണ്ടെത്തി, അണു ഉണ്ടെന്ന് അവർക്ക് അറിയാമായിരുന്നു, പിന്നെ അണുക്കളാണ് തന്മാത്രകളായും മറ്റും രൂപപ്പെടുന്നത്. ഇപ്പോൾ, അവർ തിരയാൻ തുടങ്ങി, ആ അണുവാണ് എല്ലാം ഒരുമിച്ച് പിടിച്ചിരിക്കുന്നതെന്ന് അവരിൽ ചിലർ വിശ്വസിച്ചിരുന്നു, അണുവിനെ ചുറ്റിനും തിരിക്കാൻ കഴിഞ്ഞാൽ, അത് എന്തിനെയാണോ പിടിച്ചിരിക്കുന്നത് അതു അതിനെ വേർപെടുത്തും. കാരണം, എല്ലാം അണുവിനാൽ പിടിച്ചിരിക്കുന്നു, അത് നമുക്കറിയാം. ഇപ്പോൾ, ആ പോസ്റ്റ് അണുക്കളാലാണ് പിടിച്ചു വെച്ചിരിക്കുന്നത്. നിങ്ങളെ അണുക്കളാലാണ് ഒരുമിച്ചു വെച്ചിരിക്കുന്നത്. പുല്ലും, മരങ്ങളും, എല്ലാം അണുക്കളാലാണ് സകലതും ഒരുമിച്ചു വെച്ചിരിക്കുന്നത്. ശരി, ആ അണു, എല്ലാത്തിനേയും ഒരു വഴിയിലേക്ക് തിരിച്ചിട്ട്, അതിനെ തിരികെ കൊണ്ടു വന്നു പൊട്ടിച്ചാൽ, അപ്പോൾ അതിനു നശിപ്പിക്കാൻ കഴിയും. കൂടാതെ, ഇപ്പോൾ, മഹാന്മാരായ ശാസ്ത്രജ്ഞന്മാർക്ക് അത് ചെയ്യാൻ കഴിയുമെന്ന് വിശ്വസിച്ചിട്ട്, അവർ പ്രവർത്തിച്ചു വീണ്ടും പ്രവർത്തിച്ചു കൊണ്ടിരുന്നു, ഒടുവിൽ അവർ അതിനെ കീഴടക്കുന്നതുവരെ, അവർ മണിക്കൂറിനു ശേഷം മണിക്കൂറും, ആഴ്ചകൾക്കു ശേഷം ആഴ്ചകളും, വർഷങ്ങൾക്കു ശേഷം വർഷങ്ങളും നിശ്ചയിച്ചു.

46 വെളിച്ചത്തിനായി, തോമസ് എഡിസൺ, അന്വേഷിച്ചു കണ്ടെത്താൻ ശ്രമിച്ചു എന്നു, ഞാൻ വിശ്വസിക്കുന്നു, അതിനാൽ വൈദ്യുതി വെളിച്ചം ഉണ്ടാക്കാൻ മനുഷ്യന് അറിവുണ്ടെന്ന് അവർ പറയുന്നു. അദ്ദേഹം ലൈറ്റ് ബൾബിന്റെ ഉപജ്ഞാതാവാണ്. അദ്ദേഹം രാത്രിയിൽ ഉറങ്ങാൻ പോലും പോയിരുന്നില്ല. അദ്ദേഹത്തിന്റെ കയ്യിൽ ഒരു സാൻഡ്വിച്ച് എടുത്ത് അദ്ദേഹത്തിന്റെ ആഹാരത്തിനു പകരം കഴിക്കുമായിരുന്നു, അവിടെ ഇരുന്ന് കണക്കുകൂട്ടി പണിയെടുത്തിരുന്നു. അദ്ദേഹത്തിന്റെ മനസ്സിന് പിന്നിൽ എവിടെയോ നിന്ന്, എന്തോ ചിലത് അദ്ദേഹത്തോട് അത് ചെയ്യാൻ കഴിയുമെന്ന് പറഞ്ഞിരുന്നു. എന്താണിത്? ഇത് വഴി തുറക്കാൻ കഴിയുന്ന ആ ഒരു താക്കോലാണ്.

47 വർഷങ്ങൾക്കു മുമ്പല്ലാതെ, നിരനിരയായി വരക്കുന്ന കാർട്ടൂൺ വരക്കാൻ കഴിവുണ്ടെന്ന് വിശ്വസിച്ചിരുന്ന ഒരു—ഒരു മനുഷ്യൻ ഉണ്ടായിരുന്നു. താക്കോൽ തന്റെ കയ്യിൽ പിടിച്ചിട്ടുണ്ടെന്ന് അയാൾ വിശ്വസിച്ചിരുന്നു. അയാൾ ആഗ്രഹിച്ചിട്ട്...അയാൾ പോയി... അയാൾ കൻസാസിൽ താമസിച്ചിരുന്നു. കൻസാസ് പട്ടണത്തിലെ മഹത്തായ പേപ്പറിന്റെ പത്രാധിപരുടെ അടുത്ത് ചെന്ന്, അയാൾ തന്റെ ചില രചനകളെ കാണിച്ചു. ആ പത്രാധിപർ പറഞ്ഞു, "സർ, നിങ്ങൾക്കത് ലഭിച്ചിട്ടില്ല. നിങ്ങൾ, ശ്രമിക്കേണ്ട ആവശ്യമില്ല, നിങ്ങൾ, നിങ്ങൾക്കത് ചെയ്യാൻ കഴിയില്ല." പക്ഷേ അത് അയാളെ തൃപ്തിപ്പെടുത്തിയില്ല. അയാൾക്ക് അതുണ്ടെന്ന് അയാൾക്ക് അറിയാമായിരുന്നു. അയാൾ തിരികെ പോയി വീണ്ടും വീണ്ടും പോയി, ശ്രമിച്ചു നോക്കി, പക്ഷേ അദ്ദേഹം (പത്രാധിപർ) അയാളെ നിരസിച്ചു കളഞ്ഞു. ഒടുവിൽ, അയാൾ മറ്റു സ്ഥലങ്ങളിലേക്കും പോയി, അവരും അയാളെ നിരസിച്ചുകളഞ്ഞു, പറയും, "ശ്രീമാൻ, നിങ്ങൾക്കത് കിട്ടിയിട്ടില്ല. നിങ്ങൾക്ക് അത് ചെയ്യാൻ കഴിയില്ല." എന്നിട്ടും തനിക്ക് അത് ചെയ്യാൻ കഴിയുമെന്ന് അയാൾ വിശ്വസിച്ചു. അതാണ് അതിന്റെ രീതി, അയാളുടെ കയ്യിൽ എന്തോ ചിലത് ഉണ്ടായിരുന്നു! ഞാൻ വിചാരിക്കുന്നത്, അവസാനം, എഡിറ്റോറിയലിനോ അതല്ല ഒരു സഭക്കോ വേണ്ടി, എന്തോ ചില ചെറിയ തിരക്കഥ എഴുതുന്ന ജോലി അയാൾക്ക് ലഭിച്ചു, സഭക്കായി ഒരു ചെറിയ ഹാസ്യ ലേഖനമോ മറ്റോ ആയിരുന്നു. അയാൾ സ്വയം ഒരു ചെറിയ എലി തുരന്ന-അല്ലെങ്കിൽ ചുണ്ടെലികൾ-തുരന്ന ഗാരേജ് വാടകയ്ക്കെടുത്തു, അവിടെ അയാളുടെ കടലാസുകളിലും, മറ്റെല്ലാത്തിന്റേയും മുകളിലൂടെ ചുണ്ടെലികളും മറ്റും ഓടിയിരുന്നു, ഒരു പ്രത്യേക ചെറിയ എലിയുടെ വിശേഷ ലക്ഷണം അയാൾ ശ്രദ്ധിക്കാൻ തുടങ്ങി. മിക്കി മൗസിന്റെ കഥ അവിടെയാണ് ജനനം എടുത്തത്. ഇപ്പോൾ വാൾട്ട് ഡെസ്നി ഒരു ശത കോടീശ്വരനാണ്. എന്തുകൊണ്ട്? അയാളുടെ കയ്യിൽ എന്തോ ഉണ്ടായിരുന്നു, അയാൾ അത് പിടിച്ചിട്ടുണ്ടെന്ന് അയാൾക്ക് അറിയാമായിരുന്നു, അയാൾക്ക് അത് ചെയ്യാൻ കഴിയുമെന്ന് അയാൾക്ക് അറിയാമായിരുന്നു. ആ രീതിയിലാണ് എല്ലാ മികച്ച നേട്ടങ്ങളും ഉണ്ടാകുന്നത്. പുരുഷന്മാർക്കും സ്ത്രീകൾക്കും അവരുടെ കയ്യിൽ എന്തെങ്കിലും കിട്ടിയിട്ട്, അവർക്ക് അത് ചെയ്യാൻ കഴിയുമെന്ന് അവർ അറിയുന്നു.

48 പോളിയോ രാജ്യത്തെ ബാധിച്ചു. അങ്ങനെ, അതിനെ അവസാനിപ്പിക്കുന്നതിനു, നമ്മോട് എല്ലാവരോടും പോയി ഈ മരുന്നു കുത്തിവെയ്ക്കാൻ കല്പിച്ചിരുന്നു. പോളിയോ ബാധിച്ചപ്പോൾ...

ഇന്നലെ ഞാൻ റോഡിലൂടെ വാഹനം ഓടിക്കുമ്പോൾ ഒരു ഡോക്ടറെ കേൾക്കുകയായിരുന്നു, ലൂയിസ്‌വില്ലിൽ നിന്നുള്ള ഒരു ഡോക്ടറാണ്. അദ്ദേഹം പറഞ്ഞു, "ഒരു ചില വർഷങ്ങൾക്ക് മുമ്പ്, ആ വലിയ മഹാമാരി ലൂയിസ്‌വില്ലെ ബാധിച്ചപ്പോൾ," പറഞ്ഞു, "ഞാൻ ചെയ്തിരുന്ന സ്ഥലത്ത് പുരുഷന്മാർ നിൽക്കുമ്പോൾ, ഒരു സമയത്ത് അമ്പത്തിയേഴ് കൃത്രിമത ശ്വസന ഉപകരണം കണ്ടു, പുരുഷന്മാർ, സ്ത്രീകൾ, ആൺകുട്ടികളും പെൺകുട്ടികളും, 'പോളിയോ' എന്നു വിളിക്കുന്ന രോഗത്താൽ തളർന്നു പോയിരുന്നു, അതിനു ഒന്നും ചെയ്യാൻ കഴിഞ്ഞിരുന്നില്ല." പറഞ്ഞു, "ഇതുപോലുള്ള ഒരു കാര്യം ഇനി ഒരിക്കലും കാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

49 എന്നാൽ ശാസ്ത്രം ചിന്തിച്ചു, "പോളിയോ പോലുള്ള ഒരു തിന്മ ഉണ്ടെങ്കിൽ, അതിനെ പ്രതിരോധിക്കാൻ തീർച്ചയായും അവിടെ എന്തെങ്കിലും ഉണ്ടാകും." അവർ മല്ലിട്ടു, അവർ തെരുവുകളിൽ ബൂട്ടണിഞ്ഞ് കൊണ്ടു നിന്നു, ആ തീ തിന്നുന്നവർ, അവർ തൊപ്പികൾ പുറത്തേക്ക് നീട്ടി, പിന്നെ അവർ യാചിച്ചു, അവർ നിരാശരായി, സ്വാതന്ത്ര്യത്തിലേക്കുള്ള വാതിൽ തുറക്കാനുള്ള താക്കോൽ കണ്ടെത്താൻ, അവർ സകലത്തിനാലും ശ്രമിച്ചു. അങ്ങനെ, ഒടുവിൽ, സാൽക്ക് എന്ന ഒരു ക്രിസ്ത്യൻ മാന്യൻ ആ വാക്സിൻ കണ്ടെത്തി. എന്തുകൊണ്ട്? ആ പന്തയത്തിൽ ഒരു തിന്മ ഉണ്ടായിരുന്നു, ഒരു കൊലയാളി അവിടെ പന്തയം വെച്ചിരുന്നു; മനുഷ്യന് വീണ്ടും സ്വാതന്ത്ര്യത്തെ തുറക്കാൻ കഴിയുന്ന ഒരു താക്കോൽ എവിടെയോ ഉണ്ടായിരുന്നു, സാൽക്ക് വാക്സിൻ മികച്ച ചികിത്സയായിരുന്നു. ഓ, താക്കോലിനു എന്ത് ചെയ്യാൻ കഴിയും! വാക്സിൻ മുന്നിലേക്ക് കൊണ്ടുവരപ്പെട്ടു, ഇപ്പോൾ ഈ വാക്സിൻ ഉപയോഗിച്ചാണ് പോളിയോ നീക്കം ചെയ്യുന്നത്, കാരണം അതായിരുന്നിട്ട് "ഒരിക്കലും മടുക്കാത്ത ഒരിക്കലും ഉപേക്ഷിക്കരുത്," എന്ന ആ താക്കോൽ അവിടെ എവിടെയോ കിടന്നിരുന്നു. അതിൽ നിന്ന് സംക്രമിപ്പിക്കുന്ന എന്തോ ചിലത് അവിടെ ഉണ്ടായിരുന്നു, അവർ അത് കണ്ടെത്താൻ ദൃഢനിശ്ചയം ചെയ്തിരുന്നു.

50 പോളിയോ എന്നോ, തൊണ്ടയ്ക്കുണ്ടാകുന്ന രോഗമോ, വസൂരിയോ, പീതജ്വരമോ, ഞരമ്പുവലിയോ, രോഗത്താൽ താടിയിലെ പേശികൾ വലിക്കുകയോ, മാത്രമല്ല തുടങ്ങിയതെല്ലാം, ശാസ്ത്രത്തിന്, ഈ തിന്മകളോട്, യുദ്ധം ചെയ്യാൻ കഴിഞ്ഞു, രാവും പകലും, അതിൽ നിന്ന് ഒരു കുത്തിവയ്പ്പ് കണ്ടെത്തുവോളം, കാരണം അത് തിന്മയാണ്, അത് ഒരു കൊലയാളിയാണ്, പാപത്തിന്റെ തടവറയിൽ കഴിയുന്ന ഒരു മനുഷ്യന്റെ രക്ഷയുടെ താക്കോൽ ഇതിലും എത്രയോ വലുതാണ്?

അതിൽ നിന്ന് മനുഷ്യരെ മോചിപ്പിക്കാൻ, ആ വാതിലിനുള്ള ഒരു താക്കോലുണ്ട്.

51 പിന്നെ, ഒരു താക്കോൽ നിങ്ങൾ കണ്ടിട്ട്, സാധാരണയായി, ഒരു താക്കോൽ, അത് ആ പൂട്ട് തിരിക്കുമ്പോൾ, അതിനു ചില നിധികൾ കിട്ടിയിരിക്കണം, മൂല്യവത്തായ എന്തോ ഒന്ന്, അല്ലെങ്കിൽ നിങ്ങൾ അത് പൂട്ടിയിടുക പോലുമില്ല. ഇത് പൂട്ടിയുടുന്നതിനു വിലമതിക്കുന്നില്ലെങ്കിൽ, അതിനെ വെറുതെ വിടുന്നു. എന്നാൽ അത് വിലയുള്ളതാണെങ്കിൽ പൂട്ടിയിടുക! അതിനാൽ സാധാരണയായി ആ—ആ ഒരു താക്കോൽ എന്തിലേക്കെങ്കിലുമുള്ള കുറിപ്പോ, അഥവാ മൂല്യവത്തായ എന്തെങ്കിലും നൽകാനുള്ള വഴിയോ ആകുന്നു. താക്കോൽ, അതിനു ഉള്ളതാണ് അത്, ഇപ്പോൾ, അത് മൂല്യവത്തായ എന്തിനെയെങ്കിലും തുറക്കുന്നു.

52 ഇപ്പോൾ വിശുദ്ധ യോഹന്നാൻ, 10-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു, യേശു പറഞ്ഞു, "ആടുകളുടെ വാതിൽ ഞാൻ ആകുന്നു. വാതിൽ ഞാൻ ആകുന്നു," *ഒരു* വാതിൽ അല്ല, "*ആ* വാതിൽ, ഏക വാതിൽ. ഞാൻ വഴിയും, ഏക വഴിയും, സത്യവും, ജീവനും ആകുന്നു, ഞാൻ മുഖാന്തരം അല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. ആടുകളുടെ വാതിൽ ഞാൻ ആകുന്നു എനിക്കു മുമ്പേ വന്നവരെല്ലാം ശത്രുക്കളായി, കള്ളന്മാരും കവർച്ചക്കാരും ആകുന്നു." ആടുകളുടെ വാതിൽ അവൻ ആകുന്നു. രക്ഷയുടെ വാതിൽ അവനാകുന്നു.

53 "നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനു ആകാശത്തിൻ കീഴിൽ നൽകപ്പെട്ട മറ്റൊരു നാമമില്ല, യേശു ക്രിസ്തുവിന്റെ നാമത്തിലൂടെ മാത്രം." ഒരു സഭയോ, വിഭാഗീയ സഭയോ, മതവിശ്വാസമോ, എന്തിന്റെയെങ്കിലും ഉപദേശമോ അല്ല; യേശുവിന്റെ നാമത്തിലൂടെ മാത്രം. അതാണ്—അതാണ് ആ താക്കോൽ. പെന്തെക്കൊസ്ത് നാളിൽ പത്രൊസിന് അവയിലൊന്ന് ഉപയോഗിക്കാൻ കഴിഞ്ഞതിൽ അതിശയിക്കാനില്ല! ആ വാതിലിലേക്ക് എങ്ങനെ പ്രവേശിക്കാമെന്ന് അറിയാൻ അവർ ആഗ്രഹിച്ചു. അവൻ ആ താക്കോൽ ഉപയോഗിച്ചു. അവിടെ ഒരേ ഒരു താക്കോൽ മാത്രമേയുള്ളൂ, കാരണം ഒരു വാതിൽ മാത്രമേയുള്ളൂ. "വാതിൽ ഞാൻ ആകുന്നു." പത്രൊസിന് അതിന്റെ താക്കോൽ ഉണ്ടായിരുന്നു. അവൻ പറഞ്ഞു, "നിങ്ങൾ ഓരോരുത്തരും, മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ, നിങ്ങൾക്ക് ദൈവത്തിന്റെ നിധികൾ ലഭിക്കും." ആ വാതിലിന്റെ താക്കോൽ അതായിരുന്നു, ആ വാതിൽ യേശുവാകുന്നു.

രോഗശാന്തിക്ക് ഒരേ ഒരു വാതിൽ മാത്രമേയുള്ളൂ, യേശുവാണ് ആ വാതിൽ.

54 സമാധാനത്തിനായി ഒരേ ഒരു വാതിലേ ഉള്ളൂ. അതെ. “എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു.” യഥാർത്ഥ സമാധാനത്തിനുള്ള ഏക വാതിൽ അവൻ മാത്രമാണ്. നിങ്ങൾക്ക് സമാധാനമുണ്ടെന്ന് നിങ്ങൾ വിചാരിച്ചേക്കാം. നിങ്ങൾക്ക് വീട് വാങ്ങാൻ ആവശ്യമായ പണം നിങ്ങൾ ശേഖരിച്ചിരിക്കാം, നിങ്ങളുടെ കുട്ടികൾക്ക് വസ്തുങ്ങൾ വാങ്ങുന്നതിന് ആവശ്യമായ പണം നിങ്ങൾ ശേഖരിച്ചേക്കാം, കഴിക്കാൻ ഭക്ഷണമുണ്ട്, പക്ഷേ ആളുകൾക്കിടയിൽ ജനപ്രിയമാകാൻ ആവശ്യമായ ജനപ്രീതിയും നിങ്ങൾ നേടിയിരിക്കാം. എന്നാൽ രാത്രിയിൽ നിങ്ങൾ ചെരുപ്പ് അഴിച്ച് കിടക്കാൻ തയ്യാറാകുമ്പോൾ, നിങ്ങൾക്ക് സമാധാനം നൽകാൻ കഴിയുന്ന ഒരു കാര്യം മാത്രമേയുള്ളൂ. അതായത്, ആ രാത്രിയിൽ നിങ്ങൾ മരിക്കുകയാണെന്ന് നിങ്ങൾക്ക് അറിയാൻ കഴിഞ്ഞാൻ, ഒരേ ഒരു സമാധാനം മാത്രമേയുള്ളൂ, കൂടാതെ, അത്, ആ സമാധാനം യേശുവാണ്. അവനാണ് നമ്മുടെ സമാധാനം.

55 അവനാണ് നമ്മുടെ രോഗശാന്തി. “നിന്റെ സകല രോഗങ്ങളെയും സൌഖ്യമാക്കുന്ന ദൈവമായ കർത്താവ് ഞാൻ ആകുന്നു.”

56 അവൻ സ്വർഗ്ഗത്തിലേക്കുള്ള വാതിൽ ആകുന്നു. യേശു ക്രിസ്തുവിലൂടെ അല്ലാതെ മറ്റൊരു വാതിലിലൂടെയോ അതല്ല മറ്റൊരു വഴിയിലൂടെയോ ഇല്ല. സ്വർഗ്ഗത്തിലേക്കുള്ള വാതിൽ അവനാകുന്നു.

57 ഇപ്പോൾ യേശു ഇവയ്ക്കെല്ലാം വാതിൽ ആകുന്നു, വിശ്വാസമാണ് ആ വാതിൽ തുറക്കുന്ന താക്കോൽ. ഇപ്പോൾ, ദൈവത്തിന്റെ ഈ വാഗ്ദാനങ്ങൾക്കെല്ലാം വാതിൽ യേശുവാണെങ്കിൽ, ദൈവരാജ്യത്തിനുള്ളിലെ എല്ലാ നിധികളിലും എല്ലാ വാതിലുകളും ഉള്ള അവന്റെ പൂർത്തിയാക്കിയ വേലയിലുള്ള വിശ്വാസം തുറക്കുന്നു. അത് കണ്ടോ? താക്കോൽ...അവൻ നൽകിയ സകല വാഗ്ദാനങ്ങളെയും തുറക്കുന്ന താക്കോലാണ് വിശ്വാസം. വിശ്വാസത്തിന്റെ താക്കോൽ അത് ചെയ്യുന്നു, അവന്റെ പൂർത്തീകരിച്ച വേലയിലുള്ള വിശ്വാസം. അത് ഈ താക്കോലുകളെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്.

58 ഇപ്പോൾ എബ്രായർ, 11-ാം അദ്ധ്യായം, ഈ വിശ്വാസ വീരന്മാരുടെ, ഒരു വലിയ നിര തന്നെ ഞാൻ ഇവിടെ എഴുതിക്കൊണ്ടു വന്നിട്ടുണ്ട്. അതു ആ—വാതിലിലേക്കുള്ള, താക്കോലായിരുന്ന്, അതു സിംഹങ്ങളുടെ വായ് അടച്ചു. അതു വിശ്വാസത്തിന്റെ, താക്കോൽ ആയിരുന്ന്, അത് ജയിലറകളെ തുറന്നു. അത് വിശ്വാസത്തിന്റെ,

വിശ്വാസത്തിന്റെ താക്കോൽ ആയിരുന്ന്, തീയുടെ ഹിംസയെ ശമിപ്പിച്ചു, വാളിന്റെ വായ്ത്തലയിൽ നിന്ന് രക്ഷപ്പെട്ടു, മരിച്ചവരെ വീണ്ടും ജീവങ്കലേക്ക് തിരികെ കൊണ്ടു വന്നു. അത് വിശ്വാസമായി, ജീവനുള്ള ദൈവത്തിന്റെ വിശ്വാസത്തിന്റെ താക്കോൽ ആയിരുന്നു. വിശ്വാസത്തിന്റെ താക്കോൽ എടുക്കാൻ കഴിയുന്ന, ആ കൈയ്യ്, ആ മനുഷ്യന്, ആ സ്ത്രീയ്ക്ക്, അവർക്ക് ദൈവം നൽകിയ സകല വാഗ്ദാനങ്ങളെയും തുറക്കാൻ കഴിയും. നിങ്ങൾക്ക് ആ താക്കോൽ ലഭിച്ചിട്ടില്ല എങ്കിൽ, നിങ്ങൾ അന്വേഷിക്കുകയാണ്, നിങ്ങൾ അത് ഒരിക്കലും തുറക്കുകയില്ല. നിങ്ങൾ അതിനെതിരെ അടിക്കും എന്തെന്നാൽ ഈ താക്കോൽ...

59 ശരിയായി നിർമ്മിച്ച ഏതൊരു താക്കോലിന്റെ പൂട്ടിനുള്ളിലും ലിവറുകളുണ്ട്, അത് ഒരു പ്രത്യേക രൂപത്തിലാക്കി എടുക്കുന്നു, ആ ലിവറുകളെ തിരക്കാനായി താക്കോലുകളിൽ ഒരു പ്രത്യേക ആകൃതി ഉണ്ടാക്കിയിരിക്കുന്നു. ഒരു ചെറിയ ലിവർ മാറിപ്പോയാൽ മതി, മുഴുവൻ കാര്യത്തെയും കുഴപ്പിച്ചുകളയും.

60 അതിനാൽ, ദൈവത്തിന്റെ ഓരോ വചനവും, ദൈവത്തിന്റെ ശക്തിയെ അഴിച്ചു വിടുന്ന, പൂർണ്ണ സുവിശേഷത്തിൽ ഞാൻ വിശ്വസിക്കുന്നു, അത് അവന്റെ അനുഗ്രഹങ്ങളെ ജനങ്ങളിലേക്ക് തിരിക്കുന്നു. അത് വാതിലിന്റെ താക്കോലാണ്, അത് അതിനെ തുറക്കുന്നു. ഓ, ആ മഹാനായ വീരന്മാർ, ബൈബിളിലെ ആ പ്രവാചകന്മാർക്കും മഹാന്മാരായ മനുഷ്യർക്കും, ആ താക്കോൽ ഉണ്ടായിരുന്നു! അതുകൊണ്ടാണ് അവർക്ക് സിംഹങ്ങളുടെ വായ് അടക്കാനും, തീയുടെ ഹിംസയെ ശമിപ്പിക്കാനും, വാളിന്റെ വായ്ത്തലയിൽ നിന്ന് തെറ്റിയൊഴിയാനും കഴിഞ്ഞിട്ട്, മരിച്ചവരെ ജീവങ്കലേക്ക് തിരികെ കൊണ്ടുവരാനും, എല്ലാവിധ അത്ഭുതങ്ങൾ ചെയ്യാനും സാധിച്ചത്, കാരണം അവർ ആ താക്കോൽ കൈവശം വെച്ചിരിക്കുകയും അത് പ്രവർത്തിക്കുമെന്ന് അവർ അറിയുകയും ചെയ്തിരുന്നു, കാരണം അത് ഒരു തിരുവെഴുത്താൽ-ജനിച്ച താക്കോലായിരുന്നു.

61 ഇപ്പോൾ, ഞാൻ ഒരു മതവിശ്വാത്തിന്റെ താക്കോലുമായി അന്വേഷിച്ചുകൊണ്ട് മുന്നോട്ട് പോയാൽ, അത് എന്തു ചെയ്യാൻ പോകുന്നു എന്നു എനിക്ക് അറിയാൻ കഴിയില്ല. അവർ പറയുകയാണ്, "എന്റെ സഭ ഇത് പഠിപ്പിക്കുന്നു," എനിക്ക് അതിനെക്കുറിച്ച് അറിയില്ല.

62 എന്നാൽ ബൈബിൾ അത് പഠിപ്പിക്കുകയും, വിശ്വാസത്തിന്റെ താക്കോൽ എന്റെ കൈയിലോ, അതല്ല എന്റെ ഹൃദയത്തിലോ

പിടിക്കുകയും ചെയ്യുമ്പോൾ, അത് പറയും, "അത് ദൈവ വചനമാണ്," അത് തീയുടെ ഹിംസയെ ശമിപ്പിക്കുന്നു, അത് രോഗികൾക്ക് രോഗശാന്തി തുറന്നു കൊടുക്കുകയും, അത് നഷ്ടപ്പെട്ടവർക്ക് രക്ഷയെ തുറന്നു കൊടുക്കുകയും ചെയ്യും. എനിക്ക് ആ വാതിൽക്കലേക്ക് വരേണ്ടതുണ്ട്, സകലതും അവന്റെ നാമത്തിലാണ്. "നിങ്ങൾ വാക്കിനാലോ ക്രീയയാലോ എന്തു ചെയ്താലും സകലവും അവന്റെ നാമത്തിൽ ചെയ്യുക." വിശ്വാസത്തിന്റെ താക്കോലാണ് നിങ്ങൾക്ക് ലഭിച്ചിരിക്കുന്നതെന്നു അറിയുന്നു, കാരണം ഇത് ഒരു തിരുവെഴുത്ത്-നിർമ്മിത താക്കോലാണ്. ഇപ്പോൾ, അത് ഒരു മത വിശ്വാസത്തിന്റെ താക്കോൽ, വിഭാഗീയ സഭയുടെ താക്കോൽ ആണെങ്കിൽ, അത് എന്തു ചെയ്യുമെന്ന് എനിക്കറിയില്ല. എന്നാൽ അത് ഒരു തിരുവെഴുത്തിന്റെ താക്കോൽ ആണെങ്കിൽ, അത് തുറക്കും, കാരണം ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു. ഇപ്പോൾ, ഓ, അവർക്ക് തീയുടെ ഹിംസ തടയാൻ കഴിഞ്ഞതിലും, അങ്ങനെയുള്ളതും ചെയ്യാനായി എന്നതിൽ അതിശയമില്ല, അവർക്ക് ആ താക്കോൽ ഉണ്ടായിരുന്നു.

63 ആ പ്രവാചകന്മാരിൽ ഒരുവനു ദൈവം ആദ്യം അനുമതി നൽകിയപ്പോൾ, അവരെ തടയാൻ യാതൊന്നിനും കഴിഞ്ഞില്ല. കുറച്ചുകാലം അവൻ എന്നോട് ചെയ്തിരുന്നതുപോലെ അവനു, ആ നാട്ടിൽ വീണ്ടും വീണ്ടും ചെയ്യേണ്ടതില്ല, ചിലപ്പോൾ നിങ്ങൾ (ഞാൻ പ്രതീക്ഷിക്കുന്നില്ല), എന്നോട് തുടർച്ചയായി പറയുമായിരുന്നു, "പോയി ഇത് ചെയ്യുക," എന്നിട്ട് നിങ്ങൾ ഇടറി വീഴും, "പിന്നെയും പോയി ഇത് ചെയ്യുക," "തിരികെ പോയി വീണ്ടും ഇത് ചെയ്യുക, നീ അത് ശരിയായി ചെയ്തിട്ടില്ല." ഒരു ചെറിയ തലയാട്ടൽ! ഉടൻ തന്നെ, ആത്മാവ് പറയുന്നതായി അവർക്ക് അനുഭവപ്പെട്ടും, "ആ ചെയ്യേണ്ട കാര്യം ഇതാണ്," ഒന്നും അവരെ തടയാൻ പോകുന്നില്ല. സഹോദരാ, അവർ—അവർ—അവർ സിംഹങ്ങളുടെ വായ് അടച്ചു, വാളിന്റെ വായ്ത്തലയിൽ നിന്നും വഴുതിപ്പോയി, അവർ തീയെ ശമിപ്പിച്ചു, അവർ സകലതും ചെയ്തു. ദൈവത്തിൽ നിന്നുള്ള ഒരു ചെറിയ തലയാട്ടൽ, കാരണം അവർ ആ താക്കോൽ കയ്യിൽ പിടിച്ചിരുന്നു, ആ വലിയ വിശ്വാസം! അവർ ദൈവത്തിനു വേണ്ടി കാര്യങ്ങൾ ചെയ്തു കാരണം അവരെ ഒന്നും തടയാൻ പോകുന്നില്ല. ഓ, എത്ര മഹത്വമേറിയത്!

64 ഒരിക്കൽ ഒരു ചെറുപ്പക്കാരനായ മനുഷ്യൻ വൃദ്ധനായ ഒരു സഹോദരൻ ഒരു ദൈവ ഭക്തന്റെ, ദൈവത്തിന്റെ ഒരു പഴയ പ്രവാചകന്റെ അടുക്കൽ വന്നു. ആ മനുഷ്യൻ നിരന്തരം സാക്ഷ്യം വഹിക്കുന്നു എന്നും, ദൈവത്തിന്റെ നന്മയെക്കുറിച്ചും, ദൈവം എങ്ങനെയായിരുന്നു എന്നും നിരന്തരം പറയുന്നെന്നും അവൻ

കേട്ടിരുന്നു, ക്രിസ്തു എന്തായിരുന്നു, അങ്ങനെ മുന്നോട്ട് പോയി, സംസാരിച്ചുകൊണ്ടിരുന്നു. ഒടുവിൽ, ഈ ചെറുപ്പക്കാരൻ ശുശ്രൂഷയിൽ നിയമിക്കപ്പെടാൻ പോവുകയായിരുന്നു, അതിനാലാണ് അവൻ ഈ വൃദ്ധനായ ഭക്തന്റെ അടുത്തെത്തിയത്, അങ്ങനെ അവൻ അവനോടു പറഞ്ഞു, "സർ, ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു."

അദ്ദേഹം പറഞ്ഞു, "ചെറുപ്പക്കാര, ചോദിച്ചുകൊള്ളൂ."

65 അവൻ ചോദിച്ചു, "അതു ചെയ്യുന്നു എന്നു നിങ്ങൾ പറയുന്നതു പോലെ ക്രിസ്തു അക്ഷരാർത്ഥത്തിൽ നിങ്ങളോട് അത്രയും അർത്ഥമാക്കുന്നോ?"

66 അദ്ദേഹം പറഞ്ഞു, "ഞാൻ സംസാരിക്കുന്നതിനു ശ്വാസം എടുക്കുന്നതിനെക്കാൾ കൂടുതൽ അവൻ എനിക്ക് അർത്ഥമാക്കുന്നു!" അവിടെയാണ് നിങ്ങൾ. അത് എന്തായിരുന്നു? അദ്ദേഹം താക്കോൽ കണ്ടെത്തിയിരുന്നു.

67 അതിന്മേൽ, ആ ചെറുപ്പക്കാരൻ ചോദിച്ചു, "ആ കാര്യങ്ങൾ നിങ്ങളെപ്പോലെ യഥാർത്ഥ്യമെന്നു എന്നോട് പറഞ്ഞിട്ട്, നിങ്ങൾ ഈ കാര്യങ്ങൾ അവകാശപ്പെടുമ്പോൾ, അതേ യാഥാർത്ഥ്യത്തിൽ തന്നെ, അതേ യേശുവിനെ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു." അത് എന്തായിരുന്നു? ആ വൃദ്ധൻ ഒരു താക്കോൽ പിടിച്ചിട്ടുണ്ടെന്നും, പൂട്ടിയിരിക്കുന്നതിനെ അദ്ദേഹത്തിനു തുറക്കാൻ കഴിയുമെന്നു അവൻ അറിഞ്ഞു കഴിഞ്ഞിരുന്നു.

68 തുറക്കുന്ന ഒരു താക്കോലിനു, അടക്കാനും, കൂടെ കഴിയും, എന്നു നിങ്ങൾക്കറിയാം. കണ്ടോ? നിങ്ങൾക്ക് അഴിക്കാനും അതല്ല കെട്ടാനും കഴിയും. അത് ശരിയാണ്. പൂട്ടുന്ന അതേ താക്കോൽ തന്നെ തുറക്കുന്നു. തുറക്കാൻ ഉപയോഗിക്കുന്ന താക്കോലിനാൽ പൂട്ടാനും കഴിയും. അത് കൃത്യമാണ്, നോക്കൂ, കാരണം ഇത് രണ്ട് രീതിയിലും പ്രവർത്തിക്കുന്നു. സഭയ്ക്ക് ആ കാഴ്ചപ്പാട് എപ്പോഴോ നഷ്ടപ്പെട്ടു പോയി എന്നത് എത്ര ദയനീയമാണ്! ഇന്ന് നാം ചെയ്തതുപോലെ, സഭ മതവിശ്വാസങ്ങൾക്ക് വിറ്റുപോയതും, ഇപ്പോൾ ഐക്യപ്പെടാൻ ആഹ്വാനം ചെയ്തതും എത്ര സങ്കടകരമാണ്.

69 മഹത്തായ റോമൻ പുരോഹിത സമ്പ്രദായവും അവരും ഇപ്പോൾ എവിടെയാണ് കണ്ടുമുട്ടാൻ പോകുന്നതെന്ന് നമ്മൾ കണ്ടു, അവർ ചില പദ്ധതികളെ മാറ്റാൻ പോകുന്നു. അവ മാറ്റിയിട്ടില്ലെന്ന് ഞാൻ കരുതി; എങ്ങനെയും, അവർ അത് ചെയ്യാൻ പോകുന്നു, ഓരോ പുരോഹിതനും ഒരു പോപ്പിന്റെ അധികാരം നൽകുക, പിന്നെ—പിന്നെ

അവൻ എവിടെ ആയിരുന്നാലും, അങ്ങനെയും മറ്റമാകുന്നു. എത്ര ദയനീയം, സഭ വചനത്തിനു പകരം സിദ്ധാന്തങ്ങൾക്ക് എപ്പോഴോ വിറ്റുപോയിരിക്കുന്നു. കണ്ടോ? അവിടെയാണ് അവർ താക്കോൽ ഉപേക്ഷിച്ചു കളഞ്ഞത്, ശരിക്കും അവിടെ. ആ കാരണത്താലാണ് ഇന്ന് ജനങ്ങൾക്കിടയിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും നടക്കാത്തത്, അത് അവിടെ മുമ്പ് ഉണ്ടായിരുന്നിട്ട്, അവർക്ക് ആ താക്കോൽ നഷ്ടപ്പെട്ടിരിക്കുന്നു! അതെ, അവർക്ക് ആ വാതിൽ അറിയാം, വാതിൽ അവിടെ ഉണ്ടെന്ന് അവർക്ക് അറിയാം, എന്നാൽ അടുത്ത കാര്യം വാതിൽ തുറക്കുന്നതിനുള്ള താക്കോലാണ്. നിധികൾ വാതിലിനു പിന്നിലുണ്ട്. അവിശ്വാസികളിൽ നിന്ന്, കാഴ്ചയ്ക്കു പുറത്തായി, അവ പൂട്ടിയിട്ടിരിക്കുന്നു. എന്നാൽ വിശ്വാസിക്ക്, വിശ്വാസം ഉണ്ടായിട്ട് വിശ്വാസത്തിന്റെ താക്കോൽ എടുക്കുന്നവന്, ഈ വാതിലുകൾ തുറക്കാനാകും. അതെ, സർ.

70 കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഇവിടെ, ഒരു മിഷനറി സഹോദരൻ ഉണ്ടായിരുന്നു, തനിക്ക് ആഫ്രിക്കയിലേക്കുള്ള ഒരു വിളി ഉണ്ടെന്ന് അവന് തോന്നി. അവൻ ഒരു ചെറുപ്പക്കാരനായിരുന്നു; ഒരു ഭാര്യയും രണ്ട് മക്കളും, വളരെ സുന്ദരിയായ, ചെറുപ്പക്കാരി പെൺകുട്ടികൾ, ഓരോരുത്തർക്കും, ഏകദേശം ഏഴോ എട്ടോ വയസ്സുണ്ടാകും. ഈ ചെറുപ്പക്കാരന് അതിൽ നിന്ന് പുറത്തു വരാൻ കഴിഞ്ഞില്ല. അവൻ ഒരു—ഒരു ദൈവ ദാസനായിരുന്നു, അവന് രാജ്യത്ത് ഒരു നല്ല പള്ളി ഉണ്ടായിരുന്നു. പക്ഷേ അവന് ആ വിളിയിൽ നിന്ന് പുറത്തു വരാൻ കഴിഞ്ഞില്ല, അവൻ "തികച്ചും ആഫ്രിക്കയിലേക്ക് പോകണം." രാവും പകലും, അവൻ പ്രാർത്ഥിച്ചു. അവൻ പോകാൻ ആഗ്രഹിച്ചില്ല. ദൈവം അവനോടു തുടരെ പറഞ്ഞുകൊണ്ടിരുന്നു, "നീ തികച്ചും പോകണം!" ഒടുവിൽ അവൻ ഒരു സ്ഥലത്തേക്കു വന്നു, ഒരു പ്രകടനത്തിലേക്ക്, എവിടെ, അവൻ—അവൻ തികച്ചും പോയിരിക്കണം!

71 അങ്ങനെ അവൻ തന്റെ പള്ളിയിലെ മിഷൻ ബോർഡിലേക്ക് പോയി, അവൻ പറഞ്ഞു, "റോഡേഷ്യയുടെ പിൻഭാഗത്തെ—കാടുകളിലേക്കു ദൈവം എന്നെ ദൗത്യത്തിനായി വിളിച്ചിരിക്കുന്നു." ഈ കാട്ടിൽ വിഷജ്വരം ബാധിച്ചവരും, സൂര്യന്റെ ചൂടിനാൽ പനി ബാധിച്ചവരും, പ്ലേഗ് ബാധിച്ചവരും, കുഷ്ഠം ബാധിച്ചവരും, ഈ കാട്ടിനുള്ളിൽ എല്ലാത്തരം രോഗങ്ങൾ ബാധിച്ചവരും ഉണ്ട്, തന്റെ ശേഷിക്കുന്ന ജീവിതം, അവിടെ തുടരാൻ അവൻ അവിടേക്ക് പോകാൻ പോകുന്നു. അവന്റെ വീടും അവന്റെ പക്കലുള്ളതെല്ലാം വിറ്റു. അങ്ങനെ മിഷൻ ബോർഡ് അവനെ പരീക്ഷിക്കാൻ ആഗ്രഹിച്ചു, അവർ ചോദിച്ചു, "നിനക്ക് ഇപ്പോൾ ഉറപ്പാണോ?"

അവൻ പറഞ്ഞു, "എനിക്ക് വളരെ ഉറപ്പാണ്."

72 അവർ അവനോടു പറഞ്ഞു, "ശ്രീമാൻ, അതിനെ നിങ്ങൾ ഈ വിധത്തിൽ ചിന്തിച്ചിട്ടുണ്ടോ, നിങ്ങൾക്ക് രണ്ട് സുന്ദരികളായ പെൺകുട്ടികളുണ്ട്, നിങ്ങൾക്ക് ഒരു—ഒരു സുന്ദരിയായ ഒരു ചെറുപ്പക്കാരി ഭാര്യയുണ്ട്, നിങ്ങൾ ഇങ്ങനെ...നിങ്ങൾ പോയി അത് എങ്ങനെയുണ്ട് എന്നു നോക്കിയിട്ട് പിന്നെ തിരികെ വരാത്തത് എന്താണ്?"

73 അവൻ പറഞ്ഞു, "ഇല്ല, കർത്താവ് എന്നോടു പറഞ്ഞു. ഓ, ഇത് വളരെ വാസ്തവമാണ്!" അവൻ പറഞ്ഞു, "കർത്താവ് എന്നെ വിളിച്ചിരിക്കുന്നു. ഞാൻ—ഞാൻ എന്റെ വീട് വിട്ടുപോകാൻ ആഗ്രഹിക്കുന്നില്ല, എന്റെ പള്ളിയെയും ജനങ്ങളെയും വിട്ടുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല, പക്ഷേ കർത്താവ് എന്നെ ആ കാട്ടിലേക്ക് പോകാൻ വിളിച്ചിരിക്കുന്നു."

74 അവൻ ചേദിച്ചു, "ശ്രീമാൻ, നിങ്ങളുടെ ചെറിയ പെൺകുട്ടികൾക്ക് മഞ്ഞപ്പനി ബാധിക്കുമെന്ന് നിങ്ങൾക്കറിയാമോ അഥവാ ചുമന്ന രക്താണുക്കളെ ബാധിക്കുന്ന മലേറിയ പിടിച്ച്, ഒറ്റ രാത്രി കൊണ്ട്, മരിക്കുമെങ്കിലോ?" തങ്ങളുടെ ചെറിയ കുട്ടികളേയും, മക്കളെയും നഷ്ടപ്പെട്ട വ്യത്യസ്ത ആളുകളെപ്പറ്റി അദ്ദേഹം പരാമർശിച്ചു, അവർക്ക് അത്രയും പുറകിലായി, രോഗങ്ങൾക്കായി അവർക്ക് കുത്തിവയ്പ്പ് ഒന്നും തന്നെ കിട്ടിയിട്ടില്ല. അവൻ പറഞ്ഞു, "കുഷ്ഠ രോഗത്തെക്കുറിച്ച്, നിങ്ങളുടെ സുന്ദരിയായ ഭാര്യയ്ക്കും നിങ്ങളുടെ രണ്ട് കൊച്ചു പെൺകുട്ടികൾക്കും കുഷ്ഠ രോഗം ബാധിച്ചാൽ എന്താകും എന്നു ചിന്തിച്ചു നോക്കു, ആ ചൂടുള്ള സൂര്യനും നിങ്ങൾക്ക് സഹിക്കേണ്ടി വരുന്ന കാര്യങ്ങളും." ചോദിച്ചു, "അത്തരമൊരു അപകടം പിടിച്ച സ്ഥലത്തേക്ക്, നിങ്ങൾ നിങ്ങളുടെ ഭാര്യയെയും മക്കളെയും കൊണ്ടുപോകുന്നതിനു ഭയപ്പെടുന്നില്ലേ?"

75 അപ്പോൾ ആ മിഷനറി അവിടെ നിന്നു, ആ ചെറുപ്പക്കാരൻ, അവന്റെ കവിളുകളിൽ നിന്ന് കണ്ണുനീർ ഒഴുകാൻ തുടങ്ങി, അവൻ തിരിഞ്ഞിട്ട്, പറഞ്ഞു, "എന്റെ സഹോദരന്മാരേ! ദൈവ വിളിയെക്കുറിച്ചുള്ള എന്റെ ദർശനം," അവൻ പറഞ്ഞു, "ദൈവം എന്നെ ആഫ്രിക്കയിലേക്ക് വിളിച്ചിട്ടുണ്ടെങ്കിൽ, എന്റെ മക്കളും കുടുംബവും ലോകത്തിലെ ഏത് സ്ഥലത്തേക്കാളും ആഫ്രിക്കയിൽ കൂടുതൽ സുരക്ഷിതമായിരിക്കും." ആമേൻ. അത് എന്തായിരുന്നു? അവന്റെ വിളിയുടെ താക്കോൽ അവനുണ്ടായിരുന്നു, അവൻ എന്തു സംസാരിക്കുന്നു എന്നതിൽ അവന് വിശ്വാസമുണ്ടായിരുന്നു. ഓ, ഞാൻ ചിന്തിച്ചു, എന്തൊരു മഹത്തായ പരാമർശം! ഞാൻ

അത് ആദ്യമായി കേട്ടപ്പോൾ, എന്റെ ഹൃദയം കുതിച്ചുയർന്നു. നോക്കു, "ദൈവം എന്നെ ആഫ്രിക്കയിലേക്ക് വിളിച്ചിരിക്കുന്നെങ്കിൽ, കുഷ്ഠരോഗത്തിലും പകർച്ചവ്യധികളിലും മറ്റെല്ലാറ്റിലുമായി എന്റെ കുഞ്ഞുങ്ങൾ, ഭൂമുഖത്തുള്ള മറ്റേതൊരു സ്ഥലത്തേക്കാളും അവർ അവിടെ സുരക്ഷിതമായിരിക്കും." അവന് ആ താക്കോൽ ഉണ്ടായിരുന്നു. അതാണ് അത് എടുക്കുന്നത്.

76 നിങ്ങൾക്ക് ആ താക്കോൽ ലഭിക്കുമ്പോൾ, അവിടെ ഭയമില്ല, അവിടെ സംശയമില്ല, അവിടെ ചോദ്യവുമില്ല. നിങ്ങൾ ഇതിനെക്കുറിച്ച് മറ്റാരോടും ചോദിക്കേണ്ടതില്ല, നിങ്ങൾക്ക് കൃത്യമായി അറിയാം. നിങ്ങൾക്കത് നിങ്ങളുടെ കൈയ്യിൽ കിട്ടിയിരിക്കുന്നു, എന്തു ചെയ്യണമെന്ന് നിങ്ങൾക്കറിയാം. ആമേൻ. നേട്ടം എന്താണെന്ന് നിങ്ങൾക്കറിയാം, വാതിൽ തുറക്കാൻ പോകുന്നു എന്നു നിങ്ങൾക്കറിയാം. നിങ്ങൾ ലിവറുകൾ പരിശോധിച്ചു അത് കർശനമായും ശരിയായ കാര്യമാണെന്ന് നിങ്ങൾക്കറിയാം, നിങ്ങൾ അതിൽ താക്കോൽ ഇടുമ്പോൾ തന്നെ വാതിൽ തുറക്കാൻ പോകുന്നു.

77 ഓ, സഭയ്ക്ക് താക്കോലുകൾ മാത്രം ഉണ്ടായിരുന്നെങ്കിൽ! വിശ്വാസത്തിന്റെ താക്കോൽ മാത്രം സഭയ്ക്ക് കൈവശം ഉണ്ടായിരന്നെങ്കിൽ, നമുക്ക് ഏതൊരു വാതിലും തുറക്കാൻ കഴിയുമായിരുന്നു, ഏതെങ്കിലും രോഗമോ, ഏതെങ്കിലും മഹാമാരിയോ, അവിടെയുള്ള ഏതൊരു സ്ഥിതിയാലും ശരി. നമുക്ക് ഈ താക്കോൽ കൈവശം വയ്ക്കാൻ മാത്രം കഴിഞ്ഞാൽ ഇത് നമുക്ക് തുറക്കാൻ കഴിയും. ഈ മനുഷ്യന് തന്റെ വിളിയുടെ താക്കോൽ ഉണ്ടായിരുന്നു.

78 ഒരു വ്യക്തിഗതമായ സാക്ഷ്യത്തിന് എന്നോട് നിങ്ങൾ ക്ഷമിക്കണം. ഇപ്പോൾ ഏതാണ്ട്, പതിനഞ്ച്, പതിനേഴ വർഷം മുമ്പ്, അവിടെ നദിയിൽ വെച്ചു കർത്താവ് എന്നോട് പറഞ്ഞത് ഞാൻ ഓർക്കുന്നു, അഗ്നിസ്തംഭത്താൻ അവൻ ഇറങ്ങി വന്നപ്പോഴായിരുന്നു അവന്റെ ചിത്രം നിങ്ങൾ കണ്ടിട്ടുണ്ട്, അവൻ എന്നോട് സംസാരിച്ചു പറഞ്ഞു, "നീയാണ് ഈ സന്ദേശം ലോകമെമ്പാടും എത്തിക്കാൻ പോകുന്നത്."

അവൻ ഗ്രീൻ മില്ലിൽ വെച്ച് സംസാരിച്ചത് ഞാൻ ഓർക്കുന്നു.

79 ഞാൻ പോയി പാസ്റ്ററിനോട് പറഞ്ഞു, അവൻ എന്നോടു ചേദിച്ചു, പറഞ്ഞു, "ബില്ലി, അന്ന് രാത്രി നീ എന്താണ് കഴിച്ചത്? നിനക്ക് ഒരു പേടി സ്വപ്നം ഉണ്ടായി." അദ്ദേഹം പറഞ്ഞു, "നിന്റെ ജോലിയിലേക്ക് മടങ്ങി പോകുക. നീ പബ്ലിക് സർവ്വീസ് കമ്പനിയിൽ ജോലി ചെയ്യുകയാണ്, നല്ല ജോലി കിട്ടിയിരിക്കുന്നു, തിരികെ പോയി നിന്റെ—നിന്റെ ജോലി നോക്ക്, മോനെ." പറഞ്ഞു, "നിനക്ക് ഒരു പേടിസ്വപ്നം

ഉണ്ടായിരിക്കുന്നു. നീ എന്തോ ചിലത് കഴിച്ചു കാണും." അത് എന്നെ ഒട്ടും അസ്വസ്ഥമാക്കിയില്ല!

80 രോഗശാന്തി ശുശ്രൂഷ ഞാൻ തുടങ്ങിയപ്പോൾ, അന്ന് രാവിലത്തെ എന്റെ സന്ദേശം ഓർക്കുന്ന പലരും ഇവിടെ കാണും, *ദാവീദ് ഗൊല്യാത്തിനെ കാണാൻ പോയതിനെപ്പറ്റി,* ഞാൻ പ്രസംഗിച്ചു.

81 അവർ എന്നോട് പറഞ്ഞു, അദ്ദേഹം പറഞ്ഞു, "ആധുനിക ശാസ്ത്രത്തിന്റെ ഈ ദിവസത്ത്, നമുക്ക് എല്ലാവിധ വൈദ്യ ഗവേഷണങ്ങളും ലഭിച്ചിരിക്കുമ്പോൾ, നമുക്ക് മികച്ച ഡോക്ടർമാരെ ലഭിച്ചിരിക്കുന്നു, വളരെ വർഷങ്ങൾക്കു മുമ്പ് തന്നെ, ദിവ്യ രോഗശാന്തിയും അങ്ങനെയുള്ളതും സഭ മറന്നിരിക്കുകയും ചെയ്യുമ്പോൾ, അതു പോലൊരു വലിയ ഭീമന്റെ മുമ്പിൽ നീ എങ്ങനെ പോകാൻ പോകുന്നു? പുറത്ത് പോയി, മെതഡിസ്റ്റുകൾ, ബാപ്റ്റിസ്റ്റുകൾ, പ്രിസ്ബിറ്റേറിയൻ, അങ്ങനെയും മറ്റുമുള്ളവരുടെ മുഖത്ത് നീ എങ്ങനെ നോക്കും, പെന്തക്കോസ്തുകളൾ പോലും, പണ്ടേ അത് മറന്നിട്ട്, അവരുടെ മതവിശ്വാസത്തിലേക്ക് പോയിരിക്കുമ്പോൾ? നിന്നെ പിന്തുണയ്ക്കാൻ ഒരു വിഭാഗീയ സഭയോ മറ്റോ ഇല്ലാതെ, നീ എങ്ങനെ അഭിമുഖീകരിക്കും? നീ എന്തു ചെയ്യാൻ പോകുന്നു, ബിൽ?" എങ്ങനെയോ, മറ്റൊരു വിധത്തിലോ, അത് എന്നെ ഒരു തരത്തിലും അസ്വസ്ഥനാക്കിയില്ല, കാരണം ഞാൻ ഒരു താക്കോൽ എന്റെ കയ്യിൽ പിടിച്ചിരുന്നു! ഞാൻ പറഞ്ഞു...അവർ പറഞ്ഞു, "ആരും നിന്നെ വിശ്വസിക്കില്ല. നിനക്ക് അത് ചെയ്യാൻ കഴിയില്ല. ആരും നിന്നെ വിശ്വസിക്കില്ല."

82 ഞാൻ പറഞ്ഞു, "ഞാൻ കാര്യമാക്കുന്നില്ല. ഒരു കാര്യം ഉറപ്പാണ്; ദൈവം എന്നെ വിളിച്ചിരിക്കുന്നു, ദൈവം എന്നെ വിളിച്ചിരിക്കുന്നതു കൊണ്ട് എനിക്ക് പോകേണ്ടതുണ്ട്." ഞാൻ താക്കോൽ പിടിച്ചിരുന്നു. അവൻ എന്നെ വിളിച്ച്, അവൻ എനിക്കു കാണിച്ചു തന്നു, അവൻ എന്നോട് പറഞ്ഞു, അവൻ എന്നെ നിയോഗിച്ചപ്പോൾ അവന്റെ സാന്നിദ്ധ്യം ഞാൻ കണ്ടു, താക്കോൽ അവിടെ ഉണ്ടായിരുന്നു!

83 പാസ്റ്റർ ചോദിച്ചു, "ഏഴാം ക്ലാസ് വിദ്യാഭ്യാസത്തോടെ, നീ രാജാക്കന്മാരുടെയും ചക്രവർത്തിന്മാരുടെയും മുമ്പിൽ പ്രസംഗിക്കാനും പ്രാർത്ഥിക്കാനും പോകുന്നു എന്നോ!"

ഞാൻ പറഞ്ഞു, "അത് അവന്റെ വചന പ്രകാരമാണ്!"

84 കഴിഞ്ഞ വർഷം ഏകദേശം ഈ സമയത്തോ, അതോ ഒന്നോ രണ്ടോ ആഴ്ചയ്ക്ക് മുമ്പോ, ഞാൻ ഇവിടെ ആലയത്തിൽ വന്ന് കർത്താവായ ദൈവം എനിക്ക് പോകാനുള്ള ഒരു ദർശനം തന്നു

എന്ന് നിങ്ങളോട് പറഞ്ഞപ്പോൾ...ഒരു വേട്ടയ്ക്ക് പോകുമ്പോൾ, ഞാൻ ഒരു—ഒരു പ്രത്യേക മൃഗത്തെ കണ്ടെത്താൻ പോകുന്നു എന്നു, അതിന്റെ കൊമ്പുകൾക്ക് നാൽപ്പത്തി-രണ്ട്-ഇഞ്ച് ഉണ്ടാകും എന്നു പറഞ്ഞിരുന്നു. ഈ മൃഗത്തെ കിട്ടിയിട്ട് അവിടെ നിന്നും മടങ്ങി വരുന്ന വഴിയിൽ (അത് എവിടെയാണ് കിടന്നത്, അത് സ്ഥിതി ചെയ്തിരുന്ന സ്ഥാനത്തു നിന്നുമാണ്), തിരികെ പോകുന്ന വഴിയിൽ ഞാൻ ഒരു വെള്ളി-നിറത്തോട്ടു കൂടിയ അല്പം ചാരനിറമുള്ള ഒരു കരടിയെ കൊല്ലാൻ പോകുന്നു. ഞാൻ ഈ നിശ്ചിത ഭാഗത്തേക്കു പോയി, ഞാൻ ആ മനുഷ്യനോട് സംസാരിച്ചപ്പോൾ, അവൻ പറഞ്ഞു, "അത്തരത്തിൽ കാണപ്പെടുന്ന ഏതെങ്കിലും മൃഗത്തെക്കുറിച്ച് എനിക്കറിയില്ല. ഒരു അല്പം ചാരനിറമുള്ള കരടിയെ, ഞാൻ ഒരിക്കലും കണ്ടിട്ടില്ല."

ഞാൻ പറഞ്ഞു, "പക്ഷേ അത് ഇവിടെ എവിടെയോ ഉണ്ടായിരിക്കണം."

85 അതുകൊണ്ട് അവൻ പറഞ്ഞു, "നമ്മൾ കരടിയുള്ള ഒരു പ്രദേശത്തേക്ക് പോലും അല്ല പോകുന്നത്. വളരെ ഉയർന്ന പ്രദേശം, ചെറിയ മരങ്ങൾ ഉള്ള സ്ഥലത്താണ്, നമ്മൾ ആടുകൾക്കായി പോകുന്നത്." ശരി, ഞാൻ അവനോടൊപ്പം പോയി.

86 രണ്ടാം ദിവസം, കർത്താവ് പറഞ്ഞ, അതെ സ്ഥലത്തു തന്നെ, അവിടെ ആ മൃഗത്തെ കിടത്തി. അങ്ങനെ ഞാൻ പോയിട്ട് ആ മൃഗത്തെ എടുത്തു കൊണ്ടു വന്ന്, തൊലിയും കൊമ്പും, അങ്ങനെയുള്ളവയും മറ്റും, ഞങ്ങൾ എടുക്കുമ്പോൾ, അവൻ പറഞ്ഞു, "ഞാൻ നിങ്ങളോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. മൂന്ന് ദിവസത്തിനു മുമ്പ്, നമ്മൾ ആ—ആ ക്യാമ്പിൽ നിന്ന് പുറപ്പെട്ടു വരുമ്പോൾ, നിങ്ങൾ എന്നോടു പറഞ്ഞു, നിങ്ങൾ ഈ പ്രത്യേക മൃഗത്തെ വെടിവച്ച ശേഷം, തിരികെ പോകുന്ന വഴിയിൽ നിങ്ങൾ 'അല്പം ചാര നിറത്തോട്ടു കൂടി കഴുത്തിൽ വെള്ളി-നിറമുള്ള ഒരു കരടിയെ കൊല്ലാൻ പോകുന്നു.'"

ഞാൻ പറഞ്ഞു, "അത് **കർത്താവ് ഇപ്രകാരം അരുളി ചെയ്തതാണ്**!"

87 പറഞ്ഞു, "ഞാൻ സംശയിക്കുന്നില്ല," അവൻ പറഞ്ഞു, "കാരണം എന്റെ സഹോദരന് ഒരു അപസ്മാരം ഉണ്ടായിരുന്നു, ഒരിക്കൽ നിങ്ങൾ ഇവിടെ ആയിരുന്നപ്പോൾ ആയിരുന്നു, നിങ്ങളുടെ ജീവിതത്തിൽ ഒരിക്കൽ അവനെ നിങ്ങൾ കണ്ടിട്ടില്ല, ഞാൻ ഒരു പ്രത്യേക കാര്യം ചെയ്യുമ്പോൾ ആ കുട്ടി സുഖം പ്രാപിക്കുമെന്ന് നിങ്ങൾ എന്നോടു പറഞ്ഞിരുന്നു. അവൻ സുഖം പ്രാപിച്ചു." അവൻ

പറഞ്ഞു, “ഇപ്പോൾ, പക്ഷേ, ബ്രദർ ബ്രൺഹാം, ഞാൻ നിങ്ങളോട് ചോദിക്കാൻ ആഗ്രഹിക്കുന്നു,” അവൻ പറഞ്ഞു, “പർവ്വതത്തിന്റെ ഏറ്റവും മുകളിൽ ചെറിയ മരങ്ങളുള്ള സ്ഥലം മുതൽ, ആ കുതിരകൾ നില്ക്കുന്ന സ്ഥലം വരെ എനിക്ക് കാണാം. അവിടെ ഒന്നും തന്നെയില്ല. അവിടെ പാറയല്ലാതെ, ഒരല്പം പുല്ല് പോലും അവിടെ ഇല്ല, അവിടെ യാതൊന്നുമില്ല.” കൂട്ടത്തോടെ നടക്കുന്ന കലമാൻ തിന്നുന്ന പായൽ, അതിനു ഏകദേശം രണ്ട് ഇഞ്ച് ഉയരം വരും, ഈ പൊക്കം കുറഞ്ഞ മരങ്ങൾക്കു മുകളിലൂടെ, ഒരു മൈലോ അതല്ല അതിൽ കൂടുതലോ കാണാം. ചോദിച്ചു, “കരടി എവിടെയായിരിക്കും?”

88 ഞാൻ പറഞ്ഞു, “ദൈവം യഹോവ-യിരേയാണ്. അവിടെ ഒരു കരടി ഉണ്ടാകും എന്നു അവൻ എന്നോട് പറഞ്ഞാൽ, അവിടെ ഒന്നുണ്ടാകും.”

89 പർവ്വതത്തിന് താഴെ, അടുത്തായി, ഏകദേശം അര മൈലോ അതിലും കുറവോ വരുമ്പോഴേക്കും, അവൻ പറഞ്ഞു, “ബ്രദർ ബ്രൺഹാം, ഏകദേശം ആ സമയം ആകുമ്പോൾ ആ കരടി പ്രത്യക്ഷപ്പെടാനുള്ള സമയമാകുമോ,”

ഞാൻ പറഞ്ഞു, “വിഷമിക്കേണ്ട, അവൻ ഇവിടെ ഉണ്ടാകും.”

90 കുതിരകൾ ആയിരുന്നിടത്ത് നിന്നും ഞങ്ങൾ ഏകദേശം അഞ്ഞൂറ് അടിയ്ക്കുള്ളിൽ എത്തിയിട്ട്, ഞങ്ങളുടെ മുതകിൽ കനത്ത കൊമ്പുകളും മറ്റു വസ്തുക്കളുമായി ഞങ്ങൾക്ക് വീണ്ടും വിശ്രമിക്കേണ്ടി വന്നു. അവൻ വീണ്ടും ചുറ്റും നോക്കി, അവന്റെ ഹൃദയത്തിൽ അവൻ അത്ഭുതപ്പെടുന്നതുപോലെ, അവൻ എന്നെ നോക്കുമ്പോൾ ഞാൻ അവന്റെ മുഖത്തു കണ്ടു. നോക്കു, അത് അവിടെ ഉണ്ടാകുമെന്ന് അവൻ *പ്രതീക്ഷിച്ചിരുന്നു*, പക്ഷേ അവനു ആ താക്കോൽ ഇല്ലായിരുന്നു.

91 എന്നാൽ എങ്ങനെയോ, ദൈവ കൃപയാൽ, അവൻ എന്നെ ഒരിക്കലും പരാജയപ്പെടുത്തിയിട്ടില്ല. അവിടെ ഒരു കഴുത്തിൽ വെള്ളി-നിറത്തോട്ടു കൂടിയത് ഉണ്ടെന്ന് അവൻ എന്നോട് പറഞ്ഞപ്പോൾ, എനിക്ക് ആ താക്കോൽ ഉണ്ടായിരുന്നു. ഒരല്പം പോലും, ഞാൻ സംശയിച്ചില്ല. ഞാൻ അവന്റെ നേരെ തിരിഞ്ഞിട്ട്, ഞാൻ പറഞ്ഞു, “ബഡ്, അത് അവിടെ ഉണ്ടാകും.” ഞാൻ തിരിഞ്ഞതേയുള്ളൂ, അതാ ആ കരടി [ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] ഞങ്ങളുടെ തൊട്ട് മേൽ വശത്ത്, ഏകദേശം അര മൈൽ അകലെ നിൽക്കുന്നു.

92 അവൻ കണ്ണടയെ വലിച്ചെറിഞ്ഞിട്ട്, അവൻ പറഞ്ഞു, “ബില്ലി, അതിനാൽ എന്നെ സഹായിക്കു, അതാ ഒരു വലിയ കഴുത്തിൽ വെള്ളി-നിറമുള്ളത്!

93 നോക്കൂ, ആ താക്കോൽ, ഒരു ദർശനം, കർത്താവിന്റെ വചനം, അതിനെ തടയാനോ മാറ്റാനോ അവിടെ ഒന്നുമില്ല. ഇന്ന് രാത്രി സഭയ്ക്ക് വേണ്ടത് ഒരു വിദ്യാഭ്യാസമല്ല. ഇന്ന് രാത്രി സഭയ്ക്ക് വേണ്ടത് ഒരു വിഭാഗീയ സഭയല്ല. ഇന്ന് രാത്രി സഭയ്ക്ക് വേണ്ടത് മതവിശ്വാസമല്ല. ഇന്ന് രാത്രി സഭയ്ക്ക് വേണ്ടത് എന്താണെന്നാൽ തിരുവെഴുത്തുകളുടെ, ആ വാതിലിന്റെ താക്കോലാണ്. ഏതാണ്, ക്രിസ്തുവായ വാതിലിന്റെ, അവൻ വചനം ആകുന്നു. ജീവനുള്ള ദൈവത്തിന്റെ വചനത്തിലുള്ള വിശ്വാസം ഓരോ വാതിലും തുറക്കുന്നു.

ദൈവമേ, ഞങ്ങൾക്ക് ആ താക്കോൽ തരൂ. ഞങ്ങൾക്ക് ആ താക്കോൽ തന്നാലും.

94 എബ്രായർ, 12-ാം അദ്ധ്യായത്തിൽ, പറയുന്നു, "സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്ക് ചുറ്റും നില്ക്കുന്നതു കൊണ്ട്, നമ്മെ എളുപ്പത്തിൽ ചുറ്റിവളയുന്ന സകല ഭാരവും, മുറുകെ പറ്റുന്ന പാപവും വിട്ടൊഴിയാം." അതിൽ "പാപം," എന്ന് പറയുന്നു, അതായത്, *പാപം* "അവിശ്വാസം" ആകുന്നു. കണ്ടോ? ഒരു പാപം മാത്രമേയുള്ളൂ, അത് അവിശ്വാസമാണ്.

95 *പാപത്തിന്റെ* അർത്ഥം "ലക്ഷ്യം നഷ്ടപ്പെടുക" എന്നാണ്. നിങ്ങൾ വെടി വെയ്ക്കുന്നതു പോലെ, നിങ്ങൾക്ക് ലക്ഷ്യം നഷ്ടപ്പെട്ടാൽ, നിങ്ങളുടെ തോക്ക് നന്നായി ക്രമീകരിക്കുക, നോക്കൂ, എന്തെന്നാൽ അവിടെ എന്തോ കുഴപ്പമുണ്ട്. നിങ്ങൾക്ക് ആ ലക്ഷ്യം നഷ്ടപ്പെട്ടിരിക്കുന്നു. നോക്കൂ, തിരികെ വന്ന് വീണ്ടും ശ്രമിക്കൂ. കണ്ടോ? ഇതിന്റെ അർത്ഥം നേരെ തിരിയൂ, നിങ്ങൾക്ക് ലക്ഷ്യം നഷ്ടമായിരിക്കുന്നു. നിങ്ങൾ ഒരു ക്രിസ്ത്യാനിയാകാൻ ആഗ്രഹിക്കുകയും, നിങ്ങൾ സഭയിൽ ചേരുകയും ചെയ്യുമ്പോൾ, നിങ്ങൾക്ക് ലക്ഷ്യം നഷ്ടമായിരിക്കുന്നു. നിങ്ങൾ ഒരു ക്രിസ്ത്യാനിയാകാൻ ആഗ്രഹിച്ചിട്ട്, "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്," എന്ന പേരിൽ നിങ്ങളെ തളിച്ചിരിക്കുന്നെങ്കിൽ, നിങ്ങൾക്ക് ലക്ഷ്യം നഷ്ടമായി. തിരികെ വരുന്നതാണ് നല്ലത്. നിങ്ങൾ ലക്ഷ്യത്തിലായിരിക്കുന്നില്ല. ലോകം തീർച്ചയായും ആയിരിക്കുന്നതു പോലെ, നിങ്ങൾ ചിതറിപ്പോകും. ഒരു കാര്യത്തിനു മാത്രമേ നിങ്ങളെ സമ്പൂർണ്ണ വരിയിൽ നിർത്താൻ കഴിയൂ, അത് തിരുവെഴുത്തായി, ബൈബിൾ, വചനം ആകുന്നു. കാരണം, ആകാശവും ഭൂമിയും നീങ്ങിപോകും, എന്നാൽ ദൈവ വചനം ഒരിക്കലും നീങ്ങി പോകയില്ല.

96 അതിനാൽ, ആ താക്കോൽ പിടിക്കൂ, വചനത്തിലുള്ള വിശ്വാസം! നിങ്ങൾ വിശ്വസിക്കുന്ന വിശ്വാസത്തിന്റെ ഓരോ കണവിലും, അല്പം പോലും സംശയിക്കരുത്, ദൈവം നിങ്ങൾക്കായി നൽകിയിട്ടുള്ള

അനുഗ്രഹത്തിനും നിങ്ങൾക്കും ഇടയിലുള്ള ഓരോ വാതിലുകളും നിങ്ങൾക്ക് തുറക്കാനാകും. ആ താക്കോലുകൾ കൈവരിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ, എന്നാണ് എന്റെ പ്രാർത്ഥന. ഒരു വാക്ക് പ്രാർത്ഥിക്കാൻ നമുക്ക് ഇപ്പോൾ തലകളെ കുമ്പിടാം.

97 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഞങ്ങളുടെ രക്ഷയെ തുറക്കുന്നതിനുള്ള ഒരു താക്കോൽ നീ ഞങ്ങൾക്ക് നൽകിയതിൽ ഞങ്ങൾ ഇന്നു രാത്രി അങ്ങേക്ക് നന്ദി പറയുന്നു. കർത്താവേ, ഞങ്ങൾ രക്ഷിക്കപ്പെടാനും, ഞങ്ങൾക്ക് ഇതുവരെ ഉപയോഗിക്കാൻ കഴിഞ്ഞ താക്കോലിനായും, ഞാൻ—ഞാൻ നിനക്കു നന്ദി പറയുന്നു. എന്നാൽ, ദൈവമേ, നിന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ഈ വചനങ്ങളെല്ലാം ചെറിയ ലിവറുകളാണെന്നുള്ള വിശ്വാസം, ഞങ്ങൾക്ക് നൽകിയാലും, യേശു എന്നു വിളിക്കുന്ന ഈ താക്കോൽ... ഞാൻ അർത്ഥമാക്കിയത്, യേശു എന്നു വിളിക്കുന്ന, ഈ വാതിൽ; വിശ്വാസം, എന്നു വിളിക്കുന്ന താക്കോലിനാൽ, എല്ലാ വചനത്തേയും സ്പർശിച്ചിട്ട്, അതിനെ തുറക്കുന്നു. ഞങ്ങൾക്ക് ആ അനുഗ്രഹത്തിലേക്ക് പ്രവേശിക്കാനായി അത് ആ ചെറിയ ലിവറിനെ താഴേക്ക് നീക്കുന്നു. സ്വർഗ്ഗീയ പിതാവേ, ഞങ്ങൾക്ക് ആ താക്കോലുകളെ തരേണമേ, അതിനാൽ ദൈവത്തിന്റെ ആ വാഗ്ദാനങ്ങളിൽ ഞങ്ങൾക്ക് വിശ്വസിക്കാൻ കഴിഞ്ഞിട്ട്, ഞങ്ങളുടെ വിശ്വാസം പരാജയപ്പെടാൻ കഴിയാതിരുന്ന്, നിനക്കും അതുമായി സഹവർത്തിക്കുന്നവർക്കും ഒരു ശുശ്രൂഷ ആയിത്തീരാൻ ഇടയാകട്ടെ.

98 കർത്താവേ, ഞങ്ങളുടെ അവിശ്വാസം മൂലമുള്ള എല്ലാ പാപങ്ങളെ ക്ഷമിക്കുകയും, അങ്ങയുടേതാകാൻ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ. ഞങ്ങൾ ഇപ്പോൾ തിരുവത്താഴ മേശയിലേക്ക് വരുമ്പോൾ, ഞാൻ പ്രാർത്ഥിക്കുന്നത്, സ്വർഗ്ഗീയ പിതാവേ, നീ ഞങ്ങളുടെ എല്ലാ അതിക്രമങ്ങളും ഞങ്ങളോട് ക്ഷമിച്ച്, ദൈവത്തിന്റെ മേശയ്ക്കു ചുറ്റും കൂട്ടായ്മയുടെ സന്തോഷത്തിൽ പ്രവേശിക്കുവാൻ ഇടയാക്കിയാലും. ഞങ്ങൾ അത് യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

99 എന്റെ സഹോദരാ, സഹോദരി, നിങ്ങൾക്ക് രാജ്യത്തിന്റെ താക്കോൽ, വാതിലിന്റെ താക്കോൽ, രക്ഷയുടെ താക്കോൽ ലഭിച്ചിട്ടുണ്ടെങ്കിൽ, വാതിലുകൾ തുറക്കാനും യേശുവിനെ അകത്തേക്ക് കടന്നു വരാനും ദൈവം നിങ്ങളെ സഹായിക്കുന്നു. നിങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ അങ്ങനെ—അങ്ങനെ അവൻ നിങ്ങൾക്ക് നൽകട്ടെ.

100 ഇപ്പോൾ, നമ്മൾ തിരുവത്താഴത്തിനു വായിക്കാൻ തുടങ്ങുന്നതിന് ഒരു നിമിഷം മുമ്പ്, ഞാൻ ഒരു കാര്യം പറയാൻ താല്പര്യപ്പെടുന്നു, കാരണം ഇത് തിരുവത്താഴമാകുന്നു. ഞങ്ങൾ ഈ അൾത്താരയിലേക്ക് വരുമ്പോൾ, കടന്നു വരാൻ ഒരു വഴിയേയുള്ളൂ, അതായത്, വിശ്വാസത്തിന്റെ താക്കോൽ നമ്മുടെ കയ്യിൽ പിടിച്ചിരുന്നാൽ, അത് നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടുവെന്ന് നമ്മെ അറിയിക്കുന്നു. ആ വാതിൽ തറക്കാനുള്ള ആ താക്കോൽ നമുക്ക് ഇല്ലെങ്കിൽ, അതായത് നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു, കർത്താവിന്റെ മേശയിൽ നമുക്ക് ഒരു കൊട്ടുക്കൽ വാങ്ങൽ ഇല്ല. കാരണം, അയോഗ്യമായി തിന്നുകയും കുടിക്കുകയും ചെയ്യുന്നവൻ എല്ലാം, സ്വയം ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു, കർത്താവിന്റെ ശരീരത്തെ വിവേചിക്കുന്നതുമില്ല. ഇപ്പോൾ, അത് ശരിയാണ്.

101 ഇന്ന് രാജ്യമെമ്പാടും തിരുവത്താഴം ആചരിക്കുന്ന ദിവസമാണെന്ന് നമുക്കെല്ലാവർക്കും അറിയാമെന്ന് ഞാൻ കരുതുന്നു. എല്ലാ സഭകളും ഈ ദിവസമാണ് തിരുവത്താഴം എടുക്കുന്നതു. ഇത് രാജ്യമെമ്പാടും തിരുവത്താഴം എടുക്കുന്ന ദിവസമാണ്. നാം തിരുവത്താഴം എടുക്കുന്നതിനു മുമ്പ് ഒന്നോ രണ്ടോ വാക്കുകൾ സംസാരിക്കുന്നത് ഉചിതമാണെന്നു ഞാൻ കരുതി, പാസ്റ്റർ ആഗ്രഹിക്കുന്നെങ്കിൽ, അദ്ദേഹം ആഗ്രഹിക്കുന്നെങ്കിൽ, കർത്താവിന്റെ മേശയുടെ ക്രമ പ്രകാരമുള്ള ആ—ആ തിരുവെഴുത്തുകൾ വായിക്കാൻ തയ്യാറാകട്ടെ. ഇപ്പോൾ, ഈ തിരുവത്താഴം...ഇപ്പോൾ, ഏകദേശം പത്ത് നിമിഷത്തിൽ കൂടുതൽ ഞാൻ എടുക്കില്ല.

102 നമ്മൾ എടുക്കാൻ പോകുന്ന ഈ തിരുവത്താഴം, ബൈബിളിലെ സകല ഉപദേശത്തിലും വെച്ച് ഏറ്റവും വലിയ തർക്കമുള്ള വിഷയമാണ്. അത് അവിടെ ഉണ്ടായിരുന്നു...ആദ്യകാല സഭയിലെ അവരുടെ തർക്കങ്ങളിൽ ഒന്നാണ്. ഇന്ന് പ്രൊട്ടെസ്റ്റന്റ്, എപ്പിസ്കോപ്പാലിയൻ, മെഥഡിസ്റ്റുകൾ, അനേക പ്രൊട്ടെസ്റ്റന്റ് സഭകൾ, അവർക്ക് ആ തിരുവത്താഴം എന്ന മുഴ മറികടക്കാൻ കഴിഞ്ഞാൽ, കത്തോലിക്കാ, റോമൻ കത്തോലിക്കാ സിദ്ധാന്തങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കും. പുരോഹിതൻ വിവാഹം കഴിക്കുകയും പിന്നെ ശുശ്രൂഷക്കാരാകുകയും ചെയ്യണമെന്ന് അവർ സമ്മതിക്കും, കത്തോലിക്കാ സഭ അവരുടെ സമ്മേളനങ്ങളിലും യോഗങ്ങളിലും വെച്ച് പലതവണ അത് സമ്മതിച്ചു. അവർ അതു സമ്മതിക്കുന്നു. അവർ വ്യത്യസ്ത പ്രാർത്ഥനകളും, മറ്റു പലതും അംഗീകരിക്കുകയും, പ്രൊട്ടെസ്റ്റന്റ് സഭ അത് അംഗീകരിക്കുകയും ചെയ്യും.

ചോദ്യോത്തര രൂപത്തിലുള്ള ഉപദേശ വിധിയും അങ്ങനെ ഉള്ളതുമായി, ഇവിടെയും അവിടെയും ചെറിയ ബലിപീഠവും മറ്റും, കത്തോലിക്കാ സഭയും അത് ചെയ്യാൻ തയ്യാറാണ്. എന്നാൽ തിരുവത്താഴത്തിന്റെ കാര്യം വരുമ്പോൾ, അവർ അവിടെ വീഴുന്നു. ചരിത്രം വായിച്ചിട്ടുള്ള ആർക്കും അത് അറിയാം. പക്ഷേ, തീർച്ചയായും, എന്റെ ചിന്തയുടെ രീതിയിൽ, അവർക്ക് അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ ധാരാളം ഉണ്ട്, ഞാൻ—ഞാൻ അത് സ്വീകരിക്കുന്നതിനു മുമ്പ്, നിങ്ങൾ നോക്കൂ, അത് ബൈബിളിൽ ഇല്ലാത്തതിനാൽ ആകുന്നു.

103 എന്നാൽ കത്തോലിക്കാ സഭയോട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. തുടക്കത്തിലെ, കത്തോലിക്കാ സഭയെ നിങ്ങൾക്കറിയാമോ, അപ്പോസ്തോലിക പെന്തക്കോസ്ത് സഭയായിരുന്നില്ലേ? തീർച്ചയായും ആയിരുന്നു! സഭയുടെ ആദ്യ തുടക്കമായിരുന്നു അത്. അവർ—അവർ എവിടേക്കാണ് പോയതെന്ന് നിങ്ങൾ കാണുന്നു, അവർ തുടർച്ചയായി വചനം എടുത്തുകളയുകയും ഒരു സിദ്ധാന്തത്തെ കുത്തിവയ്ക്കുകയും ചെയ്യുന്നു.

104 പെന്തെക്കോസ്ത് സഭ ഇനിയും നൂറു വർഷം നിലനില്ക്കുമെങ്കിൽ, ഇപ്പോൾ അതു പോയ്ക്കൊണ്ടിരിക്കുന്ന രീതിയിൽ പോയാൽ, കത്തോലിക്കാ സഭ ഇന്ന് ആയിരിക്കുന്നതിനെക്കാൾ അത് ബൈബിളിൽ നിന്ന് വളരെ അകലെ ആയിപ്പോകും.

105 അതിൽ നിന്നും കത്തോലിക്കാ സഭയ്ക്ക് ദൂരമാകാൻ അനേക വർഷങ്ങൾ എടുത്തു, നൂറു കണക്കിനു വർഷങ്ങൾ എടുത്തു, മുന്നൂറ് വർഷങ്ങൾ, അത് അവർ ആരംഭിച്ചിട്ട്, ആദ്യകാല സഭ മുതൽ റോമൻ കത്തോലിക്കാ സഭയുടെ സംഘടന രൂപീകരിക്കുന്നതു വരെയാണ്. അവർ പിടിച്ചിട്ട്, വലിയ വിശിഷ്ട വ്യക്തികളെയും അങ്ങനെയുള്ള കാര്യങ്ങളെയും കൊണ്ടുവന്നു, അവർ *ഇത്* വെട്ടിമാറ്റി അത് *ഇതിൽ* ഇട്ടു, *ഇതു* പുറത്തെടുത്ത് *അതു* അതിൽ ഇടുന്നു, ജാതീയ വിഗ്രഹങ്ങൾ എടുത്തു മാറ്റി ക്രിസ്തീയ പ്രതിമകൾ സ്ഥാപിച്ചു, അങ്ങനെയും മറ്റുമായി, റോമൻ കത്തോലിക്കാ സഭയ്ക്ക്, ഇപ്പോൾ അവർക്ക് കിട്ടിയിരിക്കുന്നതു വരെ അവർ അതിൽ വിട്ടുവീഴ്ച ചെയ്തിരിക്കുന്നു.

106 പ്രൊട്ടെസ്റ്റന്റ് പെന്തെക്കോസ്ത് സഭ ആ—ആ അമ്പത് വർഷത്തിനു മുമ്പ് നിലവിൽ വന്നിട്ട്, അത് എവിടെ നിന്നും ആരംഭിച്ചോ ആ സ്ഥലത്ത് നിന്നും വീണിരിക്കുന്നതിനാൽ, ഇപ്പോൾ മുതൽ നൂറു വർഷത്തിനുള്ളിൽ, അത് കത്തോലിക്കാ സഭയെക്കാൾ മോശമായ ആകൃതിയിലായി തീരും. അത് ശരിയാണ്. ഇത്

പറയുമ്പോൾ ഒരു വലിയ വാക്കാണ്, പക്ഷേ അവർ എവിടെ നിന്ന് വീണിരിക്കുന്നു എന്ന് നോക്കൂ. അവർ നേരെ സംഘടനയിലേക്ക് പോയി, *ഇതിലും* പിന്നെ *അതിലും,* മറ്റുള്ള എല്ലാത്തിലും വിട്ടുവീഴ്ച ചെയ്തുകൊണ്ട് നേരെ അവർ മുന്നോട്ട് പോയി. അവർ അവിടേക്ക് പോകുന്നു, നോക്കൂ, നേരെ തിരികെ പോകുന്നു.

107 എന്നാൽ, *തിരുവത്താഴം,* ഇതിനെ "കർത്താവിന്റെ അത്താഴം" എന്ന് വിളിക്കുന്നു. ഇപ്പോൾ, ധാരാളം ആളുകൾ, അവർ അത് രാവിലെ എടുക്കാൻ ആഗ്രഹിക്കുന്നു. അത് അവന്റെ *പ്രഭാത ഭക്ഷണം* ആണെന്നു ബൈബിളിൽ പറഞ്ഞിട്ടില്ല. പിന്നെ എങ്ങനെയാണ് ഇന്നത്തെ ഈ ആളുകൾക്ക്, ഇപ്പോഴും അതിനെ, "കർത്താവിന്റെ അത്താഴം" എന്ന് എങ്ങനെ പറയാൻ കഴിയും, അവർ അങ്ങനെ ചെയ്യുന്നില്ല. അവർ *അത്താഴം* എന്നതു മുറിച്ചു മാറ്റി, അതിനെ ഒഴിവാക്കി, അതിനെ "ഉച്ച ഭക്ഷണം" എന്ന് വിളിക്കുന്നു, വിഡ്ഢിത്തം. അത്താഴം!

108 ഇപ്പോൾ, ബൈബിൾ സമയത്തും എല്ലായ്പ്പോഴും ഒരു തർക്കമായിട്ട്, അത് അന്നും ഒരു തർക്കമായിരുന്നു. ആളുകൾ കർത്താവിന്റെ അത്താഴത്തെ തെറ്റിദ്ധരിച്ചിരുന്നു. അവർ മേശയിലേക്ക് വന്നപ്പോൾ, പൌലൊസ് ആ കൊരിന്ത്യരോടു പറഞ്ഞു, അവർ കർത്താവിന്റെ മേശയിലേക്ക് വന്ന് മദ്യപിച്ചിരുന്നു. നോക്കൂ, അത് അപ്പോൾ തന്നെ തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. അവൻ പറഞ്ഞു, "നിങ്ങൾ ഭക്ഷണം കഴിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, വീട്ടിൽ വെച്ചു കഴിച്ചു കൊൾക."

109 മറ്റൊരു കാര്യം, അതിൽ തെറ്റിദ്ധരിക്കപ്പെട്ടിരുന്നത്, അത് ഇതായിരുന്നു. പാപികളും, പാപത്തിൽ ജീവിക്കുന്ന മനുഷ്യനും, വന്ന് തിരുവത്താഴം എടുത്തിരുന്നു. അത് തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. അമ്മയോടും വളർത്തമ്മയോടും ഒപ്പം താമസിക്കുന്ന ഒരാൾ, സഭ അതിനെക്കുറിച്ച് അവനോട് പറഞ്ഞിരുന്നു; അപ്പോഴും മേശയിൽ നിന്നും തിരുവത്താഴം എടുക്കുന്നു.

110 അവർക്കിടയിൽ ഭിന്നതയുണ്ടായിരുന്നു, അവർ അപ്പോഴും തിരുവത്താഴം എടുത്തിരുന്നു. അവൻ പറഞ്ഞു, "നിങ്ങൾ ശേഷിക്കുന്ന ജാതികളെപ്പോലെ നടക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. അവിടെ—അവിടെ നിങ്ങളുടെ ഇടയിൽ ഭിന്നതയുണ്ടെന്നും, പ്രത്യേകിച്ചും കേഫാവിന്റെ—വീട്ടുകാരോടും, അങ്ങനെയും മറ്റും ഉള്ളവരോടും ആകുന്നു." പറഞ്ഞു, "നിങ്ങൾ ശേഷിക്കുന്ന ജാതികളെപ്പോലെ നടക്കുന്നു." നോക്കൂ, അത് തെറ്റിദ്ധരിക്കപ്പെട്ടിരുന്നു.

111 തിരുവത്താഴം എല്ലായ്പ്പോഴും തെറ്റിദ്ധരിക്കപ്പെട്ടിരുന്നു. ഇപ്പോൾ, എനിക്ക് മണിക്കൂറുകളോളം അതിനുവേണ്ടി പോകാം, പക്ഷേ നമുക്ക് ഈ തിരുവത്താഴവും കാൽ-കഴുകലും ചെയ്യേണം. എന്നാൽ ഇപ്പോൾ ചില വിഭാഗീയ സഭകൾ ഒഴികെ, മറ്റുള്ളവർ കാൽ-കഴുകുന്നത് മൊത്തമായി ഒഴിവാക്കിയിരിക്കുന്നു. വളരെയേറെ പെന്തെക്കോസ്തുകാർ അതിൽ നിന്ന് പൂർണ്ണമായും അകന്നുപോയി. കണ്ടോ? അത് എഴുതിയിരിക്കുന്ന അതേ രീതിയിൽ തന്നെ ഇപ്പോഴും ബൈബിളിലുണ്ട്. കണ്ടോ?

112 ഇപ്പോൾ, റോം അതിനെ "തിരുവത്താഴം" എന്ന് വിളിക്കുന്നില്ല. അവർ അതിനെ വിളിക്കുന്നത് "കുർബാന, ഇത് ഒരു വിശുദ്ധ കുർബാന എന്നാണ്." അവർ തിരുവത്താഴം എടുക്കുന്നില്ല, അവർ കുർബാന എടുക്കുന്നു. ഇത് ഒരു കൂട്ടായ്മയായി, ഒരു കൂടി വരവ് തീർച്ചയായും തിരുവത്താഴം എടുക്കുക എന്ന യഥാർത്ഥ അർത്ഥം എടുക്കുന്നു. ഒരു *കൂട്ടായ്മ* കൂടുക എന്നാൽ "പ്രതീക്ഷിക" എന്നാണ്. (കൂട്ടായ്മയായി ചെയ്യുന്നതിനാൽ) അവർ ഒരു കുർബാന എടുക്കുമ്പോൾ, ദൈവം അവരുടെ പാപങ്ങൾ ക്ഷമിക്കുമെന്ന പ്രതീക്ഷയിൽ അവർ അത് എടുക്കുന്നു, എടുക്കുന്നതിനാൽ "ക്രിസ്തുവിന്റെ അക്ഷരീക ശരീരത്തെ, പുരോഹിതൻ ക്രിസ്തുവിന്റെ ശരീരമായും രക്തമായും മാറ്റുന്നു," അത് എടുക്കുന്നതിലൂടെ, അങ്ങനെ ചെയ്യുമ്പോൾ ദൈവം അവരുടെ പാപങ്ങൾ ഒഴിവാക്കുമെന്ന് പ്രതീക്ഷിക്കുന്നു. അത് ഒരു കുർബാനയാണ്.

113 പ്രൊട്ടെസ്റ്റന്റുകാർ ഇതിനെ "കൂട്ടായ്മ" എന്ന് വിളിക്കുന്നു. കൂട്ടായ്മ എന്നാൽ "വന്ദനോപചാരം" എന്നാണ്. പ്രൊട്ടെസ്റ്റന്റ് അതിനെ...കത്തോലിക്കർ അവരുടെ ദുഷ്പ്രവൃത്തിയിൽ ദൈവം അവരോട് ക്ഷമിക്കുമെന്ന പ്രതീക്ഷയിൽ, ഒരു കുർബാന എടുക്കുന്നു. പ്രൊട്ടെസ്റ്റന്റ് അതിനെ അവൻ ഇതിനകം ചെയ്തിട്ടുള്ള കൂട്ടായ്മയ്ക്ക് ദൈവത്തിനു നന്ദി പറയാൻ ഇത് എടുക്കുന്നു; അത് ഇതിനകം തന്നെ കഴിഞ്ഞിട്ട്, അവനുമായി തിരുവത്താഴം നടത്തുന്നു. അത് ചെയ്യും എന്ന് കത്തോലിക്കർ പ്രതീക്ഷിക്കുന്നു; പ്രൊട്ടെസ്റ്റന്റ് പറയുന്നു ഇത് ഇതിനകം കഴിഞ്ഞിരിക്കുന്നു. അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടുമോ എന്ന് കത്തോലിക്കർ ആശ്ചര്യപ്പെടുന്നു; പ്രൊട്ടെസ്റ്റന്റ് അവരുടേത് ക്ഷമിക്കപ്പെട്ടു, അവൻ സ്വതന്ത്രനാണെന്ന് ഏറ്റുപറയുന്നു. ഒരു കൂട്ടായ്മ ദൈവവുമായി ഹൃദയസംവാദം നടത്തുന്നതാണ്. നാം എടുക്കുന്ന ഈ വസ്തുക്കളാൽ, നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടുമെന്ന *പ്രതീക്ഷയിൽ* അല്ല, മറിച്ച് അവ ക്ഷമിക്കപ്പെട്ട് *കഴിഞ്ഞു*. കാരണം അത്...ഒന്ന് പ്രത്യാശയും; മറ്റൊന്ന് വിശ്വാസവും ആകുന്നു. ഒരാൾ

ശരിയാണെന്ന് പ്രതീക്ഷിക്കുന്നു; മറ്റെയാൾക്ക് താൻ ശരിയാണെന്ന് അറിയാം. കണ്ടോ? ഒരാൾ അവൻ എവിടെ നിൽക്കുന്നു എന്നു അറിയാത്തതിനാൽ, മറ്റെയാൾ, പ്രതീക്ഷിക്കുന്നു; മറ്റെയാൾക്ക് താൻ ശരിയാണെന്ന് അറിയാം, കാരണം ദൈവം എന്താണ് പറഞ്ഞതെന്ന് അവനറിയാം. അത്രയേയുള്ളൂ. അതാണ് വ്യത്യാസം. അതിനാൽ, നിങ്ങൾ പ്രതീക്ഷിക്കുക മാത്രം ചെയ്യുമ്പോൾ, നന്നേ ശ്രദ്ധിക്കു; എന്നാൽ നിങ്ങൾക്ക് അറിയാമെങ്കിൽ പിന്നെ തുടരൂ. നോക്കു, അപ്പോൾ നിങ്ങൾ ദൈവവുമായി കൂട്ടായ്മയിലാണ്. പ്രൊട്ടെസ്റ്റന്റ്, അവൻ ക്ഷമിക്കപ്പെട്ടു എന്നും അവന് അത് അറിയാമെന്നും പറയുന്നു; കത്തോലിക്കർക്ക് കുർബാനയുണ്ട്, അവൻ ക്ഷമിക്കപ്പെട്ടെന്ന് പ്രതീക്ഷിക്കുന്നു. അത് ഇതു പോലെയാണ്: ഒരാൾ ഭിക്ഷക്കാരനായി, എല്ലാം ശരിയാകും എന്ന് പ്രതീക്ഷിക്കുന്നു, നോക്കു; മറ്റേത് ഇതിനകം ചെയ്തതിന് നന്ദി പറയുന്ന ഒരു ഭിക്ഷക്കാരനാണ്. അവർ രണ്ടുപേരും ഭിക്ഷക്കാരാണ്. എന്നാൽ ഒരാൾ അത് കിട്ടുമെന്ന് പ്രതീക്ഷിച്ച്, അവൻ യാചിക്കുന്നു; മറ്റേ ഭിക്ഷക്കാരന് അത് ലഭിച്ചെന്ന് അറിയാം, അവന് അത് നൽകിയതിനു നന്ദി പറയുന്നു. ഇപ്പോൾ, അവിടെ ഒരു വ്യത്യാസമുണ്ട്. അതാണ് കൂട്ടായ്മ. അതെ, സർ. ഒരാളിനു അതു ക്ഷമിക്കപ്പെട്ടും എന്ന് പ്രതീക്ഷിക്കുന്നു; മറ്റൊരാൾ താൻ ക്ഷമിക്കപ്പെട്ടു എന്ന് അറിയാം, അതിന് നന്ദി പറയുന്നു.

114 അതിനാൽ, ദൈവത്തിന്റെ ആത്മാവിൽ നിന്ന് വീണ്ടും ജനിച്ച ക്രിസ്ത്യാനികൾക്കാണ് തിരുവത്താഴം. *വീണ്ടും ജനിക്കുന്നത്* ഇപ്പോൾ നിങ്ങൾക്ക് പരിശുദ്ധാത്മാവ് ലഭിച്ചെന്ന് അർത്ഥമാക്കുന്നില്ല. ഇപ്പോൾ ഓർക്കു. ഇപ്പോൾ, പലരും അത് പഠിപ്പിക്കുന്നു. "ഇതുപോലെ പഠിപ്പിക്കുന്ന ആരെയും എനിക്കറിയില്ല," നോക്കു, വയോധികനായ സഹോദരൻ ആർഗൻ ബ്രൈറ്റ് ആ രാത്രി ഇവിടെ പുൾപ്പിറ്റിൽ നിന്ന് പറഞ്ഞതു പോലെയാണ്. പക്ഷേ, വീണ്ടും ജനനം എന്നാൽ പരിശുദ്ധാത്മ സ്നാനമല്ല. തിരുവെഴുത്ത് അതിനെ പിന്തുണയ്ക്കുന്നില്ല, ഞാൻ കാണുന്ന രീതിയിൽ, ഞാൻ അങ്ങനെ കരുതുന്നില്ല, കാണുന്നില്ല. കണ്ടോ? നിങ്ങൾ വീണ്ടും ജനിച്ചെന്ന് ഞാൻ വിശ്വസിക്കുന്നു...

115 അതുകൊണ്ടാണ് ഞാൻ യേശു ക്രിസ്തുവിന്റെ നാമത്തിലെ സ്നാനം എന്ന പദം ഉപയോഗിക്കുന്നത്, പക്ഷേ പുനഃർജനനത്തിനല്ല. ഇപ്പോൾ, പെന്തെക്കോസ്തുകൾ, യുണൈറ്റഡ് പെന്തെക്കോസ്ത് സഭ, പുനഃർജനനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തുന്നു. ഞാൻ അത് വിശ്വസിക്കുന്നില്ല. അവർക്ക് വേണമെങ്കിൽ അത് ചെയ്യാം. എന്നാൽ ആദ്യം, "മാനസാന്തരപ്പെട്ട്"

എന്ന് പത്രൊസ് പറഞ്ഞത് ഞാൻ വിശ്വസിക്കുന്നു. വെള്ളം പാപങ്ങൾ മോചിക്കുന്നില്ല. ചർച്ച് ഓഫ് ക്രൈസ്റ്റുകൾ ആ രീതിയിൽ പ്രസംഗിക്കുന്നു. എന്നാൽ മാനസാന്തരത്തിലും, ദൈവിക ദുഃഖത്തിലും ഞാൻ വിശ്വസിക്കുന്നു; *മാനസാന്തരപ്പെടുക* എന്നാൽ "ചുറ്റി തിരിഞ്ഞ്, തിരികെ പോകുക," നിങ്ങൾക്ക് ലക്ഷ്യം തെറ്റിയിരിക്കുന്നു, "വീണ്ടും തുടങ്ങുക." ആദ്യം അത് ചെയ്യുക! വെള്ളത്തിലുള്ള നിങ്ങളുടെ സ്നാനം നിങ്ങളുടെ ഉള്ളിൽ ചെയ്ത ഒരു കാര്യത്തിന്റെ ബാഹ്യ പ്രകടനം മാത്രമാണ്, ക്രിസ്തുവിനെ നിങ്ങളുടെ രക്ഷകനായി നിങ്ങൾ സ്വീകരിച്ചു.

116 എനിക്കറിയാവുന്നിടത്തോളം, ഇന്ന് രാത്രി ഇവിടെ സഭ മാത്രമേ ഉള്ളൂ എന്നു ഞാൻ ഊഹിക്കുന്നു, ആരാണ് വരുന്നത് അല്ലെങ്കിൽ വരുന്നില്ല എന്ന് എനിക്ക് അറിയാൻ ഞാൻ ഇവിടെ പര്യാപ്തനല്ല. ഒരു പഴയ സഹപ്രവർത്തകനിൽ നിന്നും, കുളത്തിൽ ഒരു മനുഷ്യനെ സ്നാനപ്പെടുത്തുമ്പോൾ വളരെക്കാലം മുമ്പ് എനിക്ക് ഇവിടെ വെച്ച് ഒരു ചെറിയ വിമർശനം ലഭിച്ചിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു, അദ്ദേഹം വയോധികനായ ഒരു നല്ല മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിലെ എല്ലാവരെയും ക്രിസ്തുവിലേക്ക് നയിക്കാനുള്ള പദവി എനിക്കു ലഭിച്ചു, അവരെല്ലാം ക്രിസ്ത്യാനികളാണ്. ഈ വയോധികൻ ഒരു നല്ല വയസ്സുചെന്നയാൾ ആയിരുന്നു, ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നു, അതിനാൽ ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് പോയി ഞാൻ അദ്ദേഹത്തോട് ചോദിച്ചു, "പപ്പാ, എന്തുകൊണ്ടാണ് നിങ്ങൾ ഒരു ക്രിസ്ത്യാനി ആകാത്തത്?" അദ്ദേഹം എന്നെ സ്നേഹിച്ചിരുന്നു.

117 അദ്ദേഹം പറഞ്ഞു, "ബ്രദർ ബ്രൺഹാം, എനിക്ക് വേണ്ടത്ര നല്ലത് ലഭിക്കുമ്പോൾ ഞാൻ ഒരു ക്രിസ്ത്യാനിയാകും."

118 ഞാൻ പറഞ്ഞു, "പപ്പാ, നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് പറയൂ. നിങ്ങൾക്ക് വേണ്ടത്രയും നല്ലത് എവിടെ നിന്നും കിട്ടും എന്നു കണ്ടെത്തുന്നതുവരെ നിങ്ങൾ ചുറ്റും നോക്കു, എന്നിട്ട് ആ സ്ഥലം എവിടെയാണെന്ന് എന്നോട് പറയൂ, ഞാനും കൂടെ, പോകാൻ ആഗ്രഹിക്കുന്നു." ഞാൻ പറഞ്ഞു, "ക്രിസ്തു ഒരിക്കലും നല്ല മനുഷ്യനെ രക്ഷിക്കാനല്ല വന്നത്. മോശമായ മനുഷ്യനെ രക്ഷിക്കാനാണ് അവൻ വന്നത്." നിങ്ങൾ നല്ലവനാണെന്ന് നിങ്ങൾ കരുതുമ്പോൾ, അവൻ നിങ്ങളെ രക്ഷിക്കാൻ വരില്ല. മോശമാണെന്ന് തനിക്ക് അറിയാവുന്നവരെ രക്ഷിക്കാനാണ് അവൻ വരുന്നത്. കണ്ടോ? പാപികളെ രക്ഷിക്കാൻ ക്രിസ്തു മരിച്ചു. കണ്ടോ? ഞാൻ പറഞ്ഞു, "പപ്പാ, അവിടെ ശരിക്കും ഒരു നിരയുണ്ട്."

അദ്ദേഹം പറഞ്ഞു, "അതെ, ഞാൻ ഈ സിഗരറ്റുകൾ വലിക്കുന്നു."

ഞാൻ പറഞ്ഞു, "ഞാൻ അവയെക്കുറിച്ച് സംസാരിക്കാൻ പോലും പോകുന്നില്ല."

അദ്ദേഹം പറഞ്ഞു, "ബ്രദർ ബ്രൺഹാം, ഞാൻ അവയെ ഉപേക്ഷിക്കാൻ ശ്രമിച്ചു നോക്കി."

ഞാൻ പറഞ്ഞു, "അങ്ങനെയാകട്ടെ, നമ്മൾ സിഗരറ്റുകളെക്കുറിച്ചല്ല സംസാരിക്കാൻ പോകുന്നത്."

അദ്ദേഹം പറഞ്ഞു, "ശരി, എനിക്ക് കഴിയുമ്പോൾ..."

119 ഞാൻ പറഞ്ഞു, "ചെയ്യരുത്, അവയെക്കുറിച്ച് കൂടുതലൊന്നും പറയരുത്, അവ പൊയ്ക്കോള്ളട്ടെ. ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു."

അദ്ദേഹം പറഞ്ഞു, "ശരി, അതെന്താണ്?"

ഞാൻ പറഞ്ഞു, "ഒരു ദൈവമുണ്ടെന്ന് നിങ്ങൾ വിശ്വസിക്കുന്നോ?"

120 പറഞ്ഞു, "തീർച്ചയായും, ഞാൻ വിശ്വസിക്കുന്നു." പറഞ്ഞു, "ബ്രദർ ബ്രൺഹാം, ഞാൻ നിരൂപിക്കുന്നത്, നിങ്ങൾ വിശ്വസിക്കുന്ന അതേ വിധത്തിൽ അതിയായി ഞാനും അതു വിശ്വസിക്കുന്നു."

121 ഞാൻ ചോദിച്ചു, "അതേ ദൈവം തന്നെ അവന്റെ സിംഹാസനം വിട്ട് വന്നു എന്നും മനുഷ്യനെ രക്ഷിക്കാനായി, ജഡമായി തീർന്ന് യേശു ക്രിസ്തു എന്ന വ്യക്തിയായി നമ്മുടെ ഇടയിൽ വസിച്ചു എന്നു നിങ്ങൾ വിശ്വസിക്കുന്നോ?"

അദ്ദേഹം പറഞ്ഞു, "അതെ, ഞാൻ അത് വിശ്വസിക്കുന്നു."

"നിങ്ങളേയും എന്നെയും പോലെയുള്ള പാപികളെ രക്ഷിക്കാനായയാണോ അവൻ മരിച്ചത്?" കണ്ടോ?

"അതെ, ഞാൻ അത് വിശ്വസിക്കുന്നു."

122 ഞാൻ പറഞ്ഞു, "ഇപ്പോൾ, അത് ഇതു പോലെയാണ്. നാമെല്ലാവരും ഇവിടെ ഒരു വലിയ കെട്ടിടത്തിലാണ്, നമ്മൾ ജയിലിലാണ്, എനിക്ക് ഈ കോണിൽ നിന്നുകൊണ്ട് ഇങ്ങനെ പറയാൻ കഴിയില്ല '*ഇത്* എന്നെ ജയിലിൽ നിന്ന് പുറത്തിറങ്ങാൻ സഹായിക്കും,' ഞാൻ ആ കോണിൽ പോയി നിന്നിട്ട് ഇങ്ങനെ പറയും '*അത്* എന്നെ ജയിലിൽ നിന്ന് പുറത്തു കടക്കാൻ സഹായിക്കും,' നമ്മൾ എല്ലാവരും ഒരേ വൈഷമ്യത്തിലാണ്. ഈ ലോകത്തിൽ ജനിച്ചിരിക്കുന്ന സകല മനുഷ്യനും അകൃത്യത്തിൽ ഉരുവായി, പാപത്താൽ ഗർഭം ധരിച്ച്, കള്ളം പറഞ്ഞുകൊണ്ട് ലോകത്തിലേക്ക് വന്നു. അവൻ ആരംഭം മുതലേ, ഒരു വിശ്വാസഘാതകനാണ്."

123 കഴിഞ്ഞ ദിവസം ആരോ ചോദിച്ചു, അവൻ പറഞ്ഞു, "ബ്രദർ ബ്രൺഹാം, എങ്കിൽ...ആദവും ഹവ്വയും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടായിരുന്നെങ്കിൽ, ഇന്ന് അവരുടെ കുട്ടികൾ, അവർ രണ്ടാളും നഗ്നരായിരുന്നു, നഗ്നരായി...ആകുമോ—ആകുമോ അവരുടെ ശരീരങ്ങൾ ഒരുപോലെ ആയിരുന്നിരിക്കുമോ?"

124 ഞാൻ പറഞ്ഞു, "ഇല്ല സർ." ഞങ്ങൾ അണ്ണാൻ വേട്ട കഴിഞ്ഞ് വീട്ടിൽ വന്നതേയുള്ളൂ, ഞാനും ഫ്രെഡ് സഹോദരനും, അവരിൽ ഒരു കൂട്ടം പേരും ഉണ്ടായിരുന്നു. ഞാൻ പറഞ്ഞു, "ഇല്ല, അവർ ഒരുപോലെ ആയിരുന്നിരിക്കില്ല."

125 ചോദിച്ചു, "ഹവ്വ തന്റെ പെൺമക്കളെപ്പോലെയുള്ള ഒരു സ്ത്രീ അല്ലെന്നും ആദാം തന്റെ പുത്രന്മാരെപ്പോലെയുള്ള ഒരു പുരുഷൻ ആയിരുന്നില്ല എന്നാണോ നിങ്ങൾ ഉദ്ദേശിച്ചത്?"

ഞാൻ പറഞ്ഞു, "പല സംഗതികളിലും, എന്നാൽ ശാരീരിക എല്ലാ കാര്യങ്ങളിലും അങ്ങനെ ആകില്ല."

അവൻ ചോദിച്ചു, "എന്താണ് ആ വ്യത്യാസം?"

126 ഞാൻ പറഞ്ഞു, "അവർക്ക് നാഭി ഉണ്ടായിരിക്കില്ല. അവരെ സൃഷ്ടിച്ചതായിരുന്നു. ശരി. അവർ ഒന്നുമായും ബന്ധപ്പെട്ടിരുന്നില്ല."

127 ഈ ലോകത്തിൽ ജനിച്ച എല്ലാ കാര്യങ്ങളിലും അത് നിലനിൽക്കുന്നിടത്തോളം കാലം, അത് ആരംഭം മുതലേ, ഒരു വിശ്വാസഘാതകൻ ആണെന്ന് കാണിക്കുന്നു. അത് ശരിയാണ്. ഞാൻ പറഞ്ഞു, "തീർച്ചയായും, ഒരു വ്യത്യാസമുണ്ട്. അവർക്ക് നാഭി ഇല്ലായിരുന്നു. ഇവിടെ വരാൻ, അവർ ഒരു പെണ്ണുമായും ബന്ധപ്പെട്ടിരുന്നില്ല." നോക്കൂ, ദൈവം അവരെ സൃഷ്ടിച്ചു.

128 ഇപ്പോൾ, ഞാൻ പറഞ്ഞു, "എനിക്ക് ചിലത് പറയാനുണ്ട്. ഓരോ മനുഷ്യനും ഈ ജയിൽ വീട്ടിലാകുന്നു, ആരാണ് പവിത്രൻ? ലൈംഗികതയിലൂടെ ജനിക്കാത്ത ആരുണ്ട്? അവൻ ആരോ ആകട്ടെ, മറ്റൊരാളെ സഹായിക്കാൻ കഴിയുന്നത് ആർക്കാണ്? നമ്മൾ എല്ലാവരും ഒരേ ജയിലിലാണ്. എന്നാൽ ദൈവം ലൈംഗികതയ്ക്ക് അപ്പുറത്ത് പോയി തന്നെത്താൻ തന്റെ സൃഷ്ടികളിൽ ഒന്നാക്കി, അവൻ സ്വയം സൃഷ്ടിച്ച വിശുദ്ധ രക്തത്തിലൂടെ, ആ രക്തത്തിലൂടെ അവൻ നമ്മെ വീണ്ടെടുത്തു." ഞാൻ പറഞ്ഞു, "പപ്പാ, നിങ്ങൾ അത് വിശ്വസിക്കുന്നുണ്ടോ?"

അദ്ദേഹം പറഞ്ഞു, "ഞാൻ അത് വിശ്വസിക്കുന്നു."

129 ഞാൻ പറഞ്ഞു, "ക്രിസ്തു നിങ്ങളെപ്പോലെയുള്ള മോശമായ മനുഷ്യനു വേണ്ടി മരിച്ചു. ഇപ്പോൾ, അതു ചെയ്യുന്നതിനു ഒരു

വഴിയേയുള്ളൂ. അവിടെ നിങ്ങൾക്ക് യാതൊന്നും ചെയ്യാനില്ല. അവൻ അത് നിങ്ങൾക്ക് വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾക്ക് ഇതിനു അർഹതയില്ല. അത് നേടാനായി നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. അവൻ അത് നിങ്ങൾക്ക് നൽകുന്നു. നിങ്ങളെ നരകത്തിൽ നിന്ന് അകറ്റാൻ, അവൻ നിങ്ങൾക്കായി ചെയ്തത് നിങ്ങൾ സ്വീകരിക്കുമോ?"

130 അദ്ദേഹം പറഞ്ഞു, "ഞാൻ അത് സ്വീകരിക്കും." അദ്ദേഹം പറഞ്ഞു, "പക്ഷെ എനിക്ക് ഈ സിഗരറ്റുകൾ ഒഴിവാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ."

131 ഞാൻ പറഞ്ഞു, "സിഗരറ്റ് അത് അതിന്റെ കാര്യം നോക്കിക്കൊള്ളും. നിങ്ങൾ...ഞാൻ നിങ്ങളോട് അത് ചോദിക്കുന്നില്ല. ഞാൻ ഒരു നിയമജ്ഞനല്ല. ഞാൻ കൃപയിൽ വിശ്വസിക്കുന്നു. 'പിതാവു എനിക്കു തന്നതൊക്കെയും എന്റെ അടുക്കൽ വരും.'" ഞാൻ ചോദിച്ചു, "നിങ്ങൾ അത് പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നെങ്കിൽ!"

അദ്ദേഹം പറഞ്ഞു, "എന്റെ പൂർണ്ണഹൃദയത്തോടെ, ഞാൻ അതു വിശ്വസിക്കുന്നു."

132 "നിങ്ങൾ അതിന് യോഗ്യനല്ല, പക്ഷേ അതിന് യോഗ്യൻ അവൻ മാത്രമാണ്, അപ്പോൾ നിങ്ങൾ ആ അടിസ്ഥാനത്തിൽ അത് സ്വീകരിക്കും. നിങ്ങൾ നിങ്ങളെ സ്വയം നോക്കരുത്; അവനിലേക്ക് നോക്കു, കാരണം നിങ്ങൾക്ക് സ്വയമായി ഒന്നും ചെയ്യാൻ കഴിയില്ല. നിങ്ങൾക്കായി എന്തെങ്കിലും ചെയ്തവനെ നോക്കു. അവനെ സംബന്ധിച്ച് എന്താണ്?"

"ഓ," അദ്ദേഹം പറഞ്ഞു, "അവൻ യോഗ്യനാണ്."

ഞാൻ പറഞ്ഞു, "അതാണ് അത്, പിന്നെ അവൻ നിങ്ങൾക്ക് നൽകുന്നത് സ്വീകരിക്കു."

അദ്ദേഹം പറഞ്ഞു, "ഞാൻ സ്വീകരിക്കുന്നു."

133 യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞാൻ അദ്ദേഹത്തെ സ്നാനമേല്പിച്ചു. പിന്നെ അദ്ദേഹം അവിടെ നിന്നു പോയിട്ട് ഒരു സിഗരറ്റ് കത്തിച്ചു.

134 കുറച്ച് ആഴ്ചകൾക്ക് മുമ്പ് ഞാൻ അദ്ദേഹത്തിന്റെ കുടുംബ വീട്ടിലേക്ക് പോയി. ഒരു രാത്രിയിൽ, ഒരു നിത്യഹരിത മരം വെട്ടിയിട്ട് അത് തലകീഴായി നിലത്തു കിടന്ന ഒരു ദർശനം, ഞാൻ കണ്ടു. അതിൽ ആണി കൊണ്ട് പലകകൾ അടിച്ചു പതിച്ചിരിക്കുന്നതും ഞാൻ കണ്ടു. അവസാന ബോർഡിന്റെ തൊട്ടടുത്ത് ഒരു ശ്രദ്ധേയമായ ബോർഡുണ്ടായിരുന്നു. ആ ബോർഡിന് കീഴ്വശത്ത്, അതിന്റെ ഏറ്റവും

അവസാന ഭാഗത്ത്, *ഇതുപോലെ* പുറത്തേക്ക് പോകുന്ന വശത്ത്, മരം അവിടെ വെച്ചു മുറിഞ്ഞു പോയിരുന്നു. അപ്പോൾ ഒരു ശബ്ദം പറഞ്ഞു, "ഇത് നീ ആയിരിക്കണം ആയിരുന്നു" അല്ലെങ്കിൽ "ഇത് നീ ആയിരുന്നെങ്കിലോ." പപ്പാ കോക്സ് വീണിട്ട്, *ഇവിടെ* തന്റെ മുതുകിൽ നന്നേ ചതവുണ്ടായിരുന്നു. പിറ്റേന്ന് രാവിലെ അദ്ദേഹം കട്ടിലിൽ കിടക്കുമ്പോൾ അദ്ദേഹത്തിന്റെ സിഗരറ്റ് അവർ അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു, ആഗ്രഹം അദ്ദേഹത്തെ വിട്ടുപോയിരുന്നു. ആഴ്ചകൾക്ക് മുമ്പാണ്! അദ്ദേഹം ഒന്നു പോലും ആസ്വദിച്ചില്ല, ഒന്നോ മറ്റോന്നോ ആഗ്രഹിക്കുന്നുമില്ല. കണ്ടോ? കുറച്ച് ആഴ്ചകൾക്ക് മുമ്പ് തന്നെ, സിഗരറ്റുമായി, അദ്ദേഹത്തിന്റെ കൈക്ക് ചുറ്റും തവിട്ട് നിറത്തോടു കൂടി, ഞാൻ അദ്ദേഹത്തെ കണ്ടിരുന്നു, ഇപ്പോൾ അങ്ങനെയുള്ള ഒരാളുടെ അടുത്തു അദ്ദേഹത്തിനു നിൽക്കാൻ പോലും കഴിയില്ല. ആദ്യത്തെ കാര്യങ്ങൾ ആദ്യം ഇടുക! നല്ലത് നേടാൻ ശ്രമിക്കരുത്; ആരംഭം മുതലേ, നിങ്ങൾ മോശമാണ്, നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഒരു വേർതിരിക്കൽ രേഖയുണ്ട്, എല്ലാ മനുഷ്യരും ആ ഭാഗത്താണ്.

135 ഇപ്പോൾ, ഞാൻ ഈ ലോകത്തിൽ ജനിച്ചപ്പോൾ, എന്റെ അപ്പനും അമ്മയ്ക്കും ഇടയിലെ, അത് ഒരു വിശുദ്ധ വിവാഹത്താൽ ആയിരുന്നു; അവളുടെ ഗർഭ പാത്രത്തിൽ ഒരു മുട്ട ഉണ്ടായിരുന്നു, എന്റെ പിതാവിന്റെ ഗ്രന്ഥികളിൽ ഒരു രക്ത കോശവും ഉണ്ടായിരുന്നു. എന്റെ ജീവിതം എന്റെ പിതാവിന്റെ രക്താണുക്കളുടെ ആ രക്ത കോശത്താൽ (എന്റെ അമ്മയുടെ മുട്ടയാലല്ല) ഉൾക്കൊണ്ടിരിക്കുന്നു. മുട്ടയെ സന്ദർശിക്കാൻ ആ രക്താണു ശരിയായ സ്ഥലത്തേക്ക് പോയപ്പോൾ, അത് അങ്ങനെ ചെയ്യുമ്പോൾ, എനിക്ക് ഒരു ശരീരം തരാൻ പ്രകൃതി ദൈവത്തോട് കല്പിച്ചു. പിന്നെ അത് അപ്പോൾ ആയിരുന്നിട്ട്, ഞാൻ മനുഷ്യ കുലത്തിൽ ജനിച്ചു, മനുഷ്യർ ആയിരിക്കുന്നതു പോലെ ഒരു വ്യക്തിയായി—ബുദ്ധിമാനായി തീരാൻ എനിക്ക് ഒരു അവസരം ലഭിച്ചു, എനിക്ക് ഒരു വാഹനം ഓടിക്കാനും, അല്ലെങ്കിൽ മനുഷ്യർ ചെയ്യുന്നതുപോലെ എനിക്ക് ചെയ്യാൻ കഴിയുന്നു, നടക്കുന്നു, സംസാരിക്കുന്നു, ഒരു വാഹനം ഓടിക്കാനും മറ്റും കഴിയുന്നു. ഞാൻ മനുഷ്യ കുടുംബത്തിൽ ജനിച്ചതു കൊണ്ടാണ്, എനിക്ക് അത് ലഭിച്ചത്, ഒരു മനുഷ്യനാകാൻ ബുദ്ധിയാലുള്ള ശക്തി നൽകപ്പെട്ടു.

136 ഇപ്പോൾ, ഞാൻ ദൈവത്തിന്റെ കുടുംബത്തിൽ ജനിച്ചപ്പോൾ, ഞാൻ രക്തത്താൽ വന്നിട്ട്, രക്തം എനിക്ക് ജീവൻ നൽകുന്നു. അതു കഴിഞ്ഞ് ഞാൻ ക്രിസ്തുവിൽ ജീവിച്ചപ്പോൾ, ഒരു ദൈവപുത്രനാകാൻ, പരിശുദ്ധാത്മാവിനാലും ശക്തിയാലും അവൻ എന്നെ സ്നാനപ്പെടുത്തി.

ഇപ്പോൾ, എനിക്ക് നടക്കാൻ കഴിയുന്നതു പോലെ, ഒരു മനുഷ്യനെപ്പോലെ സംസാരിക്കുന്നു, മനുഷ്യനെപ്പോലെ എന്റെ കാർ ഓടിക്കുന്നു. ഇപ്പോൾ ഞാൻ പരിശുദ്ധാത്മാവ് സ്വീകരിക്കുമ്പോൾ, പിശാചുക്കളെ പുറത്താക്കാനുള്ള ശക്തി എനിക്ക് ലഭിക്കുന്നു, പുതിയ ഭാഷകളിൽ സംസാരിക്കാനും, സുവിശേഷം പ്രസംഗിക്കാനും, രോഗികളെ സുഖപ്പെടുത്താനും കഴിയുന്നു. ഞാൻ സ്നാനമേറ്റു! ജനിച്ചിട്ടില്ല; എന്നാൽ സ്നാനമേറ്റു!

> അവർ മാളിക മുറിയിൽ ഒത്തുകൂടി,
> സകലരും അവന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു,
> അവർ പരിശുദ്ധാത്മാവിനാൽ സ്നാനമേറ്റു,
> ശുശ്രൂഷക്കുള്ള ശക്തിയും വന്നു.

137 ആമേൻ. നിങ്ങൾ നിത്യ ജീവനിൽ വിശ്വസിക്കുകയും, വിശ്വാസത്താൽ നിങ്ങൾ വീണ്ടും ജനിക്കുകയും ചെയ്യുന്നു. വിശുദ്ധ യോഹന്നാൻ 5:24-ൽ, യേശു പറഞ്ഞു, "എന്റെ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന്, നിത്യ ജീവൻ ഉണ്ട്," പരിശുദ്ധാത്മാവല്ല, നിത്യ ജീവൻ മാത്രം. അവൻ ദൈവത്തിന്റെ കുടുംബത്തിലേക്ക് ജനിച്ചിരിക്കുന്നു. പിന്നെ വിശ്വാസത്തിന്റെ ബുദ്ധിയുടെ ശക്തിയോടെ, പരിശുദ്ധാത്മാവിലേക്ക് സ്നാനമേല്ക്കുന്നു, സുവിശേഷം വിശ്വസിക്കാനും അത് പ്രവർത്തിക്കാനും അതു ശരിയായി പ്രവർത്തിക്കാനും കഴിയുന്നു. ആമേൻ. പിന്നെ അവൻ ഒരു ദൈവപുത്രനെപ്പോലെ പ്രവർത്തിക്കുന്നു. അപ്പോൾ അവനു പിശാചുക്കളെ പുറത്താക്കാൻ കഴിയുന്നു. യേശു പറഞ്ഞു, "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും!" കണ്ടോ? "എന്റെ നാമത്തിൽ അവർ പിശാചുക്കളെ പുറത്താക്കും, പുതു ഭാഷകളിൽ സംസാരിക്കും, സർപ്പങ്ങളെ പിടിച്ചെടുക്കും, മരണകരമായ ഏതൊന്നും കുടിച്ചാലും ഹാനി വരികയില്ല." നോക്കൂ, ഈ കാര്യങ്ങൾ ചെയ്യുന്നതിനു, അവന് പരിശുദ്ധാത്മാവിനാൽ ശക്തി ലഭിക്കുന്നു.

138 ഇപ്പോൾ, അവൻ പോയപ്പോൾ, അവൻ പറഞ്ഞു, "ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. എന്തെന്നാൽ, ഞാൻ പോകാഞ്ഞാൽ, പരിശുദ്ധാത്മാവ് വരികയില്ല." കണ്ടോ? അവൻ വന്നു, അവൻ ലോകത്തിനു പാപത്തെക്കുറിച്ച് ബോധം വരുത്തും, നീതിയെക്കുറിച്ച് ബോധം വരുത്തുകയും, വരാനിരിക്കുന്ന കാര്യങ്ങളെ കാണിച്ചു തരികയും ചെയ്യും (അതാണ് ദർശനങ്ങൾ). "ഞാൻ നിങ്ങളോട് ഉപദേശിച്ച കാര്യങ്ങളെ അവൻ എടുത്ത്, അവയെ നിങ്ങൾക്ക് വെളിപ്പെടുത്തും." അവൻ വന്നപ്പോൾ പറഞ്ഞ വാക്കുകൾ തന്നെ...പരിശുദ്ധാത്മവിന്റെ സ്നാനത്തിന് പുറത്തുള്ള ആർക്കും

മനസ്സിലാക്കാൻ കഴിയില്ല. തനിക്ക് പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിച്ചെന്ന് ഒരു മനുഷ്യൻ പറയുകയും, വചനം ശരിയായിരുന്നിട്ടും തർക്കിക്കുന്നു എങ്കിൽ, അവിടെ എന്തോ കുഴപ്പമുണ്ട്.

139 പൌലൊസ് പുതിയ നിയമത്തിന്റെ ഒരു വിമർശകനായിരുന്നു. അതുണ്ടായിരുന്നില്ല, പുതിയ നിയമം എഴുതിയിരുന്നില്ല. ശൌൽ, പൗലൊസ് ക്രിസ്തു മതത്തിന്റെ വിമർശകനായിരുന്നു. അവനു പരിശുദ്ധാത്മാവ് ലഭിച്ചപ്പോൾ, അവൻ ഏഷ്യയിലേക്ക് പോയി മൂന്നു വർഷം തിരുവെഴുത്തുകൾ പഠിച്ചു, കാരണം മഹാൻ അദ്ധ്യാപകനായ, ഗമാലിയേലിന്റെ കീഴിൽ അവൻ പഠിച്ചിരുന്നു. പതിനാലു വർഷത്തിനു ശേഷം, അവൻ മടങ്ങി വന്നിട്ട്, അവൻ യെരുശലേമിലേക്ക് പത്രൊസിനെ കാണാൻ പോയി, അവ വചനം വചനമായി ഒരേ സുവിശേഷമാണെന്ന് കണ്ടു. പെന്തെക്കോസ്ത് നാളിൽ പത്രൊസ് പ്രസംഗിച്ച അതേ ദൈവത്തെ മാനസാന്തരപ്പെട്ട് യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കാൻ അവരോട് പറഞ്ഞതു തന്നെ, അതു തന്നെ പരിശുദ്ധാത്മാവ് പൗലൊസിനും വെളിപ്പെടുത്തിയിരുന്നു, യോഹന്നാനാൽ ഒരു പ്രാവശ്യം സ്നാനമേറ്റിരുന്നവരോട് പ്രവൃത്തികൾ 19-ൽ അവൻ അവരോട് ചോദിച്ചു, പറഞ്ഞു "യേശു ക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾ വീണ്ടും സ്നാനമേല്ക്കണം." കണ്ടോ?

140 നോക്കു, പരിശുദ്ധാത്മാവ് തിരുവെഴുത്തുകളുമായി ശരിയായി നിൽക്കുന്നു. അതിലുള്ള അതിന്റെ വിശ്വാസം എല്ലാ രഹസ്യങ്ങളെയും തുറക്കുന്നു. ആമേൻ. ബൈബിൾ പറയുന്നു, ഒന്ന് യോഹന്നാൻ 5:7-ൽ, "സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്ന, മൂവരുണ്ട്: പിതാവ്, വചനം (അത് ക്രിസ്തുവാണ്), പരിശുദ്ധാത്മാവ്. ഇവ മൂന്നും ഒന്നാണ്." "ഭൂമിയിൽ സാക്ഷ്യം പറയുന്ന മൂന്നുണ്ട്: വെള്ളം, രക്തം, ആത്മാവ്. ഇവ മൂന്നും ഒന്നല്ല, ഒന്നിൽ യോജിക്കുന്നു." ഇപ്പോൾ, പുത്രനെ കൂടാതെ നിങ്ങൾക്ക് പിതാവിനെ നേടാൻ കഴിയില്ല, പരിശുദ്ധാത്മാവിനെ കൂടാതെ നിങ്ങൾക്ക് പുത്രനെ നേടാൻ കഴിയില്ല; അവ ഒന്നാണ്. എന്നാൽ വിശുദ്ധീകരണം കൂടാതെ നിങ്ങൾക്ക് നീതീകരണം പ്രാപിക്കാം, പരിശുദ്ധാത്മാവിനെ കൂടാതെ നിങ്ങൾക്ക് വിശുദ്ധീകരണം പ്രാപിക്കാം. വിശുദ്ധീകരണം രക്തത്തിലൂടെ വരുന്നു, രക്തത്തിലൂടെ ജീവൻ വരുന്നു. കണ്ടോ? പരിശുദ്ധാത്മാവ് ദൈവത്തിന്റെ ശക്തിയാണ്, നോക്കു, സഭയ്ക്ക് നൽകിയിരിക്കുന്ന ശക്തി.

141 "നിങ്ങൾക്ക് എന്ത് ലഭിക്കും" (എന്ത്?) "ശക്തി," പ്രവൃത്തികൾ 1:8, "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ. നിങ്ങൾ ശക്തി ലഭിച്ചിട്ട്!" ("നിങ്ങൾ വീണ്ടും ജനിക്കും" എന്നല്ല.) "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കുന്നു.

അപ്പോൾ നിങ്ങൾ യെരുശലേമിലും, യെഹൂദ്യയിലും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും." കണ്ടോ? നിങ്ങൾ പരിശുദ്ധാത്മാവ് ലഭിക്കുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കുന്നു. എന്നാൽ ആദ്യം നിങ്ങൾ പരിശുദ്ധാത്മാവ് സ്വീകരിക്കണം, നോക്കൂ, അതാണ് പ്രത്യക്ഷമാക്കാനും പ്രകടിപ്പിക്കാനും ഉള്ള, ദൈവത്തിന്റെ ശക്തി. നിങ്ങൾ—നിങ്ങൾ...നിങ്ങൾ ഒരു മനുഷ്യനായിരുന്നു, ഒരു മനുഷ്യൻ ചെയ്യുന്ന കാര്യങ്ങളായ സംസാരിക്കാനും നടക്കാനും മറ്റും പഠിച്ചു; നിങ്ങൾ പരിശുദ്ധാത്മാവിനാൽ സ്നാനമേല്ക്കുമ്പോൾ, നിങ്ങൾക്ക് ദൈവപുത്രന്മാരും പുത്രിമാരും ആയി പ്രവർത്തിക്കാൻ ശക്തി ലഭിക്കുന്നു. ജനങ്ങൾ ഇന്ന് അവർ പ്രവർത്തിക്കുന്നതിലും ചെയ്യുന്നതിലും അതിശയിക്കാനില്ല, അവർ പരിശുദ്ധാത്മാവിൽ നിറഞ്ഞിട്ടില്ല. അവർ നിറഞ്ഞിരുന്നാൽ, അവർ വ്യത്യസ്തമായി പ്രവർത്തിക്കും. തങ്ങൾക്ക് ഉണ്ടെന്ന് അവർ അവകാശപ്പെടുന്നു, എന്നാൽ യേശു പറഞ്ഞു, "അവരുടെ ഫലങ്ങളാൽ നിങ്ങൾക്ക് അവരെ തിരിച്ചറിയാം." അതിനാൽ നിങ്ങൾക്കെങ്ങനെ അത് ചെയ്യാൻ കഴിയും, നിങ്ങൾ നോക്കൂ, എല്ലാം ഒരുപോലെ ചെയ്യുന്നതായി കാണപ്പെടുന്നു. കണ്ടോ? എന്നാൽ വസ്തുതകളിലേക്ക് മടങ്ങി വരൂ!

142 ഇപ്പോൾ, നിങ്ങൾ നേരായി നടക്കുകയും സ്വയം ഒരു ക്രിസ്ത്യാനിയാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നെങ്കിൽ, ഇന്ന് രാത്രിയിൽ ഞങ്ങൾ നിങ്ങളെ കർത്താവിന്റെ മേശയിലേക്ക് ക്ഷണിക്കുന്നു. ഇന്ന്, സംശയമില്ല, തിരുവത്താഴം രാജ്യത്തുടനീളം എടുത്തിട്ടുണ്ട്, അവയിൽ ചിലത് ഒരു തരത്തിലും ചിലത് മറ്റൊരു വിധത്തിലും ആകുന്നു. പക്ഷെ അതിനുള്ള ഏറ്റവും നല്ല മാർഗം തിരുവെഴുത്തുകൾ പിന്തുടരുക എന്നതാണെന്നു ഞാൻ വിചാരിക്കുന്നു, അവർ അത് തിരുവെഴുത്തുകളിൽ ചെയ്തിരുന്നതുപോലെ. അത് മതിയാകുമെന്ന് ഞാൻ കരുതുന്നു.

143 നെവിൽ സഹോദരാ, നിങ്ങളുടെ ബൈബിൾ ഉണ്ടോ? നെവിൽ സഹോദരൻ ഇപ്പോൾ തിരുവെഴുത്തുകൾ വായിക്കും. [നെവിൽ സഹോദരൻ പറയുന്നു, "ഒന്ന് കൊരിന്ത്യർ 11-ാം അദ്ധ്യായം, 23-ാം വാക്യത്തിൽ തുടങ്ങി," ഇനിപ്പറയുന്ന തിരുവെഴുത്തുകൾ വായിക്കുന്നു—Ed.]

> [*ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കുകയും നിങ്ങൾക്ക് ഏല്പിക്കുകയും ചെയ്തത് എന്തെന്നാൽ, കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു:*]

*[സ്തോത്രം ചോല്ലി നുറുക്കി, ഇത് നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ എന്നു പറഞ്ഞു.]*

*[അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം പാനപാത്രവും എടുത്തു, ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം ആകുന്നു: ഇത് കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്യുവിൻ എന്നു പറഞ്ഞു.]*

*[അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും, കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു.]*

*[അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ, കർത്താവിന്റെ പാനപാത്രം കുടിക്കുകയോ, ചെയ്യുന്നവൻ എല്ലാം, കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച കുറ്റക്കാരൻ ആകും.]*

*[മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം, ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നുകയും, കുടിക്കുകയും ചെയ്യാൻ.]*

*[തിന്നുകയും കുടിക്കയും ചെയ്യുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു ശിക്ഷാവിധി തിന്നുകയും കുടിക്കയും ചെയ്യുന്നു.]*

*[ഇതു ഹേതുവായി നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു, അനേകരും നിദ്രകൊള്ളുകയും ചെയ്യുന്നു.]*

*[നാം നമ്മെത്തന്നേ വിധിച്ചാൽ, വിധിക്കപ്പെട്ടുകയില്ല.]*

*[വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടു കൂടെ ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കേണ്ടതിന്നു, കർത്താവ് നമ്മെ ബാലശിക്ഷ കഴിക്കയാകുന്നു.]*

[നെവിൽ സഹോദരൻ പറയുന്നു, "കർത്താവ് തന്റെ വായിക്കപ്പെട്ട വചനത്തെ അനുഗ്രഹിക്കട്ടെ."]

144 ഇത് എല്ലായ്പ്പോഴും അതൊരു വിശുദ്ധ കാര്യമായി, അത്തരമൊരു പവിത്രമായ കാര്യമായി, നിശബ്ദ പ്രാർത്ഥനയിൽ നാം ഇപ്പോൾ തല കുനിക്കണം എന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ എനിക്കായി പ്രാർത്ഥിക്കു, ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കും. അയോഗ്യരായ സൃഷ്ടികളായ നമ്മോട്, ദൈവം കരുണ കാണിക്കാൻ നമുക്ക്

പരസ്പരം പ്രാർത്ഥിക്കാം അതിനാൽ നമ്മുടെ കർത്താവിന്റെ മരണത്തെ ഓർമ്മിച്ചുകൊണ്ട് ഈ മഹത്തായ ദിവ്യ കർമ്മത്തിൽ പങ്കാളിയാകാൻ പോകുന്നു.

145 [ബ്രദർ ബ്രൺഹാം നിശബ്ദമായ പ്രാർത്ഥനയ്ക്കായി നിർത്തിയിരിക്കുന്നു. ടേപ്പിൽ ശൂന്യമായ സ്ഥലം—Ed.] ഞങ്ങളുടെ പിതാവെ, ഏറ്റുപറച്ചിലിന്റെ ഈ പ്രാർത്ഥന, നിന്റെ സ്വർണ്ണ ബലിപീഠത്തിൽ, ഞങ്ങളുടെ യാഗമായ, കർത്താവായ യേശുവിലൂടെ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങൾ ഇത് അവന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

146 ഇപ്പോൾ മൂപ്പന്മാർ അവരുടെ സ്ഥാനത്തേക്ക് വരുമെന്ന് ഞാൻ വിചാരിക്കുന്നു, അവർ...സഭയുടെ, തിരുവത്താഴത്തിനായി, ജനങ്ങൾ മുന്നോട്ട് വരുമ്പോൾ, അവരെ വരി വരിയായി അവർ കൊണ്ടുവരും. എപ്പോഴും ആ ഗാനത്തെക്കുറിച്ച് ചിന്തിക്കും:

> പ്രിയ മരിക്കുന്ന കുഞ്ഞാടേ, അവിടുത്തെ വിലയേറിയ രക്തം
> അതിന്റെ ശക്തി ഒരിക്കലും നഷ്ടപ്പെടില്ല,
> വീണ്ടെടുക്കപ്പെട്ട ദൈവത്തിന്റെ സകലരും
> ഇനിമേൽ പാപം ചെയ്യാതിരുന്നിട്ട്, രക്ഷിക്കപ്പെട്ടുവോളം.

നമുക്ക് നമ്മുടെ തലകളെ കുമ്പിടാം.

147 കൃപാലുവും പരിശുദ്ധനുമായ പിതാവെ, യഹോവെ, മഹാൻ സർവശക്തനെ, അങ്ങയുടെ ജനങ്ങളായി ഞങ്ങൾ കാത്തിരിക്കുമ്പോൾ അങ്ങയുടെ അനുഗ്രഹങ്ങളെ അയച്ചാലും. ഞങ്ങളുടെ പാപങ്ങൾ ക്ഷമിച്ചാലും. ഇപ്പോൾ ഞങ്ങൾ ഈ ദിവ്യ കർമ്മത്തിനു അങ്ങേക്ക്, ഈ വീഞ്ഞിനെ, വളർത്തിയ മുന്തിരിയെ, ദൈവ ദാസന്മാരുടെ കൈകളാൽ ഇത് പിഴിഞ്ഞെടുത്തിരിക്കുന്നു. ഇത് വീഞ്ഞായി മാറിയിരിക്കുന്ന കാരണത്താൽ ഞങ്ങൾ ഇപ്പോൾ ഇത് നിന്റെ അടുക്കൽ കൊണ്ടുവന്നിരിക്കുന്നു, അത് ഞങ്ങളുടെ കർത്താവായ യേശു ക്രിസ്തുവിന്റെ രക്തത്തെ പ്രതിനിധീകരിക്കുന്നതിനാകുന്നു. പിതാവേ, ഈ ആവശ്യത്തിനായി ഈ വീഞ്ഞിനെ ശുദ്ധീകരിക്കാൻ, ഞാൻ അങ്ങയോട് പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ സകല പാപങ്ങളെയും ക്ഷമിച്ചാലും. ഈ വീഞ്ഞ് ശരീരത്തിലേക്ക് എടുക്കുന്ന ഓരോരുത്തർക്കും, നിന്നിൽ നിന്നും അവർക്ക് ആരോഗ്യവും, ശക്തിയും, രക്ഷയും ലഭിക്കാൻ ഇടയാകട്ടെ. കർത്താവേ, ഇത് അനുവദിക്കണമേ. ഞങ്ങൾ ഇത് യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

148 അവൻ അപ്പം നുറുക്കി അതിനെ വാഴ്ത്തി എന്നു ബൈബിൾ പറയുന്നു, പറഞ്ഞു, "ഇതു വാങ്ങി ഭക്ഷിപ്പിൻ, ഇത് നിങ്ങൾക്കായി നുറക്കപ്പെട്ട എന്റെ ശരീരം. എന്റെ ഓർമ്മക്കായി ഇതു ചെയ്യുവിൻ." അത് ക്രിസ്ത്യാനികളാൽ ഉണ്ടാക്കിയ, പുളിപ്പില്ലാത്ത കോഷറിന്റെ, ഈ ചെറിയ അംശങ്ങൾ, ഞങ്ങൾ എടുക്കുമ്പോൾ, ക്രിസ്തുവിന്റെ ശരീരത്തെ പ്രതിനിധീകരിക്കുന്നതിനായി ഇത്—ഇത് ഉണ്ടാക്കിയിരിക്കുന്നു. അത്—അത് ക്രിസ്തുവിന്റെ ദിവസത്ത്, അഥവാ സഭയുടെ ആ ദിവസത്തിൽ ശിഷ്യന്മാർ ആയിരുന്നു അത് ചെയ്തിരുന്നത് എന്നു ഞങ്ങൾ മനസ്സിലാക്കുന്നു, ക്രിസ്തുവിന്റെ അവസാന അത്താഴത്തിൽ, ഈ അംശങ്ങൾ എടുത്ത് അവസാന അത്താഴത്തിനായി അത്താഴം തയ്യാറാക്കി. ബൈബിളിലൂടെ, ഇവയെ ജനങ്ങൾക്കായി ശുശ്രൂഷ ചെയ്തു പോന്നിരുന്നത് ശിഷ്യന്മാരാണ്. ഇന്ന്, നമ്മുടെ നൂതന-ദിവസത്തെ ശിഷ്യന്മാർ, സഭയിലെ നമ്മുടെ സഹോദരന്മാർ, ഈ കാരണത്താൽ ശിഷ്യന്മാരായി, ജനങ്ങളെ ശുശ്രൂഷിക്കുന്നു. അവർ ഈ അംശങ്ങളെ എടുത്ത് അവയെ ജനങ്ങൾക്ക് നൽകും.

149 ഇപ്പോൾ നിങ്ങൾക്ക് ഈ അപ്പം ലഭിക്കുമ്പോൾ, ഓർക്കു, അത് കുഞ്ഞാടിനെ പ്രതിനിധീകരിക്കുന്നു. വളരെ വർഷങ്ങൾക്കു മുമ്പ് യിസ്രായേലിന്റെ ആട്ടിൻകുട്ടിയെ തീയിൽ ചുട്ട്, കയ്പുള്ള ഔഷധ സസ്യങ്ങളുമായി എടുത്തിരുന്നപ്പോൾ, ജനങ്ങൾക്ക് ആരോഗ്യം ഉണ്ടായിരുന്നു; അവരുടെ ചെരുപ്പ് തേഞ്ഞിരുന്നില്ല, അവരുടെ വസ്ത്രങ്ങൾ ഒരിക്കലും ഉടുത്തു പഴകിയിരുന്നില്ല, അവർ അവരുടെ വാഗ്ദത്ത ഭൂമിയിൽ എത്തുന്നതുവരെ യാത്രയിലുടനീളം ആയിരുന്നു. ദൈവം നമുക്കു നൽകിയ വാഗ്ദത്ത ദേശത്ത് എത്തുന്നതുവരെ, അവൻ നമ്മെ ആരോഗ്യമുള്ളവരും സന്തുഷ്ടരുമായി കാക്കട്ടെ.

നമുക്ക് പ്രാർത്ഥിക്കാം.

150 കൃപാലുവായ സ്വർഗ്ഗീയ പിതാവേ, ഞങ്ങളുടെ കർത്താവിന്റെ വിശുദ്ധീകരിക്കപ്പെട്ട, വിശുദ്ധ ശരീരത്തെക്കുറിച്ച് ഞാൻ ഇന്ന് രാത്രി സംസാരിക്കുമ്പോൾ, ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹ രൂപമായി വസിച്ചിരുന്നവൻ, ആ ശരീരം സൃഷ്ടിക്കപ്പെടുകയും—തകർക്കപ്പെടുകയും ചെയ്തെന്ന് ഞാൻ ചിന്തിക്കുമ്പോൾ, പുറകിലും വാരിയെല്ലുകളിലൂടെയും തിളങ്ങിയിട്ട്, രക്തം പുറത്തേക്ക് ഒഴുകുന്നു, അവന്റെ പിൻവശത്ത് മുകളിലേക്കും താഴേക്കും ചാട്ടവാറടിയേറ്റ്, ചുളുങ്ങിയതും അടിച്ചതുമായ, ഈ അപ്പത്തെക്കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ, അത് ഞങ്ങളുടെ ഹൃദയത്തിൽ പുതുതായി വരുന്നു, കർത്താവേ, ഞങ്ങൾ ഇന്നു രാത്രിയിൽ നിന്റെ ബലിപീഠത്തിൽ കിടക്കുന്നു. ദൈവമേ, ഞങ്ങളോട് ക്ഷമിക്കണമേ. ഈ നുറിക്കപ്പെട്ട

അപ്പം, ഇവ ഞങ്ങളുടെ വായിലേക്കു പോകുമ്പോൾ, അങ്ങയുടെ ദാസന്മാർ, അത് നിന്റെ മുറിവേറ്റതും ചതഞ്ഞതുമായ നിന്റെ വിലയേറിയ ശരീരമാണെന്ന് അവർ തിരിച്ചറിയട്ടെ, ആ അടിപ്പിണരിനാൽ ഞങ്ങൾ സുഖം പ്രാപിച്ചിരിക്കുന്നു. കർത്താവേ, ഇത് അനുവദിക്കണമേ. ഈ കോഷർ റൊട്ടി ഉദ്ദേശിച്ച ഉദ്ദേശ്യത്തിനായി വിശുദ്ധീകരിച്ചാലും. ഞങ്ങൾ യേശുവിന്റെ നാമത്തിൽ ചോദിക്കുന്നു. ആമേൻ.

ഒരു നിമിഷം പിടിക്കു.

151 ഇത് അടച്ച കൂട്ടായ്മയല്ല. ഓരോ ക്രിസ്തീയ വിശ്വാസിക്കും കർത്താവിന്റെ മേശയിലേക്ക് സ്വാഗതം, ഈ കൂട്ടായ്മയിൽ ഞങ്ങളോടൊപ്പം ആയിരിക്കാൻ...?...

***വാതിലിന്റെ താക്കോൽ*** MAL62-1007

(The Key To The Door)

ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചത്, 1962, ഒക്ടോബർ 7, ഞായറാഴ്ച വൈകിട്ട്, അമേരിക്കൻ ഐക്യനാട്ടിലെ, ജെഫേർസൺവില്ലെയിലുള്ള, ബ്രൺഹാം ടെബർണക്കിളിൽ വെച്ച്, കാന്ത ശക്തിയുള്ള ടേപ്പിൽ നിന്നും കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2021 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
044 28274560 • 044 28251791
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org